www.facebook.com/samakalikajanapadham/

# സമകാലിക ജനപഥം

ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

പുസ്തകം 6 ലക്കം 8
2022 മാർച്ച് 1 ₹ 12



## വികസനത്തിന്റെ കേരള മാതൃക

ജനജീവിതത്തിന്റെ സമസ്ത മേഖലകളെയും സ്പർശിക്കുന്ന
കിഫ്ബി പദ്ധതികൾ വികസിത കേരളം എന്ന സ്വപ്നത്തിലേക്ക്
സംസ്ഥാനത്തെ ക്രമാനുഗതമായി അടുപ്പിച്ചുകൊണ്ടിരിക്കുകയാണ്



കേരളം സുരക്ഷിതം കേരളം അഭിമാനം
നല്ല നാടിന്റെ നന്മകൾ കാണാൻ
സമകാലിക
ജനപഥം
KERALA CALLING
പ്രത്യേക
വരിസംഖ്യാ
ക്യാംപെയ്ൻ
സംസ്ഥാന സർക്കാരിന്റെ മുഖപത്രങ്ങളായ
സമകാലിക ജനപഥത്തിന്റെയും
കേരള കോളിങ്ങിന്റെയും വാർഷിക
വരിക്കാരാവാൻ ഇപ്പോൾ സുവർണാവസരം...
കേരളകോളിങ്ങിനും
ജനപഥത്തിനും
240 രൂപ
മണിയോർഡർ / ഡിമാൻഡ് ഡ്രാഫ്റ്റ്
ഡയറക്ടർ, ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പ്
റൂം നമ്പർ 101, അനക്സ്-1
ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-1
0471-2517036
iocirculation@gmail.com
www.etreasury.kerala.gov.in

ഇൻഫർമേഷൻ
പബ്ളിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

എഡിറ്റർ
**എസ്. ഹരികിഷോർ ഐ.എ.എസ്**
അഡീഷണൽ എഡിറ്റർ
**കെ. അബ്ദുൽ റഷീദ്**
ഡപ്യൂട്ടി എഡിറ്റർ
**വി. പി. അശ്വതി**
എഡിറ്റർ-ഇൻ-ചാർജ്
**കെ.എസ്. ഇന്ദുശേഖർ**
അസിസ്റ്റന്റ് എഡിറ്റർ
**മെർലിൻ ജെ.എൻ**
**സതികുമാർ റ്റി.എസ്.**
സർക്കുലേഷൻ ഓഫീസർ
**അഭിലാഷ് എ.സി.**
കവർ & ലേഔട്ട്
**ദീപക് മൗത്താട്ടിൽ**
ടൈപ്പ് സെറ്റിങ്
**വിനിത വി.എസ്.**

March 1, 2022, Volume 8, Issue 8
e-mail : prdmalayalam@gmail.com
Website : www.prd.kerala.gov.in

പ്രതികരണങ്ങൾ അയക്കേണ്ട വിലാസം

എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം-695001
prdmalayalam@gmail.com
0471-2518171

വാർഷിക വരിക്കാരാകാൻ
120 രൂപയുടെ മണി ഓർഡർ,
ഡയറക്ടർ,
ഇൻഫർമേഷൻ പബ്ളിക്
റിലേഷൻസ് വകുപ്പ്, എഡിറ്റോറിയൽ
വിഭാഗം, 1-ാം നില, സെക്രട്ടേറിയറ്റ്
അനക്സ്-1, തിരുവനന്തപുരം-1
എന്ന വിലാസത്തിൽ അയയ്ക്കുക.

0471-2517036

ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.

സമകാലിക
ജനപഥം

2022 മാർച്ച് 1
പുസ്തകം 8 ലക്കം 8




# വികസനത്തിലെ കേരളമാതൃക

രണ്ട് വർഷം പിന്നിട്ട കോവിഡ് മഹാമാരി മറ്റു പല മേഖലകളിലുമെന്നപോലെ നമ്മുടെ സാമ്പത്തികരംഗത്തും സാരമായ പ്രതിസന്ധിയാണ് ഉയർത്തിയത്. കോവിഡ് പടർച്ച വലിയ തോതിൽ തൊഴിൽ നഷ്ടവും വരുമാന നഷ്ടവും കേരളത്തിലും സൃഷ്ടിച്ചതായി പഠനങ്ങൾ പറയുന്നു. എന്നാൽ വെല്ലുവിളികൾ നിറഞ്ഞ ഈ കാലത്തും ഒരു ദിവസം പോലും ട്രഷറി അടച്ചിടേണ്ടിവന്നില്ല. വികസന, ക്ഷേമ പ്രവർത്തനങ്ങൾ തടസ്സമില്ലാതെ മുന്നോട്ടുകൊണ്ടുപോവുന്നതിനും ഗുണഫലങ്ങൾ എല്ലാ വിഭാഗം ജനങ്ങളിലേക്കും എത്തിക്കുന്നതിനും സംസ്ഥാന സർക്കാരിനു കഴിഞ്ഞു. ധനകാര്യമന്ത്രി ബജറ്റ് പ്രസംഗത്തിൽ ചൂണ്ടിക്കാട്ടിയപോലെ എല്ലാവരേയും ചേർത്തുപിടിക്കുന്ന സമീപനമാണ് നമ്മുടേത് എന്നു വ്യക്തമാക്കുകയായിരുന്നു സർക്കാർ. ഈ സമീപനമാണ് ഒന്നാം വാർഷികത്തിലേക്കു കടക്കുന്ന രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ നയപ്രഖ്യാപനത്തിലും 2022-23 ബജറ്റിലും ദീപ്തശോഭയോടെ തെളിയുന്നത്.


ജീവിതനിലവാരത്തിലും അടിസ്ഥാന സൗകര്യവികസനത്തിലും ഏറെ മുന്നേറുന്ന ഒരു ഭാവിയിലേക്കു ദീർഘദർശനം ചെയ്യുന്ന പദ്ധതികളാണ് സംസ്ഥാനം ആവിഷ്കരിക്കുന്നത്. വിഭവസമാഹരണത്തിൽ ഉൾപ്പെടെ നേരിടേണ്ടിവരുന്ന പ്രതിസന്ധികളെ മറികടന്നുകൊണ്ട് നാടിന്റെ വികസന സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിനാണ് ഒന്നാം പിണറായി വിജയൻ സർക്കാർ കിഫ്ബിയെ (കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്) ചുമതലപ്പെടുത്തിയത്. ഇന്ന് അത് മികവുറ്റ പൊതുവിദ്യാലയങ്ങൾ, ആശുപത്രികൾ, റോഡുകൾ, പാലങ്ങൾ, കുടിവെള്ളം, വ്യവസായ പാർക്കുകൾ എന്നിങ്ങനെ എല്ലാ മേഖലകളിലും ദൃശ്യമാവുന്ന പുരോഗതിക്ക് ചാലകശക്തിയായി മാറിക്കഴിഞ്ഞു. പൊതുവിദ്യാലയങ്ങളെ അന്തർദേശീയ നിലവാരത്തിലെത്തിക്കുന്നതിനു സഹായകമാണ് കിഫ്ബിയുടെ അഞ്ചുകോടി, മൂന്നുകോടി, ഒരു കോടി പദ്ധതികൾ. മലയോരപാത, തീരദേശപാതകൾ പോലുള്ള ബൃഹദ്പദ്ധതികൾ വേറെയും. കിഫ്ബിയും സംസ്ഥാന സർക്കാരിന്റെ ബദൽ വികസന സമീപനവുമാണ് ഈ ലക്കം പ്രധാനമായും ചർച്ച ചെയ്യുന്നത്.

**എസ്. ഹരികിഷോർ ഐ.എ.എസ്**
എഡിറ്റർ




ഫോട്ടോ: ബിൻസിമോൻ ജോസഫ്

## പ്രതികരണങ്ങൾ




പ്രതിസന്ധിയുടെ കാലത്തും സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന് അടിത്തറയൊരുക്കുന്ന അഭിമാന പദ്ധതികൾ ഫലപ്രദമായി ആവിഷ്കരിച്ചു നടപ്പാക്കുന്ന രണ്ടാം പിണറായി വിജയൻ സർക്കാരിനും അതു പൊതുജനങ്ങൾക്കായി അവതരിപ്പിച്ച ജനപഥത്തിനും അഭിനന്ദനങ്ങൾ. വികസന വിഹായസ്സിലെ കേരളം എന്ന കവർസ്റ്റോറി സർക്കാർ നടപ്പിലാക്കുന്ന അഭിമാന പദ്ധതികൾ സംബന്ധിച്ച സമഗ്രമായ വിവരങ്ങൾ നൽകുന്നതായിരുന്നു.

**രാകേഷ് ജി**

തിരുവനന്തപുരം


6 **സർവതല സ്പർശിയായ വികസന പരിപ്രേക്ഷ്യം**
പിണറായി വിജയൻ

8 **കേരളം വഴികാട്ടിയും പ്രചോദനവും**

14 **വികസനം കേരളത്തിന് ഒരു ബദലുണ്ട്**
കെ.എൻ. ബാലഗോപാൽ

19 **ബജറ്റ് 22 – 23**

24 **വിജ്ഞാനാധിഷ്ഠിത വികസനം**
പ്രൊഫ.കെ. എൻ. ഗംഗാധരൻ

28 **ജൻഡർ ബജറ്റ് ലിംഗസമത്വത്തിലേക്കൊരു ചുവടുകൂടി**
മിനി സുകുമാർ
സുസ്മിത വിനോദ്

30 **കിഫ്ബി അടിസ്ഥാന സൗകര്യ വികസനത്തിന്റെ ബദൽ മാതൃക**
ഡോ. കെ.എം. എബ്രഹാം

36 **എന്തുകൊണ്ട് കിഫ്ബി**
സന്തോഷ് ടി വർഗീസ്

40 **പ്രതിസന്ധിയിലെ കരുതലും കരുത്തും**
ഡോ. രഘുനാഥൻ എം

42 **ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് യാഥാർഥ്യമാവുമ്പോൾ**
എം.വി.ഗോവിന്ദൻ മാസ്റ്റർ

46 **ചരിത്രമുദ്രകൾ പതിഞ്ഞ സുന്ദരതീരം**
മനു റഹ്മാൻ

48 **യുഗപ്രഭാവൻ തീർത്ത മഹാപ്രപഞ്ചങ്ങൾ**
ജേക്കബ് ഏബ്രഹാം

# ഉള്ളടക്കം



# സർവതല സ്പർശിയായ വികസന പരിപ്രേക്ഷ്യം

**സർവതല സ്പർശിയായ വികസനം എന്ന സർക്കാരിന്റെ ലക്ഷ്യം പ്രതിസന്ധികളെ തരണം ചെയ്ത് നിറവേറ്റുക തന്നെ ചെയ്യും**

**പിണറായി വിജയൻ**
മുഖ്യമന്ത്രി

പ്രളയവും പ്രകൃതിദുരന്തങ്ങളും നിപയും കോവിഡും ഒമിക്രോണുമൊക്കെ സാമൂഹ്യജീവിതത്തിന്റെ ക്രമം പാടേ തെറ്റിച്ച ഒരു ഘട്ടത്തിലൂടെയാണു നാം കടന്നുപോവുന്നത്. എന്നാൽ പ്രതിസന്ധികളിൽ പകച്ചു നിൽക്കാതെ പരിമിതികൾ എങ്ങനെ മുറിച്ച് കടക്കാമെന്നുള്ള പ്രായോഗിക സമീപനം അടങ്ങുന്ന വികസനോന്മുഖ കാഴ്ചപ്പാടോടെ കേരളം മുന്നേറുകയാണ്.

കോവിഡ് കാരണം ലോകത്തിന്റെ പല ഭാഗങ്ങളിലും സാമ്പത്തിക വരുമാനത്തിൽ വലിയ ഇടിവുണ്ടായി. മനുഷ്യവിഭവത്തകർച്ച ഉണ്ടായി. സാമൂഹിക ജീവിതത്തിൽ വൻ പ്രതിസന്ധികൾ ഉണ്ടായി. എന്നാൽ, മഹാമാരിക്കൊപ്പം സംസ്ഥാനത്തെ മാത്രമായി ബാധിച്ച പ്രകൃതി ദുരന്തങ്ങൾ കൂടിയുണ്ടായിട്ടും കേരളം പിടിച്ചു നിന്നു. അപ്പോഴൊക്കെ ലോകം അതീവ വിസ്മയത്തോടെയാണ് കേരളത്തെ നോക്കിക്കണ്ടത്. വിദേശ നയതന്ത്രജ്ഞരുടെ അഭിപ്രായ പ്രകടനങ്ങൾ മുതൽ അന്താരാഷ്ട്ര പ്രസിദ്ധീകരണങ്ങളിലെ പംക്തികൾ വരെ ഇതിനു തെളിവായുണ്ട്.

പല ഘട്ടങ്ങളിലും കേരളത്തിന്റെ അതിജീവനം അത്ഭുതകരമായി ലോകം കണ്ടു. ഐക്യരാഷ്ട്രസഭാ സമിതിയുടെ കണക്കുകൾ പ്രകാരം 31,000 കോടി രൂപയുടെ നാശനഷ്ടമാണ് മഹാപ്രളയത്തിലുണ്ടായത്. കേരളത്തിന്റെ വാർഷിക പദ്ധതി അടങ്കലിനു സമമായ തുക. അതുകൊണ്ടുതന്നെ ഒരു വർഷത്തെ പദ്ധതിക്കാകെ അവധി കൊടുത്താൽ പോലും കരകയറാനാവുമോ എന്നു പലരും ആശങ്കപ്പെട്ടു. തൊട്ടുപിന്നാലെ വന്നു വെള്ളപ്പൊക്കം. അതിന്റേതായ നാശനഷ്ടങ്ങൾ. അതിനും പിന്നാലെ പകർച്ച വ്യാധികൾ, മഹാവ്യാധികൾ. തൊഴിൽ നഷ്ടങ്ങൾ, സാമ്പത്തിക നഷ്ടങ്ങൾ. എന്നാൽ, മഹാമാരിക്കാലത്ത് ധനകാര്യ യാഥാസ്ഥിതികത്വം മുഴച്ചു നിൽക്കുന്ന സമീപനമാണ് ദേശീയതലത്തിൽ സ്വീകരിക്കുന്നത് അതിസമ്പന്നരുടെ മേൽ നികുതി ചുമത്തുവാൻ തയ്യാറാകാതെ സാധാരണക്കാരന്റെ മേൽ അധിക നികുതി അടിച്ചേൽപ്പിക്കുന്ന സമീപനമാണ് അവലംബിക്കുന്നത്. സർച്ചാർജ്ജുകളുടെയും സെസ്സുകളുടെയും രൂപത്തിലാണ് ഇത് നടപ്പിലാക്കുന്നത്. അതുകൊണ്ട് സംസ്ഥാനങ്ങൾക്കുള്ള വിഹിതം ലഭ്യമാകുന്നതുമില്ല. മഹാമാരിക്ക് പുറമേ യുക്രൈയിനിലെ യുദ്ധവും നമ്മുടെ സാഹചര്യങ്ങളെ സങ്കീർണ്ണമാക്കുന്നു. കോവിഡ് മൂന്നാം തരംഗം ഒഴിഞ്ഞിട്ടുണ്ടെങ്കിലും അതിന്റെ സാമ്പത്തിക പ്രത്യാഘാതം ഹ്രസ്വകാലത്തിനപ്പുറം നിലനിൽക്കുമെന്ന കാര്യവും ഉറപ്പാണ്.



## കേരളത്തിന്റെ കുതിപ്പ്

നിരവധിയുണ്ട് പ്രതികൂല ഘടകങ്ങൾ. അവയൊക്കെ അതിജീവിച്ചാണു നാം ഇങ്ങനെ നിലനിൽക്കുന്നത്. പുതിയ കേരളം കെട്ടിപ്പടുക്കുന്നത്. ഈ പ്രതിസന്ധി ഘട്ടത്തിൽ തന്നെയാണ് 50,000 കോടി എന്ന ലക്ഷ്യത്തെ അതിലംഘിച്ച് ബജറ്റേതര വിഭവ സമാഹരണവും വികസനാർഥമുള്ള ധന വിനിയോഗവും അറുപത്തി രണ്ടായിരം കോടിയിലെത്തിച്ചത്. തകർന്നതൊക്കെ ഇനിയൊരിക്കലും ഒന്നിനും തകർക്കാനാകാത്ത തരത്തിൽ കാണെക്കാണെ കൺമുമ്പിൽ ഉയർന്നു വരുന്നതു ജനങ്ങൾ സംതൃപ്തിയോടെ കണ്ടു നിൽക്കുന്നത്.

ജനമനസ്സുകളിലെ ഈ സംതൃപ്തിയാണ് ചരിത്രത്തിലാദ്യമായി തുടർഭരണം സംസ്ഥാനത്തു സാധ്യമാക്കിയത്. പ്രതിസന്ധികളെ രാഷ്ട്രീയ ഇച്ഛാശക്തിയോടെ അതിജീവിച്ചതിനുള്ള അംഗീകാരമായിരുന്നു അത്. കേരളത്തെ കണ്ണിലെ കൃഷ്ണമണി പോലെ കാത്തു രക്ഷിച്ചതിനുള്ള അംഗീകാരം. നഷ്ടപ്പെട്ടതിനു മേൽ പുനർനിർമ്മാണം നടത്തി അതിനുമേൽ വികസനം സാധ്യമാക്കുന്ന ഇച്ഛാശക്തിക്കുള്ള അംഗീകാരം.

ദീർഘകാലയളവിലേക്കുള്ള ആസൂത്രണത്തിനും നിർവഹണത്തിനും ഉള്ള അവസരം കൈവരുന്നു എന്നതു തന്നെയാണ് തുടർഭരണത്തിൽ ഏറ്റവും പ്രധാനപ്പെട്ടത്. മുമ്പൊക്കെ ആസൂത്രണം നടക്കും. നിർവഹണ ഘട്ടമാവുമ്പോഴേക്ക് തെരഞ്ഞെടുപ്പു വരും. ഭരണം മാറും. ആസൂത്രണം ചെയ്തതൊക്കെ അവതാളത്തിലാകും.

അതിനു ജനങ്ങൾ അറുതി കുറിച്ചു. അത് വികസന കാര്യങ്ങളിലെ കൂറും പ്രതിബദ്ധതയും അനുഭവങ്ങൾ കൊണ്ട് ജനങ്ങൾക്ക് ബോദ്ധ്യപ്പെട്ടതുകൊണ്ടാണ്.

അവസരം കിട്ടി എന്നതുകൊണ്ടു മാത്രം കാര്യമായില്ല. കിട്ടിയ അവസരം എങ്ങനെ ജനോപകാര പ്രദമായും വികസനോന്മുഖമായും ഉപയോഗിക്കുന്നു എന്നതാണ് പ്രധാനം. അതുകൊണ്ടാണ് ഹ്രസ്വകാല പദ്ധതികൾ, ദീർഘകാല പദ്ധതികൾ, വികസന പരിപാടികൾ, ക്ഷേമ പദ്ധതികൾ എന്നിങ്ങനെ വേർതിരിച്ച്, പദ്ധതി നിർവഹണത്തിനു സമയം നിശ്ചയിച്ച് ജനങ്ങളെ വിശ്വാസത്തിലെടുത്തു ഈ സർക്കാർ മുന്നോട്ടു പോകുന്നത്.

## ഫലപ്രദമായ ഇടപെടലിന് സാമ്പത്തിക നയരേഖ

ഫെഡറൽ ഘടനയിലെ പരിമിതമായ അധികാരങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് എത്ര ഫലപ്രദമായി ഒരു സംസ്ഥാന സർക്കാരിന് ഇടപെടാൻ കഴിയും എന്നാണ് ഇത്തവണ ബജറ്റിലൂടെ സർക്കാർ വ്യക്തമാക്കുന്നത്. പരിസ്ഥിതി സൗഹൃദമായ വികസന പരിപ്രേക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് സാമ്പത്തിക വളർച്ച കൈവരിക്കാനുള്ള വീക്ഷണമാണ് അതിലുള്ളത്. പരിസ്ഥിതി ബജറ്റ് പ്രത്യേകം തയ്യാറാക്കാനുള്ള പ്രഖ്യാപനവും സവിശേഷതയുള്ളതാണ്.

നമ്മുടെ സമ്പദ്ഘടന വളർച്ച കൈവരിക്കുമ്പോൾ അത് സമഗ്രമായിരിക്കണം എന്ന കാഴ്ചപ്പാട് ബജറ്റിലുടനീളം ഉൾച്ചേർന്നിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗം ഗുണമേന്മയുള്ളതാക്കാനും ശാസ്ത്ര സാങ്കേതിക രംഗത്തെ ഗവേഷണം വിപുലപ്പെടുത്തി വിജ്ഞാന മേഖലയെ ഉത്പാദന രംഗവുമായി ബന്ധപ്പെടുത്താനും വ്യക്തമായ നിർദ്ദേശവും ഇത്തവണ ബജറ്റിലുണ്ട്. ഇതിന്റെ ഭാഗമാണ് സയൻസ് പാർക്കുകൾ എന്ന ആശയം.

ബജറ്റിൽ ഭക്ഷ്യ സുരക്ഷയ്ക്ക് പ്രഥമ സ്ഥാനം നൽകുന്നുണ്ട്. അതിനായി 2000 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കാർഷിക മേഖലയിൽ മൂല്യ വർധിത ഉത്പന്നങ്ങളുടെ ഉത്പാദനം, സാങ്കേതിക വിദ്യ നടപ്പാക്കൽ എന്നിവയിലൂടെ ഉത്പാദനക്ഷമതയും കർഷകന്റെ വരുമാനവും വർധിപ്പിക്കാനുള്ള മാർഗമാണ് ബജറ്റ് പ്രഖ്യാപനങ്ങളിൽ ഉള്ളത്. ചെറുകിട വ്യവസായ മേഖലയ്ക്ക് നൽകുന്ന പ്രധാന്യവും തൊഴിൽ നൈപുണ്യ വികസനത്തിന് നൽകിയ ഊന്നലും ബജറ്റിന്റെ സവിശേഷതകളാണ്.

**നമ്മുടെ സമ്പദ്ഘടന വളർച്ച കൈവരിക്കുമ്പോൾ അത് സമഗ്രമായിരിക്കണം എന്ന കാഴ്ചപാട് ബജറ്റിലുടനീളം ഉൾച്ചേർന്നിട്ടുണ്ട്**


പൊതു വിദ്യാഭ്യാസം പൊതുജനാരോഗ്യം, അധികാര വികേന്ദ്രീകരണം, എന്നിവയ്ക്കും അർഹമായ പ്രധാന്യം നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ മിഷൻ പദ്ധതികൾക്കും ബജറ്റിൽ ആവശ്യമായ വകയിരുത്തലുണ്ട്. സമീപനത്തിന്റെ സമഗ്രതയിലൂടെ അടുത്ത കാൽനൂറ്റാണ്ടിൽ കേരളത്തിലെ ജീവിത നിലവാരം വികസിത രാഷ്ട്രങ്ങളിലെ ജീവിത നിലവാരത്തിനൊപ്പം എത്തിക്കണം എന്ന വീക്ഷണം യാഥാർഥ്യമാക്കാനുള്ള സുപ്രധാന കാൽവെയ്പ്പുകൾ ഈ ബജറ്റിൽ ഉണ്ടായിട്ടുണ്ട്. പ്രതികൂല സാഹചര്യങ്ങൾ മറികടക്കാനുള്ള ദൃഢനിശ്ചയവും കൂടി ഉൾപ്പെട്ടതാണ് ബജറ്റ്.

## നിറവേറ്റപ്പെടുന്ന വാഗ്ദാനങ്ങൾ

ജനാധിപത്യ പ്രക്രിയയിൽ പ്രഖ്യാപനങ്ങൾ തെരഞ്ഞെടുപ്പിലുദിച്ച് തെരഞ്ഞെടുപ്പിൽ തന്നെ അസ്തമിക്കുന്ന രീതിയാണ് പൊതുവെ ഉള്ളത്. ആ രീതി മാറി ജനങ്ങൾക്കു കൺമുമ്പിൽ കാണാനാവുന്ന തരത്തിൽ വികസന പദ്ധതികൾ സർക്കാർ യാഥാർഥ്യമാക്കുകയാണ്. പ്രോഗ്രസ്സ് റിപ്പോർട്ടിലൂടെ അവർക്കു സർക്കാരിന്റെ പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്താൻ കഴിയും. ആ നിലയ്ക്കു ജനാധിപത്യ സംവിധാനത്തെ തന്നെ കൂടുതൽ ജനകേന്ദ്രീകൃതമാക്കുകയാണ്. ജനങ്ങളാണ് യജമാനന്മാർ എന്ന കാഴ്ചപ്പാടിനെ ഊട്ടിയുറപ്പിക്കുകയാണ്.

പ്രഖ്യാപനങ്ങൾ വെറും പ്രഖ്യാപനങ്ങൾ മാത്രമല്ലെന്നും പൂർത്തീകരിക്കുവാനുള്ള പദ്ധതികളുടെ രൂപരേഖ തന്നെയാണെന്നും തെളിയിച്ച സർക്കാരാണല്ലോ കഴിഞ്ഞ അഞ്ചു വർഷവും ഇവിടെയുണ്ടായിരുന്നത്. അതിന്റെ തുടർച്ചയായി ഇപ്പോഴുള്ള സർക്കാരും കേരളത്തിന്റെ വികസനത്തിനായുള്ള പദ്ധതി രേഖ മുന്നോട്ടുവെക്കുകയാണ്. ബജറ്റിലൂടെ അത് യാഥാർഥ്യമാക്കാനൊരുങ്ങുകയാണ്.

സർവതല സ്പർശിയായ വികസനമാണ് ലക്ഷ്യം. പ്രതിസന്ധികളെ തരണം ചെയ്ത് ഈ സർക്കാർ അത് നിറവേറ്റുക തന്നെ ചെയ്യും. ■



കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ 2022 ഫെബ്രുവരി 18ന് നിയമസഭയിൽ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന്റെ പ്രസക്തഭാഗങ്ങൾ

# കേരളം വഴികാട്ടിയും പ്രചോദനവും

**പ്രതികരണാത്മകവും ഉത്തരവാദിത്വ പൂർണവുമായ ഭരണം എന്ന ലക്ഷ്യത്തിൽ നിരവധി മാതൃകകൾ വികസിപ്പിച്ചെടുത്ത കേരള സംസ്ഥാനം ഭാവിയിൽ രാജ്യത്തിനും ലോകത്തിനും ഒരു വഴികാട്ടിയും പ്രചോദനവുമായി തുടരും**

## കേരളം ഒന്നാമതുതന്നെ

- നീതി ആയോഗിന്റെ വിലയിരുത്തൽ പ്രകാരം സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ സംസ്ഥാനം തുടർച്ചയായി മൂന്നാംതവണയും എല്ലാ സംസ്ഥാനങ്ങൾക്കുമിടയിൽ ഏറ്റവും ഉയർന്ന സ്ഥാനത്തെത്തി.
- സംസ്ഥാനങ്ങളെ അവയുടെ മൊത്തത്തിലുള്ള ആരോഗ്യ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ സ്ഥാനനിർണയം നടത്തിയ നീതിആയോഗ് ആരോഗ്യ സൂചികയുടെ നാലാം പതിപ്പ് പ്രകാരം 2021-ലെ ആരോഗ്യസൂചികയിൽ കേരളം മികച്ച പ്രകടനം നടത്തി.
- 2021 ഡിസംബറിൽ പുറത്തുവിട്ട, നാഷണൽ മൾട്ടി ഡയമൻഷണൽ പോവർട്ടി സംബന്ധിച്ച നീതി ആയോഗ് ബേസ് ലൈൻ റിപ്പോർട്ട് പ്രകാരം കേരളത്തിലെ മൾട്ടി ഡയമൻഷണൽ പോവർട്ടി രാജ്യത്തെ ഏറ്റവും കുറഞ്ഞ 0.7 ശതമാനമാണ്.

## വിവിധ മേഖലകളിൽ ലക്ഷ്യമിട്ടിരിക്കുന്ന സംരംഭങ്ങളും നടപടികളും

### കൃഷിയും മൃഗസംരക്ഷണവും

കൃഷിശ്രീ സംഘങ്ങൾ കാർഷിക പ്രവർത്തനങ്ങൾക്ക് സമയബന്ധിതമായി സഹായം നൽകുന്നതിനും പ്രതിവർഷം കുറഞ്ഞത് രണ്ട് ഹെക്ടർ സ്ഥലത്ത് കൃഷിയിറക്കുന്നതിനുമായി കൃഷിഭവൻ തലത്തിൽ കൃഷിശ്രീ സംഘങ്ങൾ സംഘടിപ്പിക്കും. സംസ്ഥാനത്ത് ജൈവ ഉത്പന്നങ്ങൾ വിപണനം ചെയ്യുന്നതിനു ഹൈടെക് ഓർഗാനിക് സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കും. വിദൂര കാർഷിക വിപണികളുടെ സംയോജനം, വ്യവസ്ഥാപിത വിതരണ ശൃംഖല സ്വരുക്കൂട്ടൽ, വ്യാപാരം വർധിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്നിവയ്ക്ക് ഓൺലൈൻ മാർക്കറ്റ് പ്ലാറ്റ്ഫോം അല്ലെങ്കിൽ ഇ-ട്രേഡിംഗ് പ്ലാറ്റ്ഫോമുകൾ. കർഷകർക്ക് നിലവിലെ കുറഞ്ഞ പ്രീമിയത്തിന്റെ ആനുകൂല്യം ലഭിക്കുന്ന തരത്തിലും എന്നാൽ ഇൻഷ്വറൻസ് രംഗത്തെ പ്രമുഖരിൽ നിന്നും പ്രൊഫഷണൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കത്തക്ക രീതിയിലുമുള്ള ഒരു പുതിയ വിള ഇൻഷ്വറൻസ് പദ്ധതി. വംശവർധനയിൽ ജനിതക പുരോഗതി ത്വരിതപ്പെടുത്തുന്നതിന് ഉയർന്ന ബീജ പ്ലാസം ഉള്ള മികച്ച പശുക്കളെ പ്രജനനം ചെയ്യുന്നതിനുള്ള പദ്ധതി ആരംഭിക്കും. നൂതനരോഗനിർണയ-ചികിത്സാ സൗകര്യങ്ങളോടു കൂടിയ മൊബൈൽ ടെലി-വെറ്ററിനറി യൂണിറ്റുകൾ എറണാകുളം, കണ്ണൂർ ജില്ലകൾക്കു പുറമെ ബാക്കിയുള്ള ജില്ലകളിലും സ്ഥാപിച്ചു വരുന്നു. പ്രധാന മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ സ്ത്രീ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി 2022-ൽ പ്രത്യേക പദ്ധതി.

### ഫിഷറീസ്

എല്ലാ അനുയോജ്യമായ ജലാശയങ്ങളിലും മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് അടുത്ത അഞ്ചു വർഷത്തിനുള്ളിൽ ജലകൃഷിയിൽ നിന്നുള്ള ഉത്പാദനം 34000 ടണ്ണിൽ നിന്നും 70000 ടണ്ണായി ഇരട്ടിയാക്കും.

### സഹകരണം

തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികൾക്കും ചെറുകിട കച്ചവടക്കാർക്കും വേണ്ടി സ്നേഹതീരം മൈക്രോ വായ്പ പദ്ധതി ആരംഭിക്കും. പട്ടികജാതി /പട്ടികവർഗ വിഭാഗത്തിലെ യുവാക്കളുടെ ഉന്നമനത്തിന് എല്ലാ ജില്ലകളിലും യുവ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യും.

### വ്യവസായവും വാണിജ്യവും

ഇ-മാർക്കറ്റ് രൂപം നൽകുന്നതിനു വേണ്ടി ഉത്പാദകരെയും ഉപഭോക്താക്കളെയും ലോജിസ്റ്റിക് കമ്പനികളെയും ബന്ധിപ്പിക്കുന്നതിലേക്കായി ഓൺലൈൻ പ്ലാറ്റ്ഫോം വികസിപ്പിക്കും സ്വകാര്യ വ്യക്തികൾക്ക് വ്യവസായ പാർക്ക് സ്ഥാപിക്കാൻ കഴിയുന്ന തരത്തിൽ ഈ വർഷം സ്വകാര്യവ്യവസായ പാർക്ക് പദ്ധതി ആരംഭിക്കും. മെഗാ ഭക്ഷ്യസംസ്കരണ പാർക്ക് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്, കേരള റബ്ബർ ലിമിറ്റഡ് എന്നിവയും 2022-ൽ പ്രവർത്തനം ആരംഭിക്കും. റെയിൽ, റോഡ്, വ്യോമ ഗതാഗതത്തിനായി മൾട്ടി മോഡൽ ട്രാൻസ്പോർട്ട് ഹെഡുകളുള്ള ലോജിസ്റ്റിക് പാർക്കുകൾ സ്ഥാപിക്കും.

2022-23 സാമ്പത്തികവർഷം ഒരു ലക്ഷത്തിലധികം സംരംഭങ്ങൾ സ്ഥാപിക്കുന്ന വേറിട്ട പദ്ധതിക്ക് തുടക്കമിടും. നെയ്ത്തുകാരുടെ അടിസ്ഥാന സൗകര്യങ്ങളും വരുമാനവും വർധിപ്പിക്കുന്നതിന് ബ്ലോക്ക് തലത്തിൽ ഹാൻഡ് ലൂം ക്ലസ്റ്ററുകൾ വികസിപ്പിക്കും.

കയർ ജിയോ ടെക്സ്റ്റൈൽസ് വിപണി രാജ്യത്തുടനീളം വ്യാപിപ്പിക്കും. ധാതുഖനനവും അതിന്റെ ട്രാൻസ്പോർട്ടേഷനും നിരീക്ഷിക്കുന്നതിന് മികച്ച സാങ്കേതിക വിദ്യകൾ ഉപയോഗിക്കും.

## തൊഴിലും നൈപുണ്യവും

ഏകരും വിവാഹിതരുമായ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് ഗുണനിലവാരമുള്ളതും വൃത്തിയുള്ളതും സുരക്ഷിതവുമായ താമസസൗകര്യം ലഭ്യമാക്കുന്നതിന് സ്റ്റുഡിയോ അപ്പാർട്ട്മെന്റ് പദ്ധതി. കടകൾക്കും വാണിജ്യ സ്ഥാപനങ്ങൾക്കും വേണ്ടിയുള്ള ഗ്രേഡിംഗ് സമ്പ്രദായം, സ്ഥാപനങ്ങളെ വിലയിരുത്തുന്നതിനു വേണ്ടിയുള്ള തൊഴിൽ ശ്രേഷ്ഠാ അവാർഡ്, അസംഘടിത മേഖലയിലെ തൊഴിലാളി കൾക്കായി പേഴ്സണൽ ആക്സിഡന്റ് ഡെത്ത് അഷ്വറൻസ് സ്കീം എന്നിവ നടപ്പിലാക്കും. പ്രവാസി ഭാരതീയർക്കും പ്രവാസി കേരളീയർക്കും വേണ്ടി വെർച്ചൽ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് ഓൺലൈൻ പോർട്ടൽ.

## വിവരസാങ്കേതികവിദ്യ

കേരള ഡിജിറ്റൽ സർവ്വകലാശാല കാമ്പസിൽ ഹൈബ്രിഡ് ഡാറ്റാ സെന്റർ സ്ഥാപിക്കും. തിരുവനന്തപുരത്തെ ടെക്നോസിറ്റിയിൽ ടി.സി.എസ് എയ്റോസ്പേസ് ഹബ്ബ് പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണം 2022 ആദ്യപാദത്തിൽ ആരംഭിച്ച് 2024 പകുതിയോടെ പൂർത്തിയാക്കും. സ്റ്റാർട്ടപ്പ് കമ്പനികൾക്ക് ബിസിനസ് ആന്റ് മെന്റർഷിപ്പ് സപ്പോർട്ട് നൽകുന്നതിനായി സെൻസർ മാനുഫാക്ച്ചറിംഗ്, ഇന്റലിജന്റ് സെൻസർ സിസ്റ്റം ഹാർഡ് വെയർ ആന്റ് ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സ് സോഫ്റ്റ് വെയർ ഡെവലപ്പ്മെന്റ്, കോംപ്രിഹെൻസീവ് കംപ്ലയൻസ് ടെസ്റ്റിംഗ് തുടങ്ങിയ അത്യാധുനിക സൗകര്യങ്ങൾ ഡിജിറ്റൽ യൂണിവേഴ്സിറ്റി സജ്ജീകരിക്കും.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മേഖലയിൽ ഒരു മികവിന്റെ കേന്ദ്രം സ്ഥാപിക്കുവാൻ ഡിജിറ്റൽ യൂണിവേഴ്സിറ്റി പദ്ധതിയിടുന്നു.

## വിനോദസഞ്ചാരം

വിനോദസഞ്ചാരവ്യവസായത്തിലെ ജീവനക്കാരേയും തൊഴിലുടമകളെയും സഹായിക്കുന്നതിനായി ഒരു റിവോൾവിംഗ് ഫണ്ടിന് അനുമതി നൽകിയിട്ടുണ്ട്. വിനോദ സഞ്ചാര സംരംഭകർക്കായുള്ള മുഖ്യമന്ത്രിയുടെ കോവിഡ് ദുരിതാശ്വാസ സഹായ പദ്ധതി 2022-23-ലും തുടരും.

## പിന്നാക്കവിഭാഗ വികസന വകുപ്പ്

തെരുവ് കച്ചവടക്കാരുടേയും ചെറുകിട കച്ചവടക്കാരുടേയും പുനരധിവാസ/ പിന്തുണ പദ്ധതിയായ ''എവേക്കനിംഗ്'' (ഉണർവ് )ലൂടെയുള്ള വായ്പകൾക്ക് സബ്സിഡി, അയ്യാ വൈകുണ്ഠ ട്രഡിഷണൽ എംപ്ളോയ്മെന്റ് ഇന്നവേഷൻ സെന്റർ, 'റിനൈസൻസ് സ്കോളർഷിപ്പ് ഫോർ ഗേൾസ് (നവോത്ഥാനസ്കോളർഷിപ്പ്), മെഡിക്കൽ/മെഡിക്കൽ അനുബന്ധകോഴ്സുകൾ പഠിക്കുന്നതും മാതാപിതാക്കളിൽ ഒരാളോ ഇരുവരുമോ നഷ്ടപ്പെട്ടതും വാർഷിക കുടുംബവരുമാനം 2.5 ലക്ഷം



രൂപയിൽ അധികരിക്കാത്തതുമായ, ഒ.ബി.സി. പെൺകുട്ടികൾക്കുള്ള ''നവോത്ഥാന'' സ്കോളർഷിപ്പ് പദ്ധതി.

## പട്ടികജാതി വികസനം

ലൈഫ് മിഷന്റെ കീഴിൽ, രണ്ടാം ഘട്ടത്തിൽ, ലക്ഷ്യമിട്ടിരുന്ന 11854 വീടുകളിൽ 9962 പുതിയ വീടുകൾ പൂർത്തികരിക്കുകയും മൂന്നാംഘട്ടത്തിൽ ഗുണഭോക്താക്കൾക്കായി ലക്ഷ്യമിട്ടിരുന്ന 7341-ൽ 1957 പുതിയ വീടുകൾ പൂർത്തീകരിക്കുകയും ചെയ്തു. പൂർത്തിയാകാനുള്ള 6000 വീടുകൾ 2022-ൽ പൂർത്തീകരിക്കുന്നതിന് ഉദ്ദേശിക്കുന്നു. 5000 പുതിയ പഠനമുറികളുടെ നിർമ്മാണവും സ്പിൽ ഓവറായ 7000 പഠനമുറികളുടെ പൂർത്തീകരണവും 3000 ഗുണഭോക്താക്കൾക്ക് പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടുകൂടിയുള്ള, തൊഴിൽ ഉറപ്പ് നൽകുന്ന നൈപുണ്യ പരിശീലന പരിപാടി. പട്ടികജാതി/പട്ടികവർഗത്തിൽപ്പെട്ട യുവസംരംഭകർക്ക് പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനായുള്ള എംപവർമെന്റ് സൊസൈറ്റികളും ടാലന്റ് സെന്ററുകളും.

## പട്ടികവർഗ വികസനം

സംസ്ഥാനത്തെ ഒരേയൊരു സമ്പൂർണ ഗോത്ര ഗ്രാമ പഞ്ചായത്തായ ഇടമലക്കുടിക്കുവേണ്ടി വികസന പാക്കേജ്. ഗോത്രവിഭാഗങ്ങൾക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി ഗോത്ര മേഖലകളിൽ പോഷകാഹാര പുനരധിവാസ കേന്ദ്രങ്ങൾ. ഓരോ കേന്ദ്രത്തിലും ഡോക്ടർ, ഹെൽത്ത് പ്രൊമോട്ടർ, മൊബൈൽ മെഡിക്കൽ യൂണിറ്റിലെ അംഗങ്ങൾ എന്നിവർ ഉൾപ്പെട്ടിരിക്കുന്നു. അട്ടപ്പാടി, വയനാട്, ഇടുക്കി ഗോത്ര മേഖലകളിൽ ഫാം ടൂറിസം പ്രോത്സാഹിപ്പിക്കും.

## സാമൂഹ്യനീതി

ട്രാൻസ്ജെൻഡർ വ്യക്തികളുടെ ആരോഗ്യവും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിന്റെ ഭാഗമായി ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കും അനുബന്ധ ചികിത്സകൾക്കും സൗകര്യങ്ങളൊരുക്കും. സംസ്ഥാനത്തിന്റെ മൂന്ന് മേഖലകളിലായി സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ഭിന്നശേഷിക്കാരുടെ സമഗ്ര പുനരധിവാസത്തിനു അന്താരാഷ്ട്ര നിലവാരമുള്ള മൂന്ന് 'പുനരധിവാസ വില്ലേജുകൾ' സ്ഥാപിക്കും.

## ആരോഗ്യവും കുടുംബക്ഷേമവും

14 ജില്ലകളിലും ജില്ലാ കാൻസർ കൺട്രോൾ പ്രോഗ്രാം നടപ്പിലാക്കും. 30 വയസ്സിനു മുകളിൽ പ്രായമുള്ളവരുടെ വാർഷിക സ്ക്രീനിംഗിനോടൊപ്പം ലൈഫ്സ്റ്റൈൽ ഡിസീസ് പീപ്പിൾസ് കാമ്പയിനും ആരംഭിക്കും. സംസ്ഥാന ഡിജിറ്റൽ ഹെൽത്ത് മിഷന്റെയും ഇ-ഹെൽത്ത് പ്രോജക്ടിന്റെയും കീഴിൽ ആരോഗ്യ മേഖലയിൽ മുന്നേറുന്നതിനായി ആർട്ടിഫിഷ്യൽ ഇന്റലിജൻസും മെഷീൻ ലേണിംഗും പോലെയുള്ള അത്യന്താധുനിക സാങ്കേതിക വിദ്യ ഉപയാഗിക്കുന്നതിന് നടപടി.

## പൊതുവിദ്യാഭ്യാസം

താഴ്ന്ന പ്രകടനം നടത്തുന്ന സ്കൂളുകളെ നിശ്ചിത നിലവാരത്തിലേക്ക് എത്തിക്കുന്നതിനുള്ള ഫോക്കസ് സ്കൂൾ പദ്ധതി. ഭിന്നശേഷിയുള്ളവരുടെ വിദ്യാഭ്യാസത്തെ ഉൾക്കൊള്ളുന്ന മാതൃകാ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നതിനു തിരഞ്ഞെടുത്ത പൊതുവിദ്യാലയങ്ങളെ ശക്തിപ്പെടുത്തുന്നതിനു മോഡൽ ഇൻക്ലൂസീവ് സ്കൂൾ പ്രോഗ്രാം.

## ഉന്നത വിദ്യാഭ്യാസം

ലോകോത്തര വിദ്യാഭ്യാസം നൽകുന്നതിനും ലോകമെമ്പാടുമുള്ള പ്രതിഭകളെ ആകർഷിക്കുന്നതിനും ലക്ഷ്യമിട്ടു വിവിധ സർവ്വകലാശാലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കും. പുനരുത്പാദിപ്പിക്കാവുന്ന ഊർജസ്രോതസ്സുകളിലേക്ക് മാറി എല്ലാ സ്ഥാപനങ്ങളുടെയും ഓഫീസുകളുടെയും കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിന് ഗ്രീൻ കാമ്പസ് പദ്ധതി.

## തദ്ദേശ സ്വയംഭരണം

വ്യവസായ, സഹകരണ വകുപ്പുകളുമായി സഹകരിച്ചും കുടുംബശ്രീയുടെ പുതുതലമുറ സംരംഭക ഉദ്യമങ്ങളെ മുന്നിൽ നിർത്തിക്കൊണ്ടും 'ഒരു തദ്ദേശ സ്വയംഭരണം ഒരു ഉത്പന്നം' നടപ്പിലാക്കും. ഇന്റഗ്രേറ്റഡ് ലോക്കൽ ഗവൺമെന്റ് മാനേജ്മെന്റ് സിസ്റ്റം ഈ വർഷം എല്ലാ ഗ്രാമപഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കും. സംസ്ഥാനത്തുടനീളം ഐ ടി അധിഷ്ഠിതമായ മാലിന്യ സംസ്കരണ പദ്ധതി. പ്രധാനപ്പെട്ട എല്ലാ ജലാശയങ്ങളുടെയും മാപ്പിംഗിനും സംരക്ഷണത്തിനുമായി- 'തെളിനീർ ഒഴുകും നവകേരളം' - ക്ലീൻ അക്വിഫർ ക്യാമ്പയിൻ ഏറ്റെടുക്കും. സംസ്ഥാനത്തെ ദ്രവമാലിന്യ സംസ്കരണത്തിനുള്ള വ്യക്തമായ നയം കൊണ്ടുവരും. 2021 ഡിസംബർ 31-വരെ ലൈഫിനു കീഴിൽ 2, 78,912 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി. അടുത്ത സാമ്പത്തിക വർഷത്തിൽ പ്രീ-ഫാബ് സാങ്കേതികവിദ്യ ഉപയോഗിച്ച് ഒരു ലക്ഷം വീടുകളും 30 ഭവന സമുച്ചയങ്ങളും നിർമ്മിക്കും.

## എക്സൈസ്

കള്ളിന്റെ ഉത്പാദനവും വിതരണവും നിരീക്ഷിക്കുക വഴി കള്ള് വ്യവസായത്തിൽ കൂടുതൽ സുതാര്യത ഉറപ്പാക്കുന്നതിനായി ട്രാക്ക് ആന്റ് ട്രേയ്സ് സംവിധാനം നടപ്പിലാക്കും. ഗോത്രമേഖലകളിൽ പുതിയ ജനമൈത്രി എക്സൈസ് സ്ക്വാഡുകൾ.

## ഊർജം

വർധിച്ചു വരുന്ന ആവശ്യം നിറവേറ്റുന്നതിനായി സംസ്ഥാനത്തുടനീളം ഇ.വി ചാർജ്ജിംഗ് സ്റ്റേഷനുകളുടെ ബൃഹത് ശൃംഖല സജ്ജീകരിക്കും.

## പൊതുമരാമത്ത്

റോഡ് സുരക്ഷയ്ക്ക് അർഹമായ പ്രാധാന്യം നൽകുകയും ഉചിത സ്ഥലങ്ങളിൽ കാൽനട സൗഹൃദനടപ്പാതകൾ, സൈക്കിൾ ട്രാക്കുകൾ തെരുവോര ഫർണിച്ചർ എന്നിവ ഉൾപ്പെടുന്ന ' സ്ട്രീറ്റ്സ് ഫോർ ഓൾ ആശയം നടപ്പിലാക്കും. ട്രാഫിക് ആവശ്യകത അനുസരിച്ച് എല്ലാ സംസ്ഥാന ഹൈവേകളും രണ്ടുവരി/നാലുവരി നിലവാരത്തിലേക്ക് ഘട്ടം ഘട്ടമായി വികസിപ്പിക്കും. തദ്ദേശാധികാരസ്ഥാനങ്ങളുമായുള്ള ഏകോപനത്തിൽ ഹൈവേയിലുടനീളം വഴിയോരസൗകര്യങ്ങളുടെ

വികസനവും മൾട്ടിലെവൽ പാർക്കിങ്ങ് സൗകര്യങ്ങളുടെ നിർമ്മാണവും ഏറ്റെടുക്കും. ഉചിതമായ സംവിധാനങ്ങളും സാങ്കേതികവിദ്യയും കൊണ്ട് പൊതുമരാമത്ത് വകുപ്പ് പോട്ട് ഹോൾ ഫ്രീ കേരള''യ്ക്കായുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അടുത്ത അഞ്ച് വർഷത്തിൽ ഓരോ നിയമസഭാ നിയോജക മണ്ഡലത്തിലും ഒരു ഹരിത കെട്ടിടം.

## ജലവിഭവം

ജൽജീവൻ മിഷനു കീഴിൽ 2022-ൽ 10,22,635 പുതിയ ഫങ്ഷണൽ ഹൗസ്ഹോൾഡ് ടാപ്പ് കണക്ഷനുകൾ നൽകും. ശുദ്ധീകരിച്ച ജലം ലഭ്യമാകാത്ത 10 മുനിസിപ്പാലിറ്റികളിൽ ജലശുദ്ധീകരണ പ്ലാന്റുകൾ സ്ഥാപിക്കും. വിതരണ ശൃംഖലകൾ ഏർപ്പെടുത്തും. പ്രളയ മുന്നറിയിപ്പ് സംവിധാനങ്ങൾ ശക്തിപ്പെടുത്തും. സുസ്ഥിരമായ നദീതട ആവാസവ്യവസ്ഥയുടെ പരിപാലനത്തിനു വേണ്ടി കേരളത്തിലെ പ്രധാനപ്പെട്ട ഓരോ നദികൾക്കുമായി സംസ്ഥാനതല മാസ്റ്റർ പ്ലാൻ തയ്യാറാക്കും.

## ഗതാഗതം

ഫീൽഡ് ഉദ്യോഗസ്ഥരെ ഏറ്റവും പുതിയ സ്മാർട്ട് എൻഫോഴ്സ്മെന്റ് ഉപകരണങ്ങളോടും നവീന സാങ്കേതികവിദ്യയോടും കൂടി സജ്ജമാക്കിക്കൊണ്ടുള്ള ''സ്മാർട്ട് എൻഫോഴ്സ്മെന്റ് '''പദ്ധതി നടപ്പിലാക്കും. യാത്രാസൗകര്യം ഉറപ്പുവരുത്തുന്നതിന് ഇന്റലിജന്റ് പബ്ലിക്ക് ട്രാൻസ്പോർട്ട് സിസ്റ്റം നടപ്പിൽ വരുത്തും. സ്ത്രീകളുടെയും പൊതുജനങ്ങളുടെയും സുരക്ഷ ഉറപ്പുവരുത്തുന്നതിന് സംസ്ഥാന വ്യാപകമായ വാഹന ട്രാക്കിംഗ് പ്ലാറ്റ്ഫോം വികസിപ്പിക്കും. വകുപ്പിനു കിഴിലുള്ള ബോട്ടുകൾ മുഴുവൻ മൂന്ന് വർഷം കൊണ്ട് സൗരോർജവത്കരിക്കും.

## വനം, പരിസ്ഥിതി

കേരളത്തിലെ കാടുകളിൽ നിന്നും പരിസ്ഥിതിയുമായി പൊരുത്തപ്പെടാത്ത ജീവജാലങ്ങളെ മുൻഗണനാ ക്രമത്തിൽ ഉന്മൂലനം ചെയ്യുന്നതിനുള്ള പ്രത്യേകപദ്ധതി. തീരശോഷണം പ്രതിരോധിക്കുന്നതിനായി തദ്ദേശസമൂഹത്തിന്റെ ക്രിയാത്മക ഇടപെടലുകളോടും വിവിധ വകുപ്പുകളുടെ പരിശ്രമത്തിലും കൽക്കാടുകളുടെയും മറ്റു സസ്യജാലങ്ങളുടെയും ഒരു ജൈവകവചം കേരള തീരത്ത് ഉണ്ടാക്കും.

മനുഷ്യരും വന്യജീവികളും തമ്മിലുള്ള സംഘർഷം പരിഹരിക്കുന്നതിനുള്ള പ്രത്യേക പദ്ധതിക്ക് പിന്തുണ നൽകും. തിരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ ചെറു നഗരവനങ്ങൾ വളർത്തിയെടുക്കുന്നതിനുള്ള പ്രത്യേക പദ്ധതി. പാലക്കാടും ആലപ്പുഴയിലും അന്തരീക്ഷവായുവിന്റെ ഗുണനിലവാരം തുടർച്ചയായി നിരീക്ഷിക്കുന്ന സ്റ്റേഷനും പാതാളം ബണ്ടിന് മുകൾഭാഗത്തായി ജലത്തിന്റെ ഗുണനിലവാരം ഓൺലൈനായി നിരീക്ഷിക്കുന്നതിനുള്ള സ്റ്റേഷനും പൂർത്തിയാക്കും. സംസ്ഥാനത്തെ കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമായി ഏകോപിപ്പിക്കുന്നതിനു ആ രംഗത്ത് വൈദഗ്ധ്യമുള്ള മാനവ വിഭവശേഷി ഉൾപ്പെടുത്തിയും സംസ്ഥാന കാലാവസ്ഥാവ്യതിയാന വിജ്ഞാന മാനേജുമെന്റ് പോർട്ടൽ വികസിപ്പിച്ചും സംസ്ഥാന കാലാവസ്ഥാ വ്യതിയാന സെല്ലിനെ ശക്തിപ്പെടുത്തും.

## ദേവസ്വം

ശബരിമല തീർത്ഥാടകർക്കുള്ള ഇടത്താവളങ്ങൾ ശക്തിപ്പെടുത്തും. മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള പ്രസിദ്ധമായ ക്ഷേത്രങ്ങളെ ബന്ധിപ്പിച്ച് ഒരു തീർത്ഥാടന ഇടനാഴി രൂപീകരിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ ആരംഭിച്ചിട്ടുണ്ട്.

## സാംസ്കാരികം

സംസ്ഥാനത്തെ പൊതുറിക്കാർഡുകളുടെ മാനേജുമെന്റ്, ഭരണം, സംരക്ഷണം എന്നിവ നിയന്ത്രിക്കുന്നതിനു പുതിയ നിയമനിർമ്മാണം. ജില്ലാ പൈതൃക കേന്ദ്രങ്ങൾ ആരംഭിച്ച് ആർക്കൈവൽ റിക്കാർഡുകളുടെ സംരക്ഷണം വികേന്ദ്രീകരിക്കും. വിവിധ സാംസ്കാരിക, പൈതൃക



കേന്ദ്രങ്ങൾ സന്ദർശിക്കുന്ന ജനങ്ങൾക്കായി ഒരു സാംസ്കാരിക സർക്യൂട്ടും കേരളത്തിന്റെ പാരമ്പര്യം പ്രദർശിപ്പിക്കുന്നതിനായി ഒരു സാംസ്കാരിക പൈതൃക ഗ്രാമവും ഇതുമായി ബന്ധപ്പെട്ട മറ്റ് നാല് പ്രത്യേക സംരംഭങ്ങളും നടപ്പിലാക്കും.

## ഭക്ഷ്യവും പൊതുവിതരണവും

റേഷൻ ഭക്ഷ്യവസ്തുക്കൾ സൂക്ഷിക്കുവാൻ കേരളത്തിലുടനീളം 83 താലൂക്ക് തല ഗോഡൗണുകൾ നിർമ്മിക്കും. പി.വി.സി. റേഷൻ കാർഡ് വഴി 5000/ രൂപ വരെയുള്ള ബാങ്കിംഗ് സേവനങ്ങൾ നൽകുവാനും ന്യായവില ഷോപ്പുകൾ വഴി എല്ലാ യൂട്ടിലിറ്റി ബില്ലുകളും അടയ്ക്കുവാനും ഈ രംഗത്തെ ബാങ്കർമാരുടെ സേവനം ഉൾപ്പെടുത്തി സൗകര്യം ലഭ്യമാക്കും. സപ്ലൈകോയിൽ, സ്റ്റോക്കിന്റെ സ്ഥിതി, സാധനങ്ങളുടെ വിവരങ്ങൾ, ഔട്ട് ലെറ്റ് കാഷ് ബാലൻസ് തുടങ്ങിയവ അറിയുന്നതിനായി ബ്ലോക്ക് ചെയിൻ സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എന്റർപ്രൈസ് റിസോഴ്സ് മാനേജുമെന്റ് സൊല്യൂഷൻ സ്ഥാപിക്കും.

## ക്രമസമാധാനം

തിരുവനന്തപുരത്ത് ഇന്ത്യയിലെ ആദ്യത്തെ ഡ്രോൺ റിസർച്ച് ആന്റ് ഫോറൻസിക് സെന്റർ ശക്തിപ്പെടുത്തും. ദുരന്തനിവാരണം, പോലീസ് പട്രോളിംഗ്, വി.ഐ.പി. സുരക്ഷ, സർവൈലൻസ് എന്നിവയ്ക്കായി ഉയോഗിക്കാവുന്ന വിവിധ ശേഷികളിലുള്ള ഡ്രോണുകൾ വികസിപ്പിക്കും. ശത്രു ഡ്രോണുകളെ കൈകാര്യം ചെയ്യുന്നതിനായി ഒരു മൊബൈൽ ആന്റിഡ്രോൺ സൗകര്യം കൂടി ഈ കേന്ദ്രത്തിൽ സ്ഥാപിക്കും. നാല് പോലീസ് റേഞ്ചുകളിൽ ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്റർ സ്ഥാപിക്കും. സമ്പൂർണ്ണ സംയോജിത ഡിജിറ്റൽ എൻഫോഴ്സ്മെന്റ് സംവിധാനം നടപ്പിലാക്കും. 'ട്രാഫിക് ചെക്കിംഗ് ടു ഫൈൻ പെയ്മെന്റ്'' സംസ്ഥാനത്തുടനീളം ഡിജിറ്റലാക്കും. ഏതുതരം വിപത്തും നേരിടുവാൻ കഴിവുള്ള, എയർഫോഴ്സ്/നേവി എന്നിവയ്ക്ക് സമാനമായുള്ള പരിശീലനം നൽകി കേരള ത്തിന്റെ സ്വന്തം ''സ്പെഷ്യലി ട്രെയിൻഡ് ബ്രേവ് ബ്രിഗേഡ്'' രൂപീകരിക്കും.

## രജിസ്ട്രേഷൻ

വരും വർഷം ഒരു ലക്ഷത്തിനു താഴെ ഇ-സ്റ്റാമ്പിംഗും ഇ-സർട്ടിഫൈഡ് പകർപ്പുകൾ നൽകലും നടപ്പിലാക്കും. ഇ-രജിസ്ട്രേഷനും ഇ-ഫയലിംഗിനും ആവശ്യമായ ചട്ടങ്ങൾ രൂപപ്പെടുത്തും.

## റവന്യൂ

എല്ലാ ഭൂവുടമകൾക്കും വ്യക്തവും ആധികാരികവുമായ അവകാശരേഖ എന്ന ലക്ഷ്യം വെച്ചുകൊണ്ട് നാല് വർഷത്തിനകം ഡിജിറ്റൽ റീ-സർവ്വേ പദ്ധതി പൂർത്തിയാക്കും. ഇതിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ കീഴിൽ ആദ്യഘട്ടമായി 339.438 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഭൂരഹിതരും അർഹരായവരുമായ എല്ലാ ജനങ്ങൾക്കും പട്ടയം. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഒന്നിൽ കൂടുതൽ സർവ്വെ നമ്പരുകളിലും ''തണ്ടപ്പേർ'' നമ്പരുകളിലും ഭൂമി കൈവശം വച്ചിട്ടുള്ള എല്ലാ ഭൂവുടമകൾക്കും ഒരു യൂണിക് ഐഡന്റിഫിക്കേഷൻ നമ്പർ ലഭ്യമാക്കുവാനായി യൂണിക് ''തണ്ടപ്പേർ'' സിസ്റ്റം നടപ്പിലാക്കും. തീർപ്പുകൽപ്പിക്കാത്ത എല്ലാ ഭൂവിഷയങ്ങളും ദൗത്യമായി ഏറ്റെടുത്ത് പരിഹരിക്കും.
സംസ്ഥാനത്തെ നെൽവയലുകൾ സംരക്ഷിക്കുന്ന തിനായി 2008-ലെ നെൽവയൽ- തണ്ണീർത്തട സംരക്ഷണ ആക്റ്റ് കർശനമായി നടപ്പിലാക്കും.
നിയമ വിരുദ്ധമായി കൈവശം വച്ചിട്ടുള്ള സർക്കാർ ഭൂമി വീണ്ടെടുക്കുവാനുള്ള ശ്രമങ്ങൾ ഊർജിതമാക്കി കയ്യേറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ കൈക്കൊള്ളും.
പരിസ്ഥിതിക്ക് ദോഷം വരുത്താതെ നദികളിൽ നിന്നും മണൽ വിഭവങ്ങളുടെ സ്ഥിരമായ നീക്കം ചെയ്യൽ ഉറപ്പ് വരുത്താനായി 10 ജില്ലകൾക്ക് ജില്ലാ സർവ്വെ റിപ്പോർട്ട് തയ്യാറാക്കും.

## യുവജനകാര്യം

യുവജനങ്ങൾക്ക് വേണ്ടി ടോൾ ഫ്രീ നമ്പരോടുകൂടിയ സൗജന്യ ലീഗൽ ഗൈഡൻസ് സംവിധാനം നടപ്പിലാക്കും.





# വികസനം

# കേരളത്തിന് ഒരു ബദലുണ്ട്

**എല്ലാവരേയും ചേർത്തുപിടിക്കുന്ന സമീപനമാണ് നമ്മുടെ ബദൽ എന്ന് തെളിയിച്ച കാലത്തിനാണ് നാം സാക്ഷ്യം വഹിച്ചത്**

**കെ.എൻ.ബാലഗോപാൽ**
ധനകാര്യമന്ത്രി

നാം കൊടിയ പ്രതിസന്ധികളുടെ താഴ്ചകളെ അതിജീവിച്ചു മുന്നേറാൻ ആരംഭിച്ചിരിക്കുകയാണ്. അതിജീവനം യാഥാർഥ്യമായിരിക്കുന്നു. ജനജീവിതം സാധാരണ നിലയിലേക്ക് തിരിച്ചു വന്നിരിക്കുന്നു. വാഹനങ്ങളിലും തെരുവുകളിലും, വ്യാപാര സ്ഥാപനങ്ങളിലും വിദ്യാലയങ്ങളിലും ദേവാലയങ്ങളിലും ഭക്ഷണശാലകളിലും പൂരപ്പറമ്പുകളിലും സിനിമാശാലകളിലും ജനജീവിതത്തിന്റെ ആരവം തിരിച്ചെത്തിയിരിക്കുന്നു.

ഒറ്റപ്പെടലിന്റെ ദുഃഖത്തിൽനിന്നും കൂടിച്ചേരലുകളുടെ സന്തോഷത്തിലേക്കുള്ള ഈ മാറ്റം സമ്പത്തുത്പാദനത്തിലും നികുതി വരുമാനത്തിലും പ്രതിഫലിക്കും എന്ന കാര്യത്തിൽ സംശയമില്ല. മുൻവർഷങ്ങളെ അപേക്ഷിച്ച് 2022-23-ൽ സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനവും തൊഴിലവസരങ്ങളും നികുതി വരുമാനവും കൂടുതൽ വേഗത്തിൽ വളരും എന്നാണ് പ്രതീക്ഷിക്കുന്നത്. ജി.എസ്.ടി വരുമാനത്തിൽ 2022 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ശരാശരി 14.5 ശതമാനം വളർച്ച രേഖപ്പെടുത്തി. ഇത് വീണ്ടെടുപ്പുണ്ടാവുന്നു എന്നതിന്റെ സൂചനയാണ്. പ്രതിസന്ധികൾ അവസാനിച്ചു എന്നല്ല പറയുന്നത്. കോവിഡ് മഹാമാരിയുടെ നാലാം തരംഗം ഉണ്ടായേക്കാം; റഷ്യ-യുക്രൈൻ യുദ്ധത്തിന്റെ ഫലമായി വലിയ വിലക്കയറ്റവും സംസ്ഥാനത്തെ ബാധിക്കുന്ന മറ്റ് പ്രതിസന്ധികളും ഉടലെടുത്തേക്കാം. പക്ഷേ പ്രതിസന്ധികൾ വന്നാലും ഒരുമിച്ചു നിന്ന് അവയെ അതിജീവിക്കാൻ കഴിയും എന്ന ആത്മവിശ്വാസം കേരളം നേടിയെടുത്തിരിക്കുന്നു എന്നതാണ് പ്രധാനം.

> **ആഗോള വത്കരണ നയങ്ങൾക്കു ബദലായി കേരളമാതൃകയെ വളർത്താനാണ് ഞങ്ങൾ ശ്രമിക്കുന്നത്**

ആഗോള സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ചും അതിനു കാരണമായ ആഗോള വത്കരണ നയങ്ങളെക്കുറിച്ചും ചില കാര്യങ്ങൾ സൂചിപ്പിക്കേണ്ടതുണ്ട്. മഹാമാരിയുടെ ആവിർഭാവത്തിന് മുമ്പ് തന്നെ ആഗോള സമ്പദ്ഘടനയും ഇന്ത്യയും സാമ്പത്തികമാന്ദ്യത്തിന്റെ നിഴലിലായിരുന്നു. സാധാരണ ജനങ്ങളുടെ വരുമാനം കവർന്നെടുത്ത് ആർത്തി പിടിച്ച കോർപ്പറേറ്റുകൾ ലാഭം ഉയർത്തുകയും മൂലധനം കുന്നുകൂട്ടുകയും ഉത്പാദനശേഷി വർധിപ്പിക്കുകയും ചെയ്യുമ്പോൾ ജനങ്ങളുടെ വാങ്ങൽ ശേഷി ഉയരുന്നില്ല. ഉത്പാദിപ്പിച്ച സാധനങ്ങൾ വാങ്ങാനാളില്ലാതെ കെട്ടിക്കിടക്കുന്ന സ്ഥിതിയാണ് ഈ പ്രതിസന്ധിയുടെ മുഖ്യ ലക്ഷണം. ഇന്ത്യയിലെ കമ്പനികൾക്ക് സ്ഥാപിതശേഷിയുടെ വളരെ കുറച്ചുമാത്രമേ ഉത്പാദിപ്പിക്കാൻ കഴിയുന്നുള്ളൂ.

ഈ പ്രതിസന്ധിയെ മറികടക്കാൻ എടുക്കുന്ന നയങ്ങൾ തൊഴിലാളികളേയും കൃഷിക്കാരേയും മറ്റും കൂടുതൽ പാപ്പരാക്കുകയാണ്. ഈ സാഹചര്യത്തിലാണ് കൃഷിക്കാരുടേയും തൊഴിലാളികളുടേയും ഐതിഹാസിക ചെറുത്തുനിൽപ്പ് സമരങ്ങൾ ഇന്ത്യയിൽ ഉയർന്നുവന്നത്. സമ്പദ്ഘടനയിൽ അഭൂതപൂർവമായ മാന്ദ്യവും തകർച്ചയും നേരിട്ട മഹാമാരിക്കാലത്ത് കോർപ്പറേറ്റുകളുടെ ലാഭം റിക്കോർഡ് നിലവാരത്തിലേക്ക് ഉയർന്നു. അസമത്വം പെരുകി. അസമത്വത്തിന്റെയും ദാരിദ്ര്യത്തിന്റെയും ലോക റാങ്കിംഗിൽ ഇന്ത്യയുടെ സ്ഥാനം ഏറെ ലജ്ജാകരമായ അവസ്ഥയിലാണ്.

## മഹാമാരിയുടെ പ്രത്യാഘാതങ്ങൾ

മഹാമാരി സമ്പദ്ഘടനയിലും സർക്കാരുകളുടെ ധനസ്ഥിതിയിലും ദീർഘകാലം നിലനിൽക്കുന്ന വിപരീത പ്രത്യാഘാതങ്ങളാണ് സൃഷ്ടിച്ചിരിക്കുന്നത്. ഇത് ''ലോങ് എക്കണോമിക് കോവിഡ്' എന്നാണ് അറിയപ്പെടുന്നത്. രണ്ടുവർഷത്തെ ഉത്പാദന വളർച്ച ഏതാണ്ട് എല്ലാ രാജ്യങ്ങൾക്കും നഷ്ടമായി. ഇന്ത്യയുടെ ആഭ്യന്തര ഉത്പാദനം കോവിഡിന് മുമ്പുണ്ടായിരുന്ന നിലവാരത്തിലേക്ക് ഇനിയും എത്തിയിട്ടില്ല. സമാനതകളില്ലാത്ത തൊഴിൽ നഷ്ടമാണ് ഈ കാലയളവിൽ ഇന്ത്യയിൽ ഉണ്ടായതെന്ന് കണക്കുകൾ കാണിക്കുന്നു. സംസ്ഥാന സർക്കാർ നിർദ്ദേശ പ്രകാരം ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠനം കോവിഡ് കാലത്ത് കേരളത്തിലും വലിയ തോതിൽ തൊഴിൽ നഷ്ടവും വരുമാനനഷ്ടവും ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ട്. കോവിഡ് കാലത്ത് സമ്പദ്ഘടനയ്ക്കും പൗരന്മാർക്കും ഉണ്ടായ ക്ഷീണവും നഷ്ടവും പരിഹരിക്കാൻ ഭരണകൂടത്തിന്റെ ശക്തമായ ഇടപെടൽ ഉണ്ടായേ മതിയാകൂ. ജനങ്ങളുടെ കൈയിലേക്ക് പണം എത്തിച്ച് സമ്പദ്ഘടനയിലെ ഡിമാന്റ് വർധിപ്പിക്കണം. അസമത്വം ലഘൂകരിക്കണം. ചെറുകിട വ്യവസായ വ്യാപാര സംരംഭങ്ങളെ സഹായിക്കണം. പശ്ചാത്തല മേഖലയിൽ വലിയ തോതിൽ പൊതുനിക്ഷേപം ഉണ്ടാവണം.

സാമ്പത്തിക രംഗത്ത് ഇന്ന് നാം കാണുന്ന മിക്ക പ്രശ്നങ്ങളുടെയും അടിസ്ഥാന കാരണം ആഗോളവത്കരണ നയങ്ങളാണ്. ഈ നയങ്ങളെ ചെറുത്തുകൊണ്ട് മാത്രമേ ജനകീയ ബദൽ വികസിപ്പിച്ചെടുക്കാനാവൂ. ഒന്നാം പിണറായി വിജയൻ സർക്കാർ ചെയ്തതും പുതിയ സർക്കാർ തുടരുന്നതും ഈ സമീപനമാണ്. ആഗോളവത്കരണ നയങ്ങൾക്കു ബദലായി കേരള മാതൃകയെ വളർത്താനാണ് ഞങ്ങൾ ശ്രമിക്കുന്നത്.

## വിലക്കയറ്റവും പരിഹാരവും

റഷ്യ-യുക്രൈൻ യുദ്ധം മുറുകിയതോടെ വിലകൾക്ക് തീപിടിച്ച അനുഭവമാണ് ലോകത്തിന്റെ വിവിധ കോണുകളിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെടുന്നത്. 2022-23-ൽ സംസ്ഥാനം വലിയ മുൻഗണന നൽകി നേരിടേണ്ട ദുരന്തസമാനമായ പ്രശ്നമായി വിലക്കയറ്റം മാറുകയാണ്. എന്നാൽ യുദ്ധം തുടങ്ങുന്നതിനും വളരെ മുൻപുതന്നെ വിലക്കയറ്റത്തിന്റെ ഭീഷണി ലോകമെമ്പാടും

ഉയർന്നിരുന്നു. വിലക്കയറ്റത്തെ നേരിടാൻ അമേരിക്കയടക്കമുള്ള വികസിത രാജ്യങ്ങൾ പലിശനിരക്കുകൾ നല്ല തോതിൽ ഉയർത്തും എന്ന കാര്യം ഏറെക്കുറെ തീർച്ചയാണ്. അമേരിക്കൻ ഫെഡറൽ റിസർവ് ഇത്തരമൊരു മുന്നറിയിപ്പ് നൽകുന്നുണ്ട്. അന്തർദേശീയ നാണയനിധിയും ഈ മുന്നറിയിപ്പ് ആവർത്തിക്കുന്നുണ്ട്. വികസിത രാജ്യങ്ങൾ പലിശ നിരക്ക് ഉയർത്തിയാൽ ഇന്ത്യയടക്കമുള്ള വികസ്വരരാജ്യങ്ങളിൽ നിന്നും വിദേശമൂലധനം പുറത്തേക്കൊഴുകും. ഇത് ഇന്ത്യൻ രൂപയുടെ വിനിമയ മൂല്യത്തേയും ഇന്ത്യൻ ഓഹരി വിപണിയേയും പ്രതികൂലമായി ബാധിക്കും. രൂപയുടെ വിനിമയമൂല്യം ഇപ്പോൾതന്നെ വലിയ സമ്മർദ്ദത്തിലാണ്. രൂപയുടെ വിനിമയമൂല്യം ഇടിയുന്നത് ക്രൂഡോയിൽ അടക്കമുള്ള ഇറക്കുമതികളുടെ വില വർധിക്കുന്നതിനും പൊതു വിലക്കയറ്റമായി മാറാനും ഇടയാക്കും.

വിലക്കയറ്റത്തെ നേരിടുന്നതിൽ നമ്മുടെ പൊതു വിതരണസ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമത പുകൾപെറ്റതാണ്. വിവിധ സർക്കാർ-അർദ്ധസർക്കാർ ഏജൻസികളുടെ സംയുക്ത ഇടപെടലിലൂടെ നിത്യോപയോഗ സാധനങ്ങളുടെ ലഭ്യതയും വില സ്ഥിരതയും ഉറപ്പുവരുത്തും. മഹാമാരിക്കാലത്ത് പാലിന്റെയും മുട്ടയുടേയും പച്ചക്കറിയുടേയും പഴങ്ങളുടേയും ഉത്പാദനം വർധിപ്പിച്ച് ഭക്ഷ്യവിലക്കയറ്റത്തെ ഫലപ്രദമായി നേരിട്ട അനുഭവം നമ്മുടെ മുമ്പിലുണ്ട്. ആഭ്യന്തര ഉത്പാദനത്തിലും പ്രാദേശിക ഉത്പന്ന സമാഹരണത്തിലും ഊന്നിക്കൊണ്ടുള്ള സമീപനമായിരിക്കും ഇക്കാര്യത്തിൽ കേരളം സ്വീകരിക്കുക. വിലക്കയറ്റ ഭീഷണിയെ അതിജീവിക്കുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുമായി 2022-23 ലെ ബജറ്റിൽ 2000 കോടി രൂപ വകയിരുത്തുന്നുണ്ട്.

വീണ്ടെടുപ്പിന്റെയും വളർച്ചയുടെയും പാതയിലേക്ക് നീങ്ങുന്ന ഈ സന്ദർഭത്തിൽ പ്രകൃതി ദുരന്തങ്ങളും മഹാമാരിയും മാന വരാശിയ്ക്ക് നൽകുന്ന പാഠം വിസ്മരിക്കുന്നത് ഒരു സമൂഹത്തിനും ഭൂഷണമാകില്ല. ഒപ്പം, അസമത്വം വളർത്തുകയും സാമ്പത്തിക വളർച്ച മുരടിപ്പിക്കുകയും ചെയ്യുന്ന ആഗോളവത്കരണ നയങ്ങൾക്ക് ബദൽ കണ്ടെത്തുകയും വേണം. ഈ രണ്ടു ലക്ഷ്യങ്ങളും പരസ്പരവിരുദ്ധമല്ല. പരിസ്ഥിതി സംരക്ഷണവും വികസനത്തിലെ സുസ്ഥിരതയും സാമൂഹികനീതിയും ഉറപ്പുവരുത്തി മെച്ചപ്പെട്ട വളർച്ച കൈവരിക്കാൻ കേരളത്തിന് കഴിയും. നവകേരള നിർമ്മാണം കൊണ്ട് ഉദ്ദേശിക്കുന്നതും അതുതന്നെയാണ്. നവകേരള നിർമ്മാണത്തെ സഹായിക്കുന്ന തരത്തിലാണ് 2022-23 ലേക്കുള്ള ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. അതു തന്നെയാണ് കേരളത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ കേന്ദ്ര ലക്ഷ്യവും.

> **പ്രതിസന്ധി നിറഞ്ഞ കാലത്തും ഉത്തരവാദിത്വങ്ങൾ ഇച്ഛാശക്തിയോടെ നിർവഹിക്കുന്ന സർക്കാരാണ് കേരളത്തിലേത്**

## കേരളത്തിന്റെ നേട്ടങ്ങൾ

ഏറെ പ്രതിസന്ധികൾ നേരിട്ടപ്പോഴും ദേശീയ അന്തർദേശീയ തലത്തിൽ സംസ്ഥാന സർക്കാർ അംഗീകരിക്കപ്പെടുകയുണ്ടായി. കേരളത്തിന്റെ കോവിഡ് പ്രതിരോധത്തെ അന്താരാഷ്ട്ര മാധ്യമങ്ങൾ പോലും പ്രശംസിച്ചു. നീതി ആയോഗിന്റെ ആരോഗ്യ സൂചികയുടെ നാലാം പതിപ്പ് പ്രകാരം 2021-ൽ കേരളം മികച്ച പ്രകടനമാണ് കാഴ്ചവെച്ചത്. ഇതിനൊടൊപ്പം തന്നെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന്റെ കാര്യത്തിലും കേരളം ഒന്നാം സ്ഥാനത്താണ്. വിവിധ സംസ്ഥാനങ്ങളിലെ വികസന സൂചികകൾ പരിശോധിച്ച് പുറത്തിറക്കുന്ന പബ്ലിക് അഫയേഴ്സ് സെന്ററിന്റെ റിപ്പോർട്ട് പ്രകാരവും രാജ്യത്ത് ഏറ്റവും മികച്ച ഭരണ നിർവഹണം കേരളത്തിലാണ്. ഈ സർക്കാർ ഒരു ദീർഘകാല ലക്ഷ്യം മുൻനിർത്തിയാണ് പ്രവർത്തിക്കുന്നത്. അടുത്ത 25 വർഷം കൊണ്ട് കേരളത്തിലെ ജനങ്ങളുടെ ജീവിതനിലവാരം വികസിത മധ്യവരുമാന രാഷ്ട്രങ്ങൾക്ക് സമാന മായി ഉയർത്താൻ കഴിയണം. സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇത് അസാദ്ധ്യമായ ലക്ഷ്യമല്ല. കേരളം പ്രകൃതി കനിഞ്ഞനുഗ്രഹിച്ച നാടാണ്. വികസിത രാജ്യങ്ങളോട് പോലും കിടപിടിക്കുന്ന മനുഷ്യവിഭവശേഷിയും നമുക്കുണ്ട്. ഈ വിഭവശേഷിയോടൊപ്പം അറിവിന്റെ അനന്തമായ സാധ്യതകൾ കൂടി ഉപയോഗിക്കാൻ കഴിഞ്ഞാൽ ലക്ഷ്യമിട്ടതിലും നേരത്തേ തന്നെ ഉദ്ദേശിച്ച നേട്ടങ്ങൾ കൈവരിക്കാനാവും. ഇതിനുതകുന്ന തരത്തിൽ വിജ്ഞാനത്തേയും ഉത്പാദനത്തേയും ബന്ധിപ്പിച്ച് ഒരു പുതിയ വികസന കാഴ്ചപ്പാട് ഈ ബജറ്റിലൂടെ അവതരിപ്പിക്കാനാണ് ശ്രമിക്കുന്നത്.

പ്രതിസന്ധി നിറഞ്ഞ കാലത്തും ഉത്തരവാദിത്വങ്ങൾ ഇച്ഛാശക്തിയോടെ നിർവഹിക്കുന്ന സർക്കാരാണ് കേരളത്തിലേത്. വികസന, ക്ഷേമ പ്രവർത്തനങ്ങൾക്ക് യാതൊരു കുറവും വരുത്താതെ സംസ്ഥാനത്തെ മുന്നോട്ടു കൊണ്ടുപോവുകയാണ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ. നിപയും കോവിഡും പ്രളയവും സൃഷ്ടിച്ച പ്രതിസന്ധികളേയും അസാധാരണമായ വരുമാന നഷ്ടത്തെയും സുധീരമായി നേരിടാൻ നമുക്ക് കഴിഞ്ഞു. ഒരു ദിവസം പോലും ട്രഷറി അടച്ചിടാതെ നമുക്ക് മുന്നോട്ടുപോകാൻ കഴിഞ്ഞു. പ്രത്യേക പരിഗണന നൽകി എല്ലാ വിഭാഗങ്ങളേയും സംരക്ഷിക്കാൻ സർക്കാർ ശ്രദ്ധിച്ചിട്ടുണ്ട്. ഉത്തരവാദിത്വങ്ങളിൽ നിന്നും ഒഴിഞ്ഞുമാറിയുള്ള ചെലവ് ചുരുക്കൽ നയമല്ല, പകരം എല്ലാവരേയും ചേർത്തു പിടിക്കുന്ന സമീപനമാണ് നമ്മുടെ ബദൽ എന്ന് തെളിയിച്ച കാലത്തിനാണ് നാം സാക്ഷ്യം വഹിച്ചത്.■

*(ധനകാര്യമന്ത്രിയുടെ ബജറ്റ് പ്രസംഗത്തിൽനിന്നും)*




# ബജറ്റ് 22-23

**1.34 ലക്ഷം കോടി വരവും 1.57 ലക്ഷം കോടി ചെലവും പ്രതീക്ഷിക്കുന്ന ബജറ്റ്.**

- മൂലധന ചെലവിനായി 14891 കോടി രൂപ
- സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 2.3 ശതമാനം റവന്യൂ കമ്മി, 3.91 ശതമാനം ധനക്കമ്മി, 37.18 ശതമാനം പൊതുകടം.
- വിജ്ഞാനത്തെ ഉത്പാദനവുമായി ബന്ധിപ്പിക്കാനുള്ള നടപടികൾ
- 1000 കോടി രൂപ ചെലവിൽ നാല് സയൻസ് പാർക്കുകൾ.
- നോളജ് എക്കോണമി മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനായി 350 കോടി രൂപ ചെലവിൽ ഡിസ്ട്രിക്ട് സ്കിൽ പാർക്കുകൾ. ഈ പാർക്കുകളിൽ ഭാവി സംരംഭകർക്ക് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ആദ്യ അഞ്ച് വർഷത്തേക്ക് സബ്സിഡിയും മറ്റ് സൗകര്യങ്ങളും.
- 140 കോടി രൂപ ചെലവിൽ എല്ലാ നിയമസഭാ മണ്ഡലങ്ങളിലും സ്കിൽ കോഴ്സുകൾ ആരംഭിക്കും.
- മെഡിക്കൽ സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളെ കോർത്തിണക്കി 100 കോടി രൂപ ചെലവിൽ തിരുവനന്തപുരത്ത് മെഡിക്കൽ ടെക് ഇന്നവേഷൻ പാർക്ക് സ്ഥാപിക്കും.

> **മൂലധന ചെലവിനായി 14891 കോടി രൂപ സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 2.3 ശതമാനം റവന്യു കമ്മി, 3.91 ശതമാനം ധനക്കമ്മി, 37.18 ശതമാനം പൊതുകടം**

- ആരോഗ്യ സംരക്ഷണം, ജനിതക വൈകല്യങ്ങളുടെ പഠനം, പ്രാഥമിക മേഖലയുടെ ഉത്പാദന ക്ഷമത മെച്ചപ്പെടുത്തൽ, മെഡിക്കൽ, കാർഷിക, കന്നുകാലി മേഖലയുമായി ബന്ധപ്പെട്ട് 500 കോടി രൂപ ചെലവിൽ കേരള ജനോമിക് ഡേറ്റാ സെന്റർ.
- ന്യൂട്രാസ്യൂട്ടിക്കൽസിൽ സെന്റർ ഓഫ് എക്സലൻസ് സ്ഥാപിക്കുന്നതിന് തുടക്കം കുറിക്കും.
- കൊല്ലത്തും കണ്ണൂരും പുതിയ ഐ.ടി പാർക്കുകൾ, കൂടാതെ ദേശീയ പാത 66-ന് സമാന്തരമായി നാല് ഐ.ടി ഇടനാഴികൾ.
- അൻപതിനായിരം മുതൽ രണ്ട് ലക്ഷം വരെ ചതുരശ്ര അടി വിസ്തീർണ്ണമുള്ള 20 പുതിയ മൈക്രോ ഐ.ടി പാർക്കുകൾ.
- അഭ്യസ്തവിദ്യരായ വീട്ടമ്മമാർക്കുൾപ്പെടെ ഐ.ടി തൊഴിലുകളുടെ ഭാഗമാകാൻ കഴിയുന്ന ഐ.ടി അധിഷ്ഠിത സൗകര്യങ്ങളുള്ള 'വർക്ക് നിയർ ഹോം' പദ്ധതി 50 കോടി രൂപ ചെലവിൽ
- വ്യാവസായിക വളർച്ച ഗണ്യമായി വർധിപ്പിക്കുന്നതിനുള്ള ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കുകളും സ്വകാര്യ വ്യവസായ പാർക്കുകളും സ്ഥാപിക്കും.
- കാർഷിക വിഭവങ്ങളിൽ നിന്നും മൂല്യവർധിത ഉത്പന്നങ്ങളുണ്ടാക്കാൻ മൂല്യവർധിത കാർഷിക മിഷൻ.
- മൂല്യവർധിത കാർഷിക ഉത്പന്നങ്ങൾക്കുള്ള ബൾക്ക് ടെട്രാ പാക്കിംഗ്, പരിശോധനാ സർട്ടിഫിക്കേഷൻ മുതലായവയ്ക്ക് 175 കോടി രൂപ ചെലവിൽ അഗ്രിടെക് ഫെസിലിറ്റി കേന്ദ്രങ്ങൾ
- കേരളത്തിന്റെ തനതായ ഉത്പന്നങ്ങൾ



## വികസന കേരളത്തിനായി

# ബജറ്റ് 22-23

ഉത്പാദിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനും 100 കോടി രൂപ ചെലവിൽ 10 മിനി ഫുഡ് പാർക്കുകൾ.

- കാർഷിക മൂല്യവർധിത ഉത്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്താൻ സിയാൽ മാതൃകയിൽ 100 കോടി രൂപ മൂലധനത്തിൽ മാർക്കറ്റിംഗ് കമ്പനി.
- റഷ്യ-യുക്രൈൻ സംഘർഷത്തിന്റെ ഭാഗമായി നാട്ടിലേക്ക് തിരികെ വന്ന വിദ്യാർത്ഥികളുടെ തുടർപഠനം സാധ്യമാക്കാനും സർട്ടിഫിക്കറ്റുകളും രേഖകളും കൈമോശം വന്നവർക്ക് അത് വീണ്ടെടുക്കാനും വിദേശത്ത് പഠിക്കുന്ന മലയാളികളുടെ ഡേറ്റാ ബാങ്ക് തയ്യാറാക്കാനുമായി നോർക്ക വകുപ്പിന് 10 കോടി രൂപ.
- 2050 ഓടെ നെറ്റ് സീറോ കാർബൺ എമിഷൻ എന്ന ലക്ഷ്യം കൈവരിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കും.
- ആദിത്യ മാതൃകയിൽ അടുത്ത അഞ്ച് വർഷം കൊണ്ട് 50 ശതമാനം ഫെറി ബോട്ടുകളും സൗരോർജ ത്തിലാക്കും. വീടുകളിൽ സൗരോർജ പാനലുകൾ സ്ഥാപിക്കുന്നതിനായി ഉപഭോക്താക്കൾക്ക് 500 കോടി രൂപയുടെ വായ്പ.
- 2023-24 സാമ്പത്തികവർഷം മുതൽ ബജറ്റിനോടൊപ്പം പാരിസ്ഥിതിക ചെലവ് വിവരങ്ങളടങ്ങിയ 'പരിസ്ഥിതി ബജറ്റ് ' അവതരിപ്പിക്കും.
- നെല്ലിന്റെ താങ്ങുവില 28.2 രൂപയായി ഉയർത്തും.
- മനുഷ്യ-വന്യമൃഗ സംഘർഷങ്ങളിൽ പരിക്കേൽക്കുന്നവർക്കും ജീവഹാനി സംഭവിക്കുന്നവർക്കും നഷ്ടപരിഹാരം നൽകുന്നതിനായി ഏഴ് കോടി രൂപ.
- കേരള ഗ്രാമീൺ ബാങ്കിന്റെ അധിക മൂലധന നിക്ഷേപം നടത്തുന്നതിനായി 91.75 കോടി രൂപ
- സിയാലിനെ പൊതുമേഖലയിൽ നിലനിർത്താൻ 186 കോടി രൂപയുടെ മൂലധന നിക്ഷേപം.
- രണ്ടാം കുട്ടനാട് പാക്കേജിനായി 140 കോടി രൂപ
- ഇടുക്കി, വയനാട്, കാസർഗോഡ് പാക്കേജുകൾക്കായി 75 കോടി രൂപ വീതം
- ശബരിമല മാസ്റ്റർ പ്ലാനിനായി 30 കോടി രൂപ
- വഴിയോര കച്ചവടക്കാർക്ക് വെളിച്ചത്തിനും വൈദ്യുതോ പകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും സോളാർ പുഷ് കാർട്ടുകൾ
- 28 കോടി രൂപ ചെലവിൽ ഇലക്ട്രോണിക്സ് ഹാർഡ് വെയർ ടെക്നോളജി ഹബ്ബ്
- കശുവണ്ടി വ്യവസായത്തെ പ്രോത്സാഹിപ്പിക്കാൻ ബാങ്ക് ലോണുകൾക്ക് പലിശയിളവ് നൽകാനും തൊഴിൽ നൽകുന്നതിനനുസരിച്ച് പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കാനുമായി 30 കോടി രൂപ
- കയർ മേഖലയ്ക്ക് 117 കോടി രൂപ, കയറുൽപ്പന്നങ്ങളുടെ വിലസ്ഥിരത ഫണ്ടിനായി 38 കോടി രൂപ
- സ്കൂൾ യൂണിഫോമിന് 140 കോടി രൂപ
- കൈത്തറി മേഖലയിൽ മൂല്യവർധിത ഉത്പാദനം, സാങ്കേതികവിദ്യാ നവീകരണം എന്നിവ സാധ്യമാക്കാൻ 40.56 കോടി രൂപയുടെ മാർക്കറ്റിംഗ് ഇൻസെന്റീവ്.
- കെ.എസ്.ഐ.ഡി.സിയുടെ മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതിയുടെ കീഴിൽ 100 സ്റ്റാർട്ടപ്പുകൾക്കും MSME-കൾക്കും രണ്ട് കോടി രൂപ സാമ്പത്തിക സഹായം
- ഐ.ടി മേഖലയ്ക്ക് 559 കോടി രൂപ
- സർക്കാർ സേവനങ്ങൾ വേഗത്തിൽ പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിന് സംസ്ഥാനത്തുടനീളം 2000 വൈ-ഫൈ ഹോട്ട് സ്പോട്ടുകൾ
- സ്റ്റാർട്ടപ്പ് ഉത്പന്നങ്ങളുടെ വിപണനത്തിനായി സർക്കാർ വകുപ്പുകളിലെ വാങ്ങലുകളിൽ മുൻഗണന. ഇതിനായി വെബ് പോർട്ടൽ
- ദേശീയ പാത അതോറിറ്റിയുടെ കീഴിൽ 1.31 ലക്ഷം കോടിയുടെ വിവിധ റോഡുനിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിൽ സ്ഥലമേറ്റെടുക്കലിന്റെ 25-50 ശതമാനം തുക സർക്കാർ വഹിക്കുന്നു.
- തിരുവനന്തപുരം അങ്കമാലി എം.സി റോഡിന്റെയും, കൊല്ലം-ചെങ്കോട്ട റോഡിന്റെയും വികസനത്തിനായി കിഫ്ബി വഴി 1500 കോടി
- റോഡുകൾക്കും പാലങ്ങൾക്കുമായി 1207 കോടി രൂപ.
- റോഡ് നിർമ്മാണത്തിൽ റബ്ബർ മിശ്രിതം കൂടി ചേർക്കുന്ന പദ്ധതിക്കായി 50 കോടി രൂപ
- കെ.എസ്.ആർ.ടി.സിയ്ക്ക് 1106 കോടി രൂപ
- സ്ത്രീ സുരക്ഷ മുൻനിർത്തി പൊതുഗതാഗത സംവിധാനങ്ങളിൽ ലൊക്കേഷൻ ട്രാക്കിംഗ് സംവിധാനം
- കെ-റെയിൽ പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുന്നതിനായി കിഫ്ബി വഴി 2000 കോടി രൂപ.
- ഇടുക്കി- വയനാട് കാസർഗോഡ് എയർ സ്ട്രിപ്പ് നിർമ്മാണത്തിന്റെ ഡി.പി.ആർ തയ്യാറാക്കുന്നതിനായി 4.51 കോടി രൂപ.
- ശബരിമല ഗ്രീൻഫീൽഡ് എയർപോർട്ടിന്റെ സാധ്യതാ പഠനത്തിനും ഡി.പി.ആർ തയ്യാറാക്കുന്നതിനുമായി രണ്ട് കോടി രൂപ.
- ഇന്ത്യൻ പ്രീമിയർ ലീഗിന്റെ മാതൃകയിൽ വിഭാവനം ചെയ്ത ചാമ്പ്യൻസ് ബോട്ട് ലീഗിനായി 15 കോടി രൂപ

> **2023 – 24 സാമ്പത്തികവർഷം മുതൽ ബജറ്റിനോടൊപ്പം പാരിസ്ഥിതിക ചെലവ് വിവരങ്ങളടങ്ങിയ 'പരിസ്ഥിതി ബജറ്റ്' അവതരിപ്പിക്കും.**



- കേരളത്തിലെ എല്ലാ നിയമസഭാ മണ്ഡലങ്ങളിലും സഞ്ചരിക്കുന്ന റേഷൻ കടകൾ
- പട്ടികവിഭാഗങ്ങളിൽ പ്പെട്ടവരും മത്സ്യത്തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന ഇടങ്ങളിൽ വാതിൽപ്പടി റേഷൻകട.
- സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കായി 342.64 കോടി രൂപ.
- കെ-ഡിസ്കിന് 200 കോടി രൂപ
- നവോത്ഥാന നായകനും സ്വാതന്ത്ര്യസമര സേനാനിയുമായ സഖാവ് പി.കൃഷ്ണപിള്ളയുടെ ജന്മസ്ഥലമായ വൈക്കത്ത് രണ്ട് കോടി രൂപ ചെലവിൽ പി.കൃഷ്ണപിള്ള നവോത്ഥാന പഠന കേന്ദ്രം.
- കഥകളിയുടെ ജന്മദേശമായ കൊട്ടാരക്കരയിൽ കൊട്ടാരക്കര തമ്പുരാന്റെ നാമധേയത്തിൽ രണ്ട് കോടി രൂപ ചെലവിൽ കഥകളി പഠന കേന്ദ്രം.
- വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസിന്റെ സ്മരണാർത്ഥം മാന്നാനത്ത് ഒരു കോടി രൂപ ചെലവിൽ ചാവറ സാംസ്കാരിക ഗവേഷണ കേന്ദ്രം.
- പ്രശസ്ത സംഗീതജ്ഞൻ എം.എസ്. വിശ്വനാഥന് പാലക്കാട് സ്മാരകം നിർമ്മിക്കാൻ ഒരു കോടി രൂപ
- ചേരനല്ലൂരിൽ പണ്ഡിറ്റ് കറുപ്പന്റെ സ്മൃതിമണ്ഡപം നിർമ്മിക്കാൻ 30 ലക്ഷം രൂപ
- സ്പോർട്സ് എക്കോണമി ശക്തിപ്പെടുത്താൻ സ്വകാര്യമേഖലയുടെ പങ്കാളിത്തത്തോടുകൂടി കായിക ഉപകരണങ്ങളുടെ ഉത്പാദനം വർധിപ്പിക്കാനുള്ള നടപടികൾ.
- കാൻസർ കെയർ സ്യൂട്ട് എന്ന പേരിൽ കാൻസർ രോഗികളുടെയും ബോൺമാരോ ദാതാക്കളുടെയും വിവരങ്ങളും സമഗ്ര കാൻസർ നിയന്ത്രണതന്ത്രങ്ങളും ഉൾപ്പെടുത്തിയ സോഫ്റ്റ് വെയർ വികസിപ്പിക്കും.
- അതിദാരിദ്ര്യ ലഘൂകരണ പ്രാരംഭ പ്രവർത്തനങ്ങൾക്ക് 100 കോടി രൂപ.
- കൊച്ചി, കോഴിക്കോട് നഗരങ്ങളുടെ വിവിധ റോഡുകളുടെ വികസന പ്രവർത്തന പദ്ധതികൾക്ക് ഡി.പി.ആർ തയ്യാറാക്കുന്നതിന് അഞ്ച് കോടി രൂപ.
- തിരുവനന്തപുരത്തും കൊച്ചിയിലും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തുല്യ അനുപാതത്തിലുള്ള സ്മാർട്ട് സിറ്റി മിഷൻ.
- അതിഥിത്തൊഴിലാളികളെ രജിസ്റ്റർ ചെയ്യിച്ച് തിരിച്ചറിയൽ നമ്പർ നൽകാനായി കേരള അതിഥി മൊബൈൽ ആപ്പ് പദ്ധതി
- പട്ടികജാതി പട്ടിക വർഗ വിഭാഗത്തിലെ കുട്ടികളുടെ പ്രതിമാസ മെസ്സ് അലവൻസ് വർധിപ്പിക്കും.
- പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ട സിവിൽ എഞ്ചിനീയറിംഗ് ബിരുദം/ഡിപ്ലോമ/ഐ.ടി.ഐ യോഗ്യതയുള്ളവരെ അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസിയർമാരായി രണ്ട് വർഷത്തേക്ക് നിയമിക്കും
- ഇടമലക്കുടിക്കായി സമഗ്ര വികസന പാക്കേജ്
- ട്രാൻസ്ജൻഡറുകൾക്ക് തൊഴിലവസരങ്ങൾ



> **സ്പോർട്സ് എക്കോണമി ശക്തിപ്പെടുത്താൻ സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടു കൂടി കായിക ഉപകരണങ്ങളുടെ ഉത്പാദനം വർധിപ്പി ക്കാനുള്ള നടപടികൾ**

സൃഷ്ടിക്കാനും സാമൂഹിക പരിരക്ഷ നൽകാനുമുള്ള മഴവിൽ പദ്ധതിയ്ക്ക് അഞ്ച് കോടി രൂപ.

- കിഫ്ബി വഴി 2134.5 കോടി രൂപയുടെ ടിൻ ടണൽ പദ്ധതിക്കും തലപ്പാടി-കാരോട് ദേശീയപാതയുടെ സ്ഥലമേറ്റെടുക്കലിനുമായി 6769 കോടി രൂപയും.
- കോവിഡിനെ തുടർന്ന് നിർത്തിവെച്ചിരുന്ന ലോട്ടറികൾ പുനഃസ്ഥാപിക്കും.
- കോവിഡിന് മുമ്പുണ്ടായിരുന്ന സ്ഥിതിയിലേക്ക് ലോട്ടറികളുടെ ഘടനയും പ്രവർത്തനങ്ങളും എത്തിക്കും.
- ട്രഷറി ഇടപാടുകളുടെ പൂർണ്ണ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഏപ്രിൽ ഒന്ന് മുതൽ ആധാർ അധിഷ്ഠിത ബയോമെട്രിക് തിരിച്ചറിയൽ സംവിധാനം ഏർപ്പെടുത്തും.
- ട്രഷറി വഴി യൂട്ടിലിറ്റി പേയ്മെന്റുകൾ സാധ്യമാക്കാൻ അടുത്ത സാമ്പത്തിക വർഷം മുതൽ ഇ-വാലറ്റ് സംവിധാനം
- കെ.എസ്.എഫ്.ഇ അടുത്ത സാമ്പത്തിക വർഷത്തിൽ മൂന്ന് മേഖലാ ഓഫീസുകളും 50 പുതിയ ശാഖകളും 15 മൈക്രോ ശാഖകളും ആരംഭിക്കും.
- കെ.എഫ്.സിയുടെ വായ്പാ ആസ്തി അടുത്ത രണ്ട് വർഷത്തിനകം പതിനായിരം കോടി രൂപയായി വർധിപ്പിക്കും.
- കെ.എഫ്.സിയുടെ സ്റ്റാർട്ടപ്പ് കേരള പദ്ധതി വഴി അടുത്ത വർഷം 250 കോടി രൂപയുടെ ലോണുകൾ
- കെ.എഫ്.സിയുടെ മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി യുടെ വായ്പാപരിധി രണ്ട് കോടി രൂപയായി വർധിപ്പിക്കും.
- ചെറുകിട ഇടത്തരം സംരംഭകരുടെ ബിൽ ഡിസ്കൗണ്ട് പദ്ധതിയ്ക്കായി 1000 കോടി
- KFC വഴി MSME പ്രവർത്തന മൂലധന വായ്പ യ്ക്കായി 500 കോടി
- കാർഷിക വ്യവസായങ്ങൾക്ക് അഞ്ച് ശതമാനം പലിശ നിരക്കിൽ KFC വഴി 10 കോടി രൂപയുടെ വായ്പ
- ജി.എസ്.ടി ഇൻവോയിസുകൾ അപ്‌ലോഡ് ചെയ്യുന്നവരിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ആകർഷകമായ സമ്മാനങ്ങൾ നൽകുന്നതിനായി ലക്കി ബിൽ പദ്ധതി

## നികുതി നിർദ്ദേശം

- അബദ്ധത്തിൽ കൂടുതൽ തുക പ്രളയ സെസ്സ് ആയി അടച്ചവർക്ക് റീഫണ്ട് നൽകുന്നതിന് നിയമത്തിൽ ഭേദഗതി വരുത്തും.
- 15 വർഷത്തിന് മുകളിലുള്ള പഴയ വാഹനങ്ങളുടെ ഹരിത നികുതി 50 ശതമാനം വർധിപ്പിക്കും.
- രണ്ട് ലക്ഷം രൂപ വരെയുള്ള മോട്ടോർ സൈക്കിളുകളുടെ ഒറ്റത്തവണ മോട്ടോർ വാഹന നികുതി ഒരുശതമാനം വർധിപ്പിക്കും.
- രജിസ്ട്രേഷൻ വകുപ്പിൽ അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിനുള്ള കോമ്പൗണ്ടിംഗ് പദ്ധതി അടുത്ത സാമ്പത്തികവർഷത്തിലേക്ക് നീട്ടും.
- ഭൂമിയുടെ ന്യായവില 10 ശതമാനം വർധിപ്പിക്കും.
- വിവിധ നികുത നിർദ്ദേശങ്ങളിലൂടെ 602 കോടി രൂപ സമാഹരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ■



> കാർഷിക വ്യവസായങ്ങൾക്ക് അഞ്ച് ശതമാനം പലിശ നിരക്കിൽ KFC വഴി 10 കോടി രൂപയുടെ വായ്പ



# വിജ്ഞാനാധിഷ്ഠിത വികസനം

**ആർജിതവിജ്ഞാനം എങ്ങനെ സമൂഹത്തിന് ഗുണകരമാം വിധം മാറ്റിത്തീർക്കാം എന്നതു സംബന്ധിച്ച് പ്രസംഗത്തിനപ്പുറം ക്രിയാത്മക നിർദ്ദേശങ്ങൾ ഉന്നയിക്കുന്നു എന്നതാണ് ബജറ്റിന്റെ പ്രത്യേകത**



**പ്രൊഫ.കെ.എൻ.ഗംഗാധരൻ**
സാമ്പത്തികവിദഗ്ധൻ

സംസ്ഥാനത്ത് നിക്ഷേപം വർധിക്കുന്നതിനും ഉത്പാദനം ഉയർത്തുന്നതിനും മുന്നിലെ കീറാമുട്ടി പശ്ചാത്തല സൗകര്യങ്ങളുടെ അപര്യാപ്തതയായിരുന്നു വല്ലോ. ആരോഗ്യവും വിദ്യാഭ്യാസവുമുള്ള തൊഴിലാളികളും സാങ്കേതിക വിദഗ്ധരും, മികച്ച റോഡുകൾ, പാലങ്ങൾ, തുറമുഖങ്ങൾ, വൈദ്യുതി, ഇന്റർനെറ്റ് കണക്റ്റിവിറ്റി ഇവയെല്ലാം ഉള്ളിടത്തേ മൂലധന നിക്ഷേപം നടക്കൂ. ഇവ ഒരുക്കി നൽകേണ്ടത് സർക്കാരിന്റെ കടമയാണ്. ആ രംഗങ്ങളിൽ ഏറെ പിന്നിലായിരുന്നു കേരളം. പ്രസ്തുത പോരായ്മയാണ് കിഫ്ബിയുടെ സാമ്പത്തികപിന്തുണയോടെ ഫലപ്രദമായി മറികടന്നത്. മെച്ചപ്പെട്ട ചികിത്സാസൗകര്യങ്ങളും വിദ്യാലയങ്ങൾ, ഗതാഗതസൗകര്യങ്ങളും ഇവയെല്ലാം നിലവിൽ വന്നു. അങ്ങനെ വികസനക്കുതിപ്പിന് കളമൊരുങ്ങി.

സ്വാഭാവികമായും ആർജിതവിജ്ഞാനം വളർത്തുകയും അത് സമൂഹത്തിനാകമാനം പ്രയോജനപ്പെടും വിധം ഉത്പാദക-തൊഴിൽ സംരംഭങ്ങളെ ചലിപ്പിക്കുകയും ചെയ്യുക അനിവാര്യതയായി മാറി. അതാണ് വിജ്ഞാനാധിഷ്ഠിത സാമ്പത്തിക വികസനത്തിന്റെ പശ്ചാത്തലം. ബജറ്റ് പ്രസംഗം ചൂണ്ടിക്കാണിക്കുന്നതുപോലെ കണ്ടെത്തലുകൾ ഉത്പാദകമേഖലയ്ക്കു ഗുണകരമാവുന്ന തരത്തിൽ ഉപയോഗിക്കപ്പെടണം. വിജ്ഞാനം അക്കാദമിക് വൃത്തത്തിൽ ചുരുങ്ങി നിൽക്കാതെ പ്രായോഗിക ജീവിതത്തിന് ഗുണപ്പെടുന്ന

തരത്തിൽ മാറ്റണം.

ആർജിതവിജ്ഞാനം എങ്ങനെ വികസിപ്പിക്കാം, എങ്ങനെ സമൂഹത്തിന് ഗുണപ്പെടും വിധം മാറ്റിത്തീർക്കാം എന്നതു സംബന്ധിച്ച് പ്രസംഗത്തിനപ്പുറം ക്രിയാത്മക നിർദ്ദേശങ്ങൾ ഉന്നയിക്കുന്നു എന്നതാണ് ബജറ്റിന്റെ പ്രത്യേകത. അഥവാ റവന്യൂവരുമാനം, റവന്യൂ ചെലവ് ധനകമ്മി തുടങ്ങിയ സാങ്കേതിക സംജ്ഞകളിൽ അഭിരമിക്കുന്നതല്ല ബജറ്റ്. മാത്രവുമല്ല കേന്ദ്രത്തിലേതു പോലുള്ള ധനകാര്യ യാഥാസ്ഥിതികത്വം പുതിയ നിർദ്ദേശങ്ങളും പദ്ധതികളും ഉന്നയിക്കുന്നതിൽ തടസ്സമാകുന്നുമില്ല. ധനകമ്മി അൽപം കൂടിയാലും ആകാശം ഇടിഞ്ഞുവീഴുകയൊന്നുമില്ല. തീർച്ചയായും അതിരുവിടാതെ നോക്കണം. ആയതിനാണ് ബജറ്റേതര വരുമാന മാർഗമായ കിഫ്ബിയുടെ സഹായം.

## വിജ്ഞാന സമൂഹത്തിലേക്ക്

വിജ്ഞാന സമൂഹത്തിലേക്കുള്ള ചുവടുവെയ്പ്പുകൾ ഏതെന്നു അക്കമിട്ടുനിരത്തുന്നുണ്ട് ബജറ്റ്. വിദ്യാഭ്യാസവും തൊഴിലും തമ്മിലെ ബന്ധമില്ലായ്മ, നമ്മുടെ വിദ്യാഭ്യാസപദ്ധതിയുടെ മുഖ്യ ന്യൂനതയാണ്. പഠിച്ചിട്ടെന്തിന് എന്ന ആത്മരോദനം ഈ ബന്ധമില്ലായ്മയുടെ പ്രതിഫലനമാണ്. കോളേജുകളിൽ നിന്നും സർവകലാശാലകളിൽ നിന്നു വിദ്യാഭ്യാസം പൂർത്തിയാക്കി ഇറങ്ങുന്നവർ ഒരു തൊഴിലും ചെയ്യാൻ പ്രാപ്തരല്ലാത്ത സ്ഥിതിയുണ്ട്. ഗവേഷണസ്ഥാപനങ്ങളുടെ കണ്ടുപിടിത്തങ്ങളും നിരീക്ഷണങ്ങളും പ്രബന്ധരൂപത്തിൽ ഷെൽഫുകളിൽ വിശ്രമം കൊള്ളുകയും ചെയ്യുന്നു. എൻജിനീയറിങ്, പോളിടെക്നിക്, ഐ.ടി.ഐ , ആർട്സ് ആന്റ് സയൻസ് കോളേജുകൾ എന്നിവയോടു ചേർന്ന് ആധുനിക സൗകര്യങ്ങളുള്ള ചെറിയ വ്യവസായ യൂണിറ്റുകളും സ്റ്റാർട്ടപ്പുകളും ആരംഭിക്കാനുള്ള നിർദ്ദേശം ഇവിടെയാണ് പ്രസക്തമാകുന്നത്. പഠനത്തോടൊപ്പം പരിശീലനവും വരുമാനവും ഉറപ്പാക്കുന്നതാണ് ഈ സംവിധാനം. ലോകത്ത് പല വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഈ രീതി നിലവിലുണ്ട്.

സർവകലാശാലാ ക്യാമ്പസുകളിൽ ട്രാൻസ്‌ലേഷണൽ റിസർച്ച് സെന്ററുകൾ സ്ഥാപിക്കുന്നതിന് ബജറ്റ് മുൻഗണന നൽകുന്നുണ്ട്. കണ്ടുപിടിത്തങ്ങൾ പ്രായോഗിക ജീവിതത്തിന് ഉതകും വിധം പരുവപ്പെടുത്തുന്ന പ്രക്രിയയാണ് ട്രാൻസ്‌ലേഷണൽ ഗവേഷണം. ഒരു സർവകലാശാലയ്ക്ക് 20 കോടിരൂപ വീതം ആകെ 200 കോടി രൂപ ചെലവു കണക്കാക്കുന്നു. സ്വന്തമായി പുതിയ കോഴ്സുകൾ വിഭാവനം ചെയ്തുനടപ്പാക്കുന്നതിന് ബജറ്റ് തുക വകയിരുത്തുന്നുണ്ട്. മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്റ്ററൽ സ്കോളർഷിപ്പുകളായി 150 ഗവേഷണ സ്കോളർഷിപ്പുകൾ, യൂണിവേഴ്സിറ്റികളിൽ അധികമായി 1500 പുതിയ ഹോസ്റ്റൽ മുറികൾ, വിദേശ വിദ്യാർഥികൾക്കായുള്ള 250 ഇന്റർനാഷണൽ ഹോസ്റ്റൽ മുറികൾ എന്നിവയും ബജറ്റ് നിർദ്ദേശിക്കുന്നു. ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ലോകനിലവാരത്തോടു കിടപിടിക്കത്തക്കവിധം ഉയരുമ്പോൾ കേരളം വിദേശവിദ്യാർഥികൾക്ക് ആകർഷണ കേന്ദ്രമായി മാറും. ചെലവു കുറഞ്ഞ, ഉയർന്ന ഗുണമേൻമയുള്ള ആരോഗ്യ ചികിത്സ വിദേശങ്ങളിൽ നിന്ന് പോലും രോഗികളെ ആകർഷിക്കുന്നുണ്ടല്ലോ. ചുരുക്കത്തിൽ സർവകലാശാലകളും കോളേജുകളും വൈജ്ഞാനിക അന്തരീക്ഷത്തിന്റെ പുതിയൊരു ലോകം സൃഷ്ടിക്കും.

## വ്യവസായ വളർച്ചയും തൊഴിൽ നൈപുണിയും

തൊഴിൽ നൈപുണി തൊഴിൽ ലഭ്യതയ്ക്ക് അനുപേക്ഷണീയമാണ്. 20 ലക്ഷം തൊഴിൽ ലക്ഷ്യമിട്ട് സർക്കാർ നോളഡ്ജ് ഇക്കോണമി മിഷൻ ആരംഭിച്ചിരുന്നു.

തൊഴിൽ നൈപുണി സൃഷ്ടിക്കുകയാണ് അതിന്റെ ലക്ഷ്യം. മിഷന്റെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും സ്കിൽ പാർക്കുകൾ നിർമ്മിക്കും. ഓരോ പാർക്കിനും ആവശ്യമായ 10-15 ഏക്കർ ഭൂമി കിഫ്ബി വഴി ലഭ്യമാക്കും. ജില്ലാ നൈപുണ്യ വികസന പാർക്കുകൾക്കു വേണ്ട 350 കോടി രൂപ കിഫ്ബി വഴി ലഭ്യമാക്കും. സ്കിൽ പാർക്കുകളിലെ പകുതിസ്ഥലം വൈദഗ്ധ്യം തെളിയിച്ച പ്രമുഖ സ്ഥാപനങ്ങൾക്കാണ്. സ്കിൽ കോഴ്സുകൾ ഏറ്റെടുക്കുന്നതിന് ആർട്സ് ആന്റ് സയൻസ് കോളേജുകൾ, പോളിടെക്നിക്കുകൾ, ഐടിഐകൾ എന്നിവയ്ക്കു പ്രോത്സാഹനം നൽകും. കെ-ഡിസ്ക്കുമായി സഹകരിച്ച് കോഴ്സുകൾ ഏറ്റെടുക്കുന്ന സ്ഥാപനങ്ങൾക്ക് ധനസഹായമായി 140 കോടി രൂപ ബജറ്റ് വകയിരുത്തുന്നു.

മൈക്രോബയോം രംഗത്ത് മികവിന്റെ കേന്ദ്രം സ്ഥാപിക്കുന്നതിന് ബജറ്റ് നിർദ്ദേശിക്കുന്നു. മനുഷ്യശരീരം, ചർമ്മം, മണ്ണ് എന്നിവയിലെ സൂക്ഷ്മാണുക്കളെക്കുറിച്ചുള്ള പഠനം വളരെ പ്രാധാന്യം നേടിത്തരുന്ന ഒരു മേഖലയാണ്

മെഡിക്കൽ സംരംഭക ഇക്കോസിസ്റ്റം സൃഷ്ടിക്കുന്നതിന് മെഡിക്കൽ സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട അനുബന്ധ സ്ഥാപനങ്ങളെ കൂട്ടിയിണക്കി കൺസോർഷ്യം രൂപീകരിക്കുന്നതിന് ബജറ്റ് വ്യവസ്ഥ ചെയ്യുന്നു. തലസ്ഥാനത്ത് മെഡിക്കൽ ടെക്നോളജി ഇന്നൊവേഷൻ പാർക്ക് സ്ഥാപിക്കുന്നതിന് കിഫ്ബി മുഖേന 100 കോടി രൂപ വകയിരുത്തുന്നുണ്ട്. കെ-ഡിസ്ക് സ്ഥാപിക്കുന്ന കേരള ജീനോം ഡാറ്റാ സെന്റർ ആരോഗ്യ സംരക്ഷണം, ജനിതക വൈകല്യ പഠനം, പ്രാഥമിക മേഖലയിലെ ഉത്പാദനം വർധിപ്പിക്കൽ രംഗങ്ങളിൽ ക്രമീകരിക്കും. 500 കോടി രൂപയുടെ പദ്ധതി നടത്തിപ്പ് ചുമതല കേരള സർവകലാശാലക്കായിരിക്കും. മൈക്രോബയോം രംഗത്ത് മികവിന്റെ കേന്ദ്രം സ്ഥാപിക്കുന്നതിന് ബജറ്റ് നിർദ്ദേശിക്കുന്നു. മനുഷ്യശരീരം, ചർമ്മം, മണ്ണ് എന്നിവയിലെ സൂക്ഷ്മാണുക്കളെക്കുറിച്ചുള്ള പഠനം വളരെ പ്രാധാന്യം നേടിത്തരുന്ന ഒരു മേഖലയാണ്. രോഗ പ്രതിരോധത്തിനും ചികിത്സയ്ക്കും പ്രയോജനകരമാകുന്ന ഭക്ഷണമോ ഭക്ഷണ പദാർത്ഥമോ ആണ് 'ന്യൂടാസ്യൂട്ടിക്കൽ'. ഇവയുടെ ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിനും നിർദ്ദേശമുണ്ട്. ഗ്രാഫീൻ'ഇന്നൊവേഷൻ സെന്ററാണ് മറ്റൊരു ബജറ്റ് നിർദ്ദേശം. നാളെയുടെ അദ്ഭുത പദാർത്ഥം എന്ന് ഗ്രാഫീൻ അറിയപ്പെടുന്നു. വജ്രത്തേക്കാൾ 40 ഇരട്ടിയും ഉരുക്കിനേക്കാൾ 200 ഇരട്ടിയും ശക്തിയേറിയതും അതീവ സുതാര്യവുമായ പദാർത്ഥമാണ് ഗ്രാഫീൻ.

ഇലക്ട്രോണിക്സ്, വ്യവസായം, നിർമ്മാണ



മേഖലകൾ തുടങ്ങിയ രംഗങ്ങളിൽ വലിയ മാറ്റങ്ങൾ വരുത്താൻ പര്യാപ്തമായ വസ്തുവാണത്.

വ്യവസായ വളർച്ചയുടെ നിർണായക ഘടകങ്ങളാണ് ഇന്റർനെറ്റ് കണക്ടിവിറ്റി, വൈദ്യുതിയുടെ ലഭ്യത, സിവിൽ ഇൻഫ്രാസ്ട്രക്ചർ, ഗുണനിലവാരമുള്ള ആരോഗ്യപരിപാലന സംവിധാനം, വൃത്തിയുള്ള അന്തരീക്ഷം തുടങ്ങിയവ. ഇക്കാര്യങ്ങളിൽ ഏറെ മുന്നിലാണ് കേരളം. അവ സൗകര്യപ്രദമായി ലഭ്യമാക്കുന്നതിനാണ് ഐ.ടി ഇടനാഴികൾ. ഐ.ടി ഇടനാഴികളുടെ വിപുലീകരണം ബജറ്റിന്റെ പ്രധാന നിർദ്ദേശങ്ങളിലൊന്നാണ്.

കൂടുതൽ ഐ.ടി ഇന്നൊവേഷൻ ഇടനാഴികൾ, അവയുടെ വിപുലീകരണം, സാറ്റലൈറ്റ് ഐ.ടി പാർക്കുകൾ തുടങ്ങി ഐ.ടി വികസനത്തിനും ഐ.ടി ഉത്പന്നങ്ങളുടെ കയറ്റുമതിക്കും ബജറ്റ് ഊന്നൽ നൽകുന്നു. ഐ.ടി ഇതര വ്യവസായങ്ങളുടെ ഒരു പ്രശ്നം വേണ്ടത്ര പരിശീലനം നേടിയവരുടെ കുറവാണ്.
അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് ഐ.ടി സ്ഥാപനങ്ങളിലും മറ്റ് വ്യവസായ സ്ഥാപനങ്ങളിലും ആവശ്യമായ പരിശീലനം നൽകും. പരിശീലനച്ചെലവിൽ 5000 രൂപ സർക്കാർ വഹിക്കും. 5000 രൂപ സ്ഥാപനവും. 5000 പേർക്ക് പരിശീലനം നൽകാൻ ലക്ഷ്യമിടുന്നു. ആറ് മാസത്തെ പരിശീലനം കഴിഞ്ഞാൽ അടുത്ത ബാച്ചിന് പരിശീലനം ലഭിക്കും. അതൊരു തുടർ പ്രക്രിയയാണ്.

## മൂലധനനിക്ഷേപം

വീട്ടമ്മമാർക്ക് ഏറെ യാത്ര ചെയ്യാതെ വീടിനടുത്തുതന്നെ ജോലിചെയ്യാനുതകുന്ന വർക്ക് നിയർ ഹോം പദ്ധതി നടപ്പിലാക്കും. ആയതിന് 50 കോടി രൂപ വകയിരുത്തുന്നു. സ്വകാര്യ നിക്ഷേപത്തോട് തുറന്ന സമീപനമാണ് ബജറ്റിനുള്ളത്. സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിന് സാങ്കേതിക സഹായവും സ്ഥല സൗകര്യവും ലഭ്യമാക്കും. പൊതുമേഖലാ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കുകൾ സ്ഥാപിക്കും. ആയിരം കോടി രൂപ മുതൽമുടക്കിൽ നാല് സയൻസ് പാർക്കുകൾ സ്ഥാപിക്കും. സ്വകാര്യ വ്യവസായ പാർക്കുകൾ സ്ഥാപിക്കാൻ 20 കോടിരൂപ വകയിരുത്തുന്നു.

ഏതൊരു ബജറ്റിന്റേയും കരുത്ത് ഭാവി വികസനത്തിന് ഉത്തേജനം നൽകുന്ന മൂലധന നിക്ഷേപമാണ്. 22 ശതമാനം വർധനയോടെ ബജറ്റ് 14891 കോടി രൂപ മൂലധന നിക്ഷേപത്തിന് നീക്കിവെക്കുന്നു. സർക്കാരിന്റെ മുൻഗണനാക്രമം ചെലവ് അടങ്കലിൽനിന്നു വായിക്കാം.



| ചെലവ് അടങ്കൽ | (കോടി രൂപ) |
|---|---|
| തദ്ദേശ സ്ഥാപനങ്ങൾക്ക് വികസന ഫണ്ട് | 8048 |
| SC/ST ക്ഷേമപദ്ധതികൾ | 2671 |
| പൊതുജനാരോഗ്യം | 2629.33 |
| പൊതുവിതരണസമ്പ്രദായം | 2063.64 |
| വിദ്യാഭ്യാസം | 2546.07 |
| KSRTC | 1000 |
| ഗതാഗതം | 1788.67 |
| വ്യവസായം | 1226.66 |
| ഊർജമേഖല | 1152.93 |
| നഗരവികസനം | 1795.26 |
| കൃഷി | 881.96 |
| ഗ്രാമവികസനം | 6096.30 |
| റോഡുകളും പാലങ്ങളും | 1207.00 |
| ലൈഫ് ഭവന പദ്ധതി | 1872.00 |
| ജൻഡർ ബജറ്റിന് | 4665.20 |
| സിൽവർലൈൻ ഭൂമി ഏറ്റെടുക്കൽ | 2000.00 |

(അപൂർണ്ണം)

ഉത്പാദക വളർച്ചയുടേയും തൊഴിൽ വർധനയുടേയും അനന്തസാധ്യതകളുള്ളതാണ് കാർഷിക മേഖല. കാർഷിക മേഖലയ്ക്ക് ഗണ്യമായ പ്രാധാന്യമാണ് ബജറ്റ് നൽകുന്നത്. കൃഷിവകുപ്പിനുള്ള അടങ്കലിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല വിലയിരുത്തേണ്ടത്. ജലസേചനം, മണ്ണൊലിപ്പ് തടയൽ, നദികളുടേയും തോടുകളുടേയും ആഴവും വീതിയും വീണ്ടെടുക്കൽ, മൃഗപരിപാലനം, മത്സ്യബന്ധനം, തുടങ്ങി നിരവധി പ്രവൃത്തികൾ കൃഷിയുമായി ബന്ധപ്പെട്ടവയാണ്.

ഒരു മേഖലയെയും അവഗണിക്കുന്നില്ല, അർഹമായ പ്രാധാന്യം നൽകുന്നു എന്നതാണ് ബജറ്റിന്റെ സവിശേഷത. അതുകൊണ്ടുതന്നെ വികസനബജറ്റ് എന്ന് ഏവരും വിശേഷിപ്പിക്കുന്നു. കൂടുതൽ കാർഷിക വ്യവസായ ഉത്പന്നങ്ങൾ, കൂടുതൽ പേർക്ക് തൊഴിലും വരുമാനവും, സാധാരണക്കാർക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ, സർവോപരി പരിസ്ഥിതി സംരക്ഷണം എന്നിവ ഉറപ്പുനൽകുന്നതാണ് 2022-23 ലേക്കുള്ള സംസ്ഥാന ബജറ്റ്. ■



# ജൻഡർ ബജറ്റ്

## ലിംഗസമത്വത്തിലേക്കൊരു ചുവടുകൂടി

**കേരളവികസനത്തിന്റെ അടിസ്ഥാനമായ പൊതു ഇടപെടലുകൾ, പുനർവിതരണം, സമത്വം എന്നീ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച്, നയങ്ങളും പദ്ധതികളും ലിംഗസമത്വത്തിന് അനുസൃതമാണെന്ന് ഉറപ്പിക്കുന്നതാണ് 2022– 23 ലെ സംസ്ഥാന ബജറ്റ്**




**മിനി സുകുമാർ**
സംസ്ഥാന ആസൂത്രണ ബോർഡ് അംഗം



**സുസ്മിത വിനോദ്**
ടെക്നിക്കൽ അസിസ്റ്റന്റ്,
സംസ്ഥാന ആസൂത്രണ ബോർഡ്


ബജറ്റിൽ ലിംഗസമത്വത്തിനായി പരിപാടികൾ ഉൾക്കൊള്ളിക്കുകയും ഫണ്ട് വകയിരുത്തുകയും ചെയ്തുകൊണ്ട് ധനനയങ്ങളിലൂടെ തുല്യത പ്രോത്സാഹിപ്പിക്കാൻ ജൻഡർ ബജറ്റിങ് സഹായിക്കുന്നു. ഇത് സർക്കാരിന്റെ ലിംഗസമത്വ പ്രതിബദ്ധതകൾ ബജറ്റിലേക്ക് ഉൾച്ചേർക്കുന്ന പ്രവർത്തനമാണ്.

ലിംഗസമത്വത്തിലേക്കുള്ള ഒരു മാർഗമായി ബജറ്റുകളെ

കണക്കാക്കാൻ തുടങ്ങിയപ്പോൾ ലിംഗപദവി ഉത്തരവാദിത്വ ബജറ്റിംഗ് (Gender Responsive Budgeting) ജനപ്രിയമായി മാറി. ഇത് ഇന്ത്യയിൽ നടപ്പിലാക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായി 2005-06 ലെ കേന്ദ്ര ബജറ്റിൽ ജൻഡർ ബജറ്റ് സ്റ്റേറ്റ്മെന്റ് അവതരിപ്പിച്ചു. അതിൽ സ്ത്രീകൾക്കായി 100 ശതമാനം വകയിരുത്തുന്ന പദ്ധതികൾ ഉൾപ്പെടുന്ന പാർട്ട് എ യും കുറഞ്ഞത് 30 മുതൽ 99 ശതമാനം വരെ വകയിരുത്തലുള്ളതും സ്ത്രീകൾക്ക് നേരിട്ട് പ്രയോജന പ്പെടുന്നതുമായ പദ്ധതികൾ ഉൾപ്പെടുന്ന പാർട്ട് ബി യുമാണുള്ളത്.

കേരളത്തിലെ ജൻഡർ ബജറ്റിൽ ഈ വർഗീകരണത്തിൽ ചില പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ട്. ബജറ്റ് വകയിരുത്തലിൽ 90 മുതൽ 100 ശതമാനം വരെ സ്ത്രീകൾക്കു വേണ്ടിയുള്ള പ്രത്യേക പദ്ധതികൾ ഉൾക്കൊള്ളുന്ന പാർട്ട് എ യും ബജറ്റ് വകയിരുത്തലിൽ 90 ശതമാനത്തിൽ താഴെയുള്ള എല്ലാ സ്കീമുകളും പാർട്ട് ബി യിലും ഉൾപ്പെടുന്നു. സംസ്ഥാനത്തെ ജൻഡർ ബജറ്റിന്റെ ലക്ഷ്യം ആസൂത്രണത്തിന്റെ എല്ലാ മേഖലകളിലും സ്ത്രീകളുടെ സാന്നിദ്ധ്യമുറപ്പിക്കുക എന്നതാണ്. സമീപകാലത്തെ പൊതുബജറ്റിലെ ജൻഡർ ബജറ്റ് വിഹിതം പട്ടികയിൽ കൊടുത്തിരിക്കുന്നു.

**പൊതുബജറ്റിലെ ജൻഡർ ബജറ്റ് വിഹിതം (ശതമാനത്തിൽ)**

| വർഷം | ശതമാനം |
|---|---|
| 2017-18 | 11.5 |
| 2018-19 | 14.6 |
| 2019-20 | 16.8 |
| 2020-21 | 18.4 |
| 2021-22 | 19.5 |
| 2022-23 | 20.90 |

## നൂതനാശയങ്ങൾ സമീപനങ്ങൾ

ലിംഗസമത്വത്തെ പ്രോത്സാഹിപ്പിക്കുന്ന ചില പുതിയ ആശയങ്ങളും നൂതന സമീപനങ്ങളും സംസ്ഥാനത്തിന്റെ 2022-23 ലെ ജൻഡർ ബജറ്റിൽ പ്രകടമാണ്. അതിലെ പ്രധാനപ്പെട്ട ഒരു സവിശേഷത മിക്കവാറും എല്ലാ വകുപ്പുകളിലും സ്ത്രീകൾക്ക് പ്രത്യേകമായ, ശക്തമായ സ്ത്രീ ഘടകങ്ങളുള്ള പദ്ധതികളും, ട്രാൻസ്ജെൻഡർ വിഭാഗങ്ങൾക്കുവേണ്ടി പ്രത്യേക ഊന്നൽ നൽകുന്ന, അവരെ പൊതു വികസനപദ്ധതികളിൽ ഉൾപ്പെടുത്തുന്ന പദ്ധതികളുമുണ്ട് എന്നതാണ്. സ്ത്രീ സുരക്ഷയും ലിംഗപദവി മുഖ്യധാരയിലേക്കു കൊണ്ടുവരലും; വിദ്യാഭ്യാസം, തൊഴിൽ, നൈപുണി വികസനം; ആരോഗ്യവും സാമൂഹിക സുരക്ഷയും; ലിംഗസൗഹൃദ പരമായ അടിസ്ഥാന സൗകര്യവികസനം എന്നീ നാല് മേഖലകളിലായി പദ്ധതികൾ തരംതിരിച്ചിരിക്കുന്നു.

സ്ത്രീകളുടെ സുരക്ഷ വർധിപ്പിക്കലും സ്ത്രീകളുടെ മുഖ്യധാരയിലേക്കുള്ള മാറ്റവും ശാക്തീകരണവും ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാർ സ്ഥാപനങ്ങളും ഏജൻസികളും നിരവധി പദ്ധതികൾ നടപ്പിലാക്കുന്നതിന് ബജറ്റ് അവസരമൊരുക്കുന്നു. വിദ്യാഭ്യാസം, തൊഴിൽ, നൈപുണി വികസനം എന്നത് വിവിധ വകുപ്പുകളിലും മേഖലകളിലുമുടനീളമുള്ള പദ്ധതി വിഹിതത്തിന്റെയും ലിംഗസമത്വ വികസന പരിപാടികളുടെയും വലിയൊരു പങ്ക് പ്രതിനിധാനം ചെയ്യുന്നു. സഹകരണം, കൃഷി, മത്സ്യബന്ധനം, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ മേഖലകൾ സ്ത്രീകൾക്ക് ഏറ്റവുമധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതാണ്.

സാമൂഹിക സുരക്ഷയും ആരോഗ്യവും കേരളത്തിലെ സ്ത്രീകളുടെ മെച്ചപ്പെട്ട അവസ്ഥക്കുള്ള ശക്തമായ അടിത്തറയാണ്. സ്ത്രീകളുടെയും പെൺകുട്ടികളുടെയും ശാക്തീകരണത്തിലും മറ്റെല്ലാ അവസരങ്ങളിലും സാമൂഹിക സുരക്ഷ നല്ല സ്വാധീനം ചെലുത്തുന്നു. സ്ത്രീകൾക്കു വേണ്ടിയുള്ള ആരോഗ്യമേഖലയിലെ എല്ലാ പ്രധാന പദ്ധതികളും വർധിപ്പിച്ച വിഹിതത്തോടെ തുടരുകയാണ്. ആശ്വാസകിരണം, സ്നേഹസ്പർശം, കൈത്തിരിനാളം, വയോമിത്രം, അനുയാത്ര എന്നീ പദ്ധതികൾ സ്ത്രീകൾക്കു നേരിട്ട് പ്രയോജനം ചെയ്യുന്ന പ്രധാന പദ്ധതികളാണ്.

വിദ്യാഭ്യാസം, ആരോഗ്യം, സാമ്പത്തിക അവസരങ്ങൾ, സാമൂഹിക പങ്കാളിത്തം തുടങ്ങിയ മേഖലകളിൽ അടിസ്ഥാന സേവനങ്ങൾ നേടുന്നതിൽ സ്ത്രീകളും ട്രാൻസ്ജൻഡർ വ്യക്തികളും നിരവധി തടസ്സങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. വിവിധ ഭവന പദ്ധതികൾ സാമ്പത്തിക പിന്നാക്കാവസ്ഥ, സ്വന്തമായി ഭൂമിയില്ലായ്ക മുതലായ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ടുള്ള ഭവന നിർമ്മാണവുമായി ബന്ധപ്പെട്ടതാണ്. വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളുടെയും യൂണിവേഴ്സിറ്റി കാമ്പസുകളിലെ വനിതാ ഹോസ്റ്റലുകളുടെയും നിർമാണമാണ് മറ്റു രണ്ട് പ്രധാന പദ്ധതികൾ. മൂന്ന് വനിതാ പോലീസ് സ്റ്റേഷനുകൾക്കായി പുതിയ കെട്ടിടങ്ങൾ, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളിൽ വാർഡുകൾ, കെഎസ്ആർടിസി ബസ് സ്റ്റേഷനുകളിലും ഡിപ്പോകളിലും പുതിയ ടോയ്ലറ്റ് ബ്ലോക്കുകളുടെ നിർമ്മാണം, നിലവിലുള്ളവയുടെ നവീകരണം തുടങ്ങിയ വയും സ്ത്രീകൾക്ക് പ്രയോജനം ചെയ്യുന്ന പദ്ധതികളായി ജൻഡർ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## കുട്ടികളുടെ ക്ഷേമം

2022-23 ലെ ജൻഡർ ബജറ്റിനോടൊപ്പം ചൈൽഡ് ബജറ്റും അവതരിപ്പിക്കുകയുണ്ടായി. 2021-22 ൽ അത് 1896.35 കോടി രൂപയായിരുന്നു. 2022-23 ൽ 2063.88 കോടി രൂപയായി ഉയർന്നു. അഞ്ച് വയസ്സിന് താഴെയുള്ള കുട്ടികളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനു മുൻഗണന നൽകി അങ്കണവാടികളിലെ ഭക്ഷണത്തിൽ മുട്ടയും പാലും ഉൾപ്പെടുത്തുന്നതും കോവിഡ്-19 മഹാമാരി കാരണം മാതാപിതാക്കളെ നഷ്ടപ്പെട്ട കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകുന്നതും രണ്ട് പ്രധാന പുതിയ പദ്ധതികളാണ്.

ബജറ്റിൽ ട്രാൻസ്ജൻഡർ വിഭാഗത്തിനും മതിയായ പ്രാധാന്യം നൽകുന്നുണ്ട്. ട്രാൻസ്ജൻഡർ വിഭാഗങ്ങളുടെ ക്ഷേമത്തിനായുള്ള മഴവില്ല് പദ്ധതിയ്ക്ക് തുക അനുവദിക്കുന്ന പതിവ് ഈ ബജറ്റിലും തുടരുന്നു.

നിലവിലുള്ള ലിംഗപദവി മാറ്റുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ സ്ത്രീകളെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുമാണ് ജൻഡർ ബജറ്റിംഗ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. അതോടൊപ്പം കാലാനുസൃതമായി സമീപനം പുനഃപരിശോധിക്കുകയും ഉയർന്നുവരുന്ന ആവശ്യങ്ങൾക്കും പ്രവണതകൾക്കും അനുയോജ്യമായി ജൻഡർ ബജറ്റിംഗ് രീതികൾ ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. ■

# കിഫ്ബി
# അടിസ്ഥാനസൗകര്യ വികസനത്തിന്റെ ബദൽ മാതൃക

**ജനജീവിതത്തിന്റെ സമസ്ത മേഖലകളെയും സ്പർശിക്കുന്ന കിഫ്ബി പദ്ധതികൾ വികസിത കേരളം എന്ന സ്വപ്നത്തിലേക്ക് സംസ്ഥാനത്തെ ക്രമാനുഗതമായി അടുപ്പിച്ചുകൊണ്ടിരിക്കുകയാണ്**



**ഡോ. കെ.എം. എബ്രഹാം**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബി

ഭൗതികവും സാമൂഹികവുമായ അടിസ്ഥാനസൗകര്യങ്ങളാണ് ഏതൊരു നാടിന്റെയും വികസന സംബന്ധിയായ സൂചകങ്ങൾ. ഒരു നാട്ടിലെ ജനതയിൽ അന്തർലീനമായ കഴിവുകളെ യാഥാർഥ്യമാക്കാൻ ഈ അടിസ്ഥാന സൗകര്യങ്ങൾ സഹായിക്കുന്നു. ഉത്പാദന ക്ഷമതയിലും മാനവവിഭവ ശേഷിയിലും സമ്പദ് വ്യവസ്ഥയിലും അടിസ്ഥാനസൗകര്യങ്ങൾ ചെലുത്തുന്ന സ്വാധീനമാണ് ഇതിനുകാരണം. പൗരൻമാരുടെ ജീവിതനിലവാരത്തിലും അടിസ്ഥാനസൗകര്യവികസനത്തിന് നിർണായക സ്വാധീനം ഉണ്ട്. എന്നാൽ മതിയായ സാമ്പത്തിക സ്രോതസ്സുകളുടെ അഭാവത്തിൽ മിക്ക ഇന്ത്യൻ സംസ്ഥാനങ്ങളും അടിസ്ഥാനസൗകര്യവികസനത്തിൽ പിന്നോക്കം പോകുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. കേരളത്തിന്റെ കാര്യവും വിഭിന്നമായിരുന്നില്ല. ചരിത്രപരമായി തന്നെ സ്ഥിരമായ റവന്യൂ കമ്മി മൂലം സംസ്ഥാനത്തിന്റെ ജിഡിപിയുടെ രണ്ടുശതമാനത്തിൽ താഴെ മാത്രമായിരുന്നു മൂലധന മുതൽമുടക്കായി ലഭിച്ചിരുന്നത്. ഇത് തികച്ചും അപര്യാപ്തമായിരുന്നു എന്നു പ്രത്യേകം പറയേണ്ട കാര്യമില്ലല്ലോ.

1999ൽ ആണ് കിഫ്ബി ആക്ടിന് വിധേയമായി ബോഡി കോർപൊറേറ്റ് മാതൃകയിൽ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന് സംസ്ഥാന സർക്കാർ രൂപംകൊടുക്കുന്നത്. കേരളത്തിൽ 2016 ൽ നിലവിൽ വന്ന സർക്കാർ സംസ്ഥാനത്തിന്റെ അടിസ്ഥാനസൗകര്യവികസന ചിത്രം മാറ്റി വരയ്ക്കുന്നതിന് ഇച്ഛാശക്തിയോടുകൂടി തീരുമാനമെടുത്തു. ഇതിനായി സർക്കാർ ചുമതലപ്പെടുത്തിയത് കിഫ്ബിയെ ആയിരുന്നു. തികച്ചും നൂതനവും സമാനതകളില്ലാത്തതുമായ മാതൃകയിലായിരുന്നു വികസനത്തിന് വേണ്ടിയുള്ള വിഭവസമാഹരണം കിഫ്ബി ആസൂത്രണം ചെയ്തത്. ഇതിനായി കിഫ്ബി ആക്ട് ഭേദഗതിയിലൂടെ ശാക്തീകരിച്ചു. ഇതുവഴി കിഫ്ബിയുടെ ഘടനയും സാമ്പത്തിക-ഭരണ സംബന്ധമായ പ്രവർത്തന രീതികളും നവീകരിച്ചു. സാമ്പത്തിക സമാഹരണത്തിനൊപ്പം തന്നെ പദ്ധതികളുടെ ഗുണനിലവാരം, സമയക്രമം എന്നിവ ഉറപ്പുവരുത്തലും കിഫ്ബിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളായി.

## 70,762 കോടി രൂപയുടെ പദ്ധതികൾ

നാളിതുവരെ 70,762 കോടി രൂപയുടെ പദ്ധതികൾക്കാണ് കിഫ്ബി അനുമതി നൽകിയിട്ടുള്ളത്. ഭൗതിക,സാമൂഹികവികസന മേഖലകളിലായാണ് ഈ പദ്ധതികൾ വ്യാപിച്ചുകിടക്കുന്നത്. ആശുപത്രികൾ, ആരോഗ്യകേന്ദ്രങ്ങൾ, സ്കൂളുകൾ, കോളജുകൾ, റോഡുകൾ, പാലങ്ങൾ, കുടിവെള്ളം,


OPERATION THEATRE COMPLEX

മാലിന്യസംസ്കരണം, വൈദ്യുതി, ആശയവിനിമയ ശൃംഖല, വ്യവസായപാർക്കുകൾ, സാംസ്കാരിക സമുച്ചയങ്ങൾ തുടങ്ങി ജനജീവിതത്തിന്റെ സമസ്ത മേഖലകളെയും സ്പർശിക്കുന്ന ഈ പദ്ധതികൾ വികസിത കേരളം എന്ന സ്വപ്നത്തിലേക്ക് സംസ്ഥാനത്തെ ക്രമാനുഗതമായി അടുപ്പിച്ചുകൊണ്ടിരിക്കുകയാണ്.

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയുടെ മുഖച്ഛായ തന്നെ മാറ്റിമറിച്ചിരിക്കുകയാണ് കിഫ്ബി ധനസഹായത്തോടെ നടപ്പാക്കിയ ഹൈടെക് ക്ലാസ്റൂം, സ്മാർട് ലാബ് പദ്ധതികൾ. സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലെയും തിരഞ്ഞെടുത്ത വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തിക്കഴിഞ്ഞു. രാജ്യാന്തര നിലവാരത്തിൽ എത്തിയിരിക്കുകയാണ് ഇന്നു കേരളത്തിലെ പൊതുവിദ്യാലയങ്ങൾ. കിഫ്ബിയുടെ അഞ്ച് കോടി പദ്ധതി, മൂന്നു കോടി പദ്ധതി, ഒരു കോടി പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ നല്ലൊരു വിഭാഗം സ്കൂളുകളിലും ഭൗതികസൗകര്യവികസനം നടപ്പാക്കി കഴിഞ്ഞു. ലാപ് ടോപ്പുകൾ, പ്രിന്ററുകൾ, വെബ്ക്യാമറകൾ തുടങ്ങി പുതിയ കാലത്തെ വിദ്യാഭ്യാസത്തിന് വേണ്ടി വരുന്ന ആധുനികോപരണങ്ങൾ എല്ലാം നമ്മുടെ വിദ്യാർഥികൾക്ക് ലഭ്യമാക്കിയിരിക്കുകയാണ് ഈ പദ്ധതികളിലൂടെ. കോവിഡ് കാലത്തെ പ്രതിസന്ധി മറികടന്ന് ഓൺലൈൻ വിദ്യാഭ്യാസം സജീവമായി നിർവഹിക്കാൻ നമ്മുടെ വിദ്യാലയങ്ങളെ ഈ വികസനപദ്ധതികൾ പ്രാപ്തമാക്കി. ആരോഗ്യമേഖലയിലും വൻമാറ്റങ്ങൾക്കാണ് കഴിഞ്ഞ ആറ് വർഷങ്ങൾ സാക്ഷ്യം വഹിച്ചത്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുതൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കുകൾ വരെ കിഫ്ബി ധനലഭ്യത ഉറപ്പുവരുത്തിയ പദ്ധതികളിലൂടെ പൂർത്തീകരിക്കപ്പെട്ടു. സംസ്ഥാനത്തെ ഒട്ടേറെ താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ എന്നിവയൊക്കെ കിഫ്ബി ധനസഹായത്താൽ നവീകരിച്ചു കഴിഞ്ഞു. രാജ്യാന്തരനിലവാരത്തിലാണ് ഇപ്പോൾ ആശുപത്രികൾ. സാധാരണക്കാർക്ക് ഏറെ സഹായകമാകുന്ന കാത്ത് ലാബുകൾ, ഡയാലിസിസ് സെന്ററുകൾ കേരളത്തിലങ്ങോളമിങ്ങോളം സ്ഥാപിക്കപ്പെട്ടു കഴിഞ്ഞു.

റോഡുകൾ, പാലങ്ങൾ എന്നിവ ഒരു നാടിന്റെ വികസനത്തിൽ നിർണായകമാണ്. വൈറ്റില, കുണ്ടന്നൂർ മേൽപ്പാലങ്ങൾ അടക്കം കേരളത്തിൽ ഗതാഗതത്തിന്റെ നാഡീഞരമ്പുകളാകുന്ന ഒട്ടേറെ വലിയ പദ്ധതികൾ പൂർത്തിയാക്കി പൊതുജനത്തിന് കൈമാറിക്കഴിഞ്ഞു. പതിറ്റാണ്ടുകളായി ഇഴഞ്ഞു നീങ്ങുകയായിരുന്ന ദേശീയ പാതാവികസനത്തിന് ആക്കം വയ്പ്പിക്കാനും സർക്കാർ ഉപകരണമാക്കിയത് കിഫ്ബിയെ ആണ്. ദേശീയ പാതാ വികസനത്തിനായുള്ള സ്ഥലമെടുപ്പിന് സംസ്ഥാന സർക്കാർ നൽകേണ്ട വിഹിതം കണ്ടെത്തിയത് കിഫ്ബി വഴിയാണ്. മലയോര, തീരദേശഹൈവേകൾ പൂർണതയിലേക്ക് നീങ്ങുകയാണ്. കിഫ്ബി ധനാനുമതി നൽകിക്കഴിഞ്ഞ പൊതുമരാമത്ത് പദ്ധതികളിൽ നല്ലൊരു ശതമാനം പൂർത്തിയായി കഴിഞ്ഞു. ബാക്കിയുള്ളവ സമയ ബന്ധിതമായി പുരോഗമിക്കുന്നു. ഇതുപോലെ തന്നെ കുടിവെള്ള വിതരണ പദ്ധതികൾ, സ്റ്റേഡിയങ്ങൾ, സാംസ്കാരിക സമുച്ചയങ്ങൾ എന്നിവ പലതും പൂർത്തിയായി കഴിഞ്ഞു.

ഇതുവരെ 17200 കോടി രൂപ വിവിധ പദ്ധതികൾക്കായി വിനിയോഗിച്ച് കഴിഞ്ഞിട്ടുണ്ട്.



> **സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയുടെ മുഖച്ഛായ തന്നെ മാറ്റിമറിച്ചിരിക്കുകയാണ് കിഫ്ബി. രാജ്യാന്തര നിലവാരത്തിൽ എത്തിയിരിക്കുകയാണ് ഇന്നു കേരളത്തിലെ പൊതു വിദ്യാലയങ്ങൾ**

## ഘടനയും പ്രവർത്തനവും

കിഫ്ബിയുടെ ഉന്നതാധികാര സമിതിയാണ് കിഫ് ബോർഡ്. മുഖ്യമന്ത്രിയാണ് കിഫ്ബോർഡിന്റെ ചെയർമാൻ. ധനമന്ത്രി വൈസ് ചെയർമാൻ സ്ഥാനം വഹിക്കുന്നു. സംസ്ഥാന ആസൂത്രണ ബോർഡ് ഉപാധ്യക്ഷൻ, ചീഫ് സെക്രട്ടറി, മറ്റു പ്രധാന ഉദ്യോഗസ്ഥർ എന്നിവർക്കൊപ്പം സ്വതന്ത്ര അംഗങ്ങളും കിഫ് ബോർഡിൽ ഉൾപ്പെടുന്നു. ഭരണപരമായ നിയന്ത്രണങ്ങൾക്കായി തികച്ചും ആധുനികവും ബഹുമുഖവുമായ റിസ്ക് മാനേജ്മെന്റ് സംവിധാനങ്ങൾ കിഫ്ബിയ്ക്കുണ്ട്.

1. കിഫ്ബിയുടെ പ്രവർത്തനം സംബന്ധിച്ച ഏറ്റവും പ്രധാനപ്പെട്ട നിയന്ത്രണ-നിരീക്ഷണ സംവിധാനമാണ് ഫണ്ട് ട്രസ്റ്റീ അഡ്വൈസറി കമ്മീഷൻ (എഫ്ടാക്) രക്ഷാധികാരി എന്നതിനു പുറമേ മാനേജ്മെന്റിന് മാർഗനിർദേശങ്ങളും എഫ്ടാക് നൽകുന്നു.
2. നിക്ഷേപത്തിനുള്ള ഫണ്ടിന്റെ വിന്യാസം സംബന്ധിച്ച് കിഫ്ബിക്ക് മാർഗനിർദേശം നൽകുന്നത് മൂന്നംഗ ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് കമ്മിറ്റി (ഐഎംസി) ആണ്. ബാങ്കിങ്,സാമ്പത്തിക നിയന്ത്രണം, ധനവിപണി എന്നീ മേഖലകളിൽ പ്രഗത്ഭരായ കിഫ്ബോർഡിലെ സ്വതന്ത്ര അംഗങ്ങളാണ് ഐഎംസിയിലെ അംഗങ്ങൾ.
3. സ്റ്റാറ്റിയൂട്ടറി ഓഡിറ്റിങ്ങിന് പുറമേ, കാലാകാലങ്ങളിൽ സിഎജിയുടെയും (2020 ലെ സിഎജി ആക്ടിലെ സെക്ഷൻ 14(1) പ്രകാരമുള്ള സമഗ്ര ഓഡിറ്റ് അടക്കം) ഓഡിറ്റ് കിഫ്ബിയിൽ നടക്കുന്നുണ്ട്.
4. ഇതിനു പുറമേ ആഭ്യന്തര ഓഡിറ്റും ബാഹ്യ ഓഡിറ്റ് ഏജൻസികളുടെ പിയർ റിവ്യൂ ഓഡിറ്റും കിഫ്ബിയിൽ കൃത്യമായി നടക്കുന്നുണ്ട്.
5. ഇതിനു പുറമേ ധനപരമായ റിസ്കുകൾ (liquidity risks) മാനേജ് ചെയ്യുന്നതിനായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടിസ്ഥാനമായ ഒരു അസെറ്റ് ലയബിലിറ്റി മോഡൽ(എഎൽഎം) കിഫ്ബി വികസിപ്പിച്ചു വരികയാണ്. ഏറി വരുന്ന പദ്ധതികൾക്ക് അനുസരിച്ച് മാറിമാറി വരുന്ന ഫണ്ടിങ് ആവശ്യകതകൾ മുൻകൂട്ടി കാണാനും തിരിച്ചടവിനുള്ള ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്താനും അസെറ്റ് ലയബിലിറ്റി മോഡൽ (എഎൽഎം) കിഫ് ബോർഡിനെ സഹായിക്കുന്നു. ദീർഘകാലാടിസ്ഥാനത്തിലും സമീപ ഭാവിയിലും നേരിടേണ്ടി വരുന്ന സാമ്പത്തിക വെല്ലുവിളികളെ നേരിടാൻ എഎൽഎം കിഫ്ബിയെ പ്രാപ്തമാക്കുന്നു.
6. ധനമന്ത്രി അധ്യക്ഷനായ എക്സിക്യൂട്ടീവ് കമ്മിറ്റി, കിഫ്ബിയുടെ ഓഡിറ്റ് കമ്മിറ്റി ആയും പ്രവർത്തിക്കുന്നു.

## ആധുനിക ധനകാര്യ മാതൃക

ആഗോളരംഗത്തെ പ്രമുഖ റേറ്റിങ് ഏജൻസികളിൽ ഒന്നായ എസ് ആൻഡ് പി കിഫ്ബിയുടെ ക്രെഡിറ്റ് റേറ്റിങ്ങുമായി ബന്ധപ്പെട്ട് നടത്തിയ നിരീക്ഷണങ്ങൾ ശ്രദ്ധേയമാണ്. കിഫ്ബിയുടെ സുശക്തവും സുതാര്യവുമായ പ്രവർത്തനത്തിന് സംസ്ഥാനസർക്കാർ ആവിഷ്കരിച്ച ക്രമീകരണങ്ങളും നടപടികളും സംസ്ഥാന തലത്തിലുള്ള മറ്റേതു സമാന സംവിധാനത്തേക്കാളും ഉയർന്നതാണെന്ന് എസ് ആൻഡ് പി നിരീക്ഷിക്കുന്നു. 'വളരുന്ന ആന്യൂറ്റി'(growing annuity) എന്ന ആധുനിക ധനകാര്യ മാതൃകയുടെ അടിസ്ഥാനത്തിലാണ് കിഫ്ബി പ്രവർത്തിക്കുന്നത്. പൊതുമേഖലയിൽ സൃഷ്ടിക്കപ്പെടുന്ന അടിസ്ഥാനസൗകര്യങ്ങളുടെ ഉടമ എന്ന നിലയിൽ നിശ്ചിതമോ അല്ലെങ്കിൽ മാറ്റം വരുന്നതോ ആയ പേയ്മെന്റ് ആയിരിക്കും പദ്ധതി നടത്തിപ്പ് ചുമതലയുള്ള ഏജൻസിക്ക് സർക്കാർ നൽകുന്നത്. ഒരു നിശ്ചിത കാലയളവ് കൊണ്ടാണ് പദ്ധതി ചെലവായി സർക്കാർ



**"ഭരണപരമായ നിയന്ത്രണങ്ങൾക്കായി തികച്ചും ആധുനികവും ബഹുമുഖവുമായ റിസ്ക് മാനേജ്മെന്റ് സംവിധാനങ്ങൾ കിഫ്ബിയ്ക്കുണ്ട്**



നൽകുക. നടത്തിപ്പ് ചുമതലയുള്ള ഏജൻസി പൊതുമേഖലയിൽ നിന്നുള്ളതാണെങ്കിൽ മുൻ നിശ്ചയിച്ച ബജറ്റ് വിഹിതം ആകും ആന്യുറ്റി ആയി നൽകുക. എന്നാൽ നടത്തിപ്പ് ചുമതല സ്വകാര്യമേഖലയിൽ നിന്നുള്ള ഏജൻസിക്കാണെങ്കിൽ മത്സരാധിഷ്ഠിതമായ ലേല പ്രക്രിയയിൽ കൂടിയാകും ആന്യുറ്റി കണ്ടെത്തുക. കിഫ്ബി ആക്ട് അനുസരിച്ച് പെട്രോളിയം സെസ്സും മോട്ടോർ വാഹന നികുതിയിൽ നിന്നുള്ള വിഹിതവും ആണ് കിഫ്ബിയുടെ വരുമാനം. തൊട്ടുമുമ്പുള്ള സാമ്പത്തിക വർഷത്തിൽ സർക്കാർ സമാഹരിക്കുന്ന ഈ തുക കിഫ്ബി ആക്ട് പ്രകാരം ഓരോ വർഷവും ഡിസംബർ 31ന് മുമ്പായി കിഫ്ബിക്ക് കൈമാറിയിരിക്കണം. ആക്ടിലെ വ്യവസ്ഥകൾക്ക് അനുസരിച്ച് സർക്കാരിന് ഗ്രാന്റോ മുൻകൂർ ഫണ്ടോ കിഫ്ബിക്ക് നൽകാൻ കഴിയും.

ഈ ഫണ്ടുകളും ഭാവിയിൽ ഉണ്ടാകാനിരിക്കുന്ന വരുമാനവും മുൻനിർത്തിയാണ് സർക്കാരിന്റെ നിർണായക അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് ധനകാര്യവിപണികളിൽ നിന്ന് പണം കടമെടുക്കുന്നത്. കിഫ്ബിയുടെ അസെറ്റ് ലയബിലിറ്റി മാനേജ്മെന്റ് ഫ്രെയിംവർക്കിന്റെ അടിസ്ഥാനത്തിൽ നിയന്ത്രിതമായ കൺട്രോൾഡ് ലിവറേജ് മോഡൽ (CLM) എന്ന മാതൃകയിൽ ആണ് കിഫ്ബി കടമെടുക്കുന്നത്. അനിയന്ത്രിതമായ കടമെടുപ്പല്ല കിഫ്ബിയിൽ നടക്കുന്നതെന്ന് സാരം. സിഎൽഎമ്മിന്റെ മാർഗനിർദേശങ്ങൾ അനുസരിച്ച് വിവേകപൂർണവും കാര്യക്ഷമവും ആയ വായ്പയെടുക്കൽ തീരുമാനങ്ങളാണ് കിഫ്ബിയിൽ നിന്നുണ്ടാകുന്നത്. അതുവഴി കിഫ്ബിയുടെ ധനസമാഹരണവും ധനവിനിയോഗവും എക്കാലത്തും സമതുലിതമായിരിക്കും.

## രാജ്യാന്തരതലത്തിലെ വിശ്വാസ്യത

2019ൽ അന്താരാഷ്ട്ര വിപണിയിൽ മസാല ബോണ്ടിറക്കിയ രാജ്യത്തെ ആദ്യ സബ് സോവറിൻ എന്റിറ്റി ആയി കിഫ്ബി മാറി. ഇതുവഴി രാജ്യാന്തര



ധനവിപണിയിൽ കിഫ്ബി നേടിയെടുത്ത വിശ്വാസ്യതയും ബഹുമാന്യതയും കൊണ്ട് ഒട്ടേറെ ധനകാര്യ സ്ഥാപനങ്ങളാണ് കിഫ്ബിക്ക് പണം കടം തരാൻ മുന്നോട്ട് വരുന്നത്. 2021 സാമ്പത്തിക വർഷം മുതൽ പദ്ധതികൾക്കായുള്ള ധന വിനിയോഗം കൂടുതൽ ഊർജിതമായിട്ടുണ്ട്. സംസ്ഥാനത്ത് കോവിഡ് 19 മഹാമാരി പൊട്ടിപ്പുറപ്പെട്ട 2020 ഏപ്രിൽ മുതൽ 2022 ഫെബ്രുവരി വരെയുള്ള സമയത്ത് 12,200 കോടി രൂപയാണ് കിഫ്ബി പദ്ധതി പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചത്. കോവിഡിനെ തുടർന്നുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിൽ അടിസ്ഥാന സൗകര്യപദ്ധതികൾക്കായുള്ള ഈ ധനവിനിയോഗം സഹായകമായിട്ടുണ്ട്. സംസ്ഥാനത്തിന്റെ മൂലധന ചെലവ് 2020–21 സാമ്പത്തിക വർഷത്തിൽ ജിഎസ്ഡിപി(ഗ്രോസ് സ്റ്റേറ്റ് ഡൊമെസ്റ്റിക് പ്രോഡക്ട്)യുടെ 1.81 ശതമാനത്തിലെത്തി. തൊട്ടുമുമ്പുള്ള എട്ടു വർഷങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഏറ്റവും ഉയർന്നതാണിത്. കിഫ്ബിയുടെയും സംസ്ഥാന സർക്കാരിന്റെയും കൂടിയുള്ള സംയോജിത മൂലധന ചെലവാണ് ഈ നേട്ടത്തിന് കാരണമായത്. 2022 സാമ്പത്തിക വർഷം മുതൽ 2024 സാമ്പത്തികവർഷം വരെയുള്ള കിഫ്ബിയുടെയും സംസ്ഥാനസർക്കാരിന്റെയും സംയോജിത മൂലധന ചെലവ് ജിഎസ്ഡിപിയുടെ 2% നും മുകളിലായിരിക്കും എന്നു വിലയിരുത്തപ്പെടുന്നു. സംസ്ഥാനത്തിന്റെ വികസനത്തിൽ കിഫ്ബിയുടെ പ്രസക്തി എന്താണ് എന്നു വെളിവാക്കുന്ന വസ്തുതയാണിത്. ■

# എന്തുകൊണ്ട് കിഫ്ബി

**കേരള വികസനത്തിൽ കിഫ്ബിയുടെ പ്രസക്തി**






**സന്തോഷ് ടി വർഗീസ്**
സാമ്പത്തികശാസ്ത്ര വിഭാഗം
അധ്യാപകൻ,
മഹാരാജാസ് കോളേജ്, എറണാകുളം


1999 നവംബർ 11-നാണ് കിഫ്ബിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതെങ്കിലും 2016-ൽ കിഫ്ബി നിയമത്തിൽ വരുത്തിയ സുപ്രധാന ഭേദഗതികളാണ് ഒരു സാമ്പത്തിക ശാസ്ത്ര ബദൽ പരിപാടിയെന്ന നിലയിൽ കിഫ്ബിക്ക് സവിശേഷമായ സ്ഥാനം നൽകിയത്. സർക്കാർ പ്രഖ്യാപിക്കുന്ന വികസന പദ്ധതികൾ ഏറ്റെടുത്ത് നടത്തുകയെന്നതാണ് കിഫ്ബിയുടെ പ്രധാന പരിപാടി. വികസന പദ്ധതികൾ ആനുവിറ്റി മാതൃകയിലുള്ള പ്രോജക്ടുകളായാണ് നടപ്പാക്കുന്നത്. അതിനായി മോട്ടോർ വാഹന നികുതി, പെട്രോൾ സെസ്സ് എന്നിവയിൽ നിന്ന് കിഫ്ബിക്ക് ആനുവിറ്റി പേയ്മെന്റെന്ന നിലയിൽ തവണകളായി പണം നൽകുകയാണ് സർക്കാർ ചെയ്യുന്നത്. പദ്ധതിക്കാവശ്യമായ തുക ഒന്നിച്ചു കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിലാണ് ഇത്തരമൊരു ആനുവിറ്റി സ്കീം അവതരിപ്പിക്കപ്പെടുന്നത്.

മുമ്പൊക്കെയായിരുന്നെങ്കിൽ പൊതുവിപണിയിൽ നിന്നോ മറ്റ് ഏജൻസികളിൽ നിന്നോ കടം സ്വരൂപിച്ചു കൊണ്ട് ഇത്തരം പദ്ധതികൾ സർക്കാരിന് നടപ്പിലാക്കുന്നതേയുള്ളൂ. എന്നാൽ വികസനപദ്ധതികൾക്കായി സർക്കാർ കടം സ്വീകരിക്കുമ്പോൾ സർക്കാരിന്റെ ധനക്കമ്മി വർധിക്കും. ധനക്കമ്മി സൃഷ്ടിച്ചുകൊണ്ട് ചെലവ് ചെയ്യൽ നടത്തുന്നതിന് 2003-ൽ കേന്ദ്ര സർക്കാർ പാസാക്കിയ എഫ്.ആർ.ബി.എം (ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ആൻഡ് ബജറ്റ് മാനേജ്മെന്റ്) നിയമം കടുത്ത നിയന്ത്രണങ്ങളാണ് സൃഷ്ടിച്ചിട്ടുള്ളത്. അതു പ്രകാരം സംസ്ഥാനത്തിന്റെ ധനക്കമ്മി മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ മൂന്ന് ശതമാനത്തിൽ കൂട്ടാൻ പാടില്ല. എന്നാൽ ഈ നിബന്ധന ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ട പരമാധികാര സർക്കാരുകളുടെ വികസന പ്രവർത്തനങ്ങൾക്ക് അനാവശ്യ കൂച്ചുവിലങ്ങ് സൃഷ്ടിക്കുകയാണ്.

ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ട സർക്കാരുകളാണ് ഏത്രമാത്രം ചെലവ് ചെയ്യലാണ് നടത്തേണ്ടതെന്ന് തീരുമാനിക്കേണ്ടത്. അത്തരം തീരുമാനങ്ങളെ എഫ്.ആർ.ബി.എം നിബന്ധനകൾ പോലുള്ള ബാഹ്യനിയന്ത്രണങ്ങൾ സ്വാധീനിക്കുന്നതിന് സാമ്പത്തികശാസ്ത്രപരമായി യാതൊരു ന്യായീകരണവും മുന്നോട്ടു വെയ്ക്കാൻ കഴിയില്ല. സ്വകാര്യ ധനകാര്യവും (പ്രൈവറ്റ് ഫൈനാൻസ്), പൊതുധനകാര്യവും (പബ്ലിക്ക്



**ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ട സർക്കാരുകളാണ് എത്രമാത്രം ചെലവ് ചെയ്യലാണ് നടത്തേണ്ടതെന്ന് തീരുമാനിക്കേണ്ടത്.**
**ഭാവനാസമ്പന്നമായി അനാവശ്യ നിബന്ധനകളെ മറികടക്കുന്നതിനുള്ള മാർഗങ്ങൾ അന്വേഷിക്കുമ്പോഴാണ് കിഫ്ബി എന്ന ആശയം നിയോലിബറൽ സാമ്പത്തിക നിബന്ധനകൾക്കുള്ള ഉചിതമായ ബദൽ തന്ത്രമായി ഉയർന്നുവരുന്നത്**

ഫൈനാൻസ്) തമ്മിലുള്ള അടിസ്ഥാന വ്യത്യാസം വ്യക്തമാക്കി ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിലെ പ്രൊഫസറും ബ്രിട്ടീഷ് ധനകാര്യമന്ത്രിയുമായിരുന്ന ഹ്യൂ ഡാൾട്ടൺ അവതരിപ്പിക്കുന്ന ആശയം ഈ സാഹചര്യത്തിൽ പ്രസക്തമാണ്. സ്വകാര്യ ധനകാര്യത്തിൽ വരുമാനത്തിന് അനുസരിച്ചാണ് ചെലവുകൾ ചെയ്യുന്നതെങ്കിൽ പൊതുധനകാര്യത്തിൽ ഏത്രമാത്രം ചെലവുകളാണ് നടത്തേണ്ടതെന്ന് ആദ്യം തീരുമാനിച്ചതിനു ശേഷം അതിനാവശ്യമായ തുക നികുതിയായോ കടമായോ കണ്ടെത്തുകയാണ് വേണ്ടതെന്നാണ് ഡാൾട്ടൺ അടിവരയിട്ട് വ്യക്തമാകുന്നത്. ചുരുക്കിപ്പറഞ്ഞാൽ, സർക്കാരുകൾ നടത്തുന്ന ചെലവ് ചെയ്യലുകൾക്ക് യാതൊരു ബാഹ്യനിയന്ത്രണവും ഉണ്ടാകാൻ പാടില്ലെന്നാണ് പൊതുധനകാര്യത്തിലെ അടിസ്ഥാന പരികല്പന. എന്നാൽ ഈ അടിസ്ഥാന പ്രമാണത്തെ അതിലംഘിക്കുകയാണ് എഫ്.ആർ.ബി.എം നിബന്ധനകൾ ചെയ്യുന്നതെന്ന് കാണാതിരിക്കാനാവില്ല.

## എഫ്.ആർ.ബി.എം നിബന്ധനകളുടെ പശ്ചാത്തലം

1990–91–ലെ ഗൾഫ് യുദ്ധത്തെ തുടർന്നുണ്ടായ വിദേശവ്യാപാര അടവുശിഷ്ട പ്രതിസന്ധി പരിഹരിക്കാനെന്നോണം 1991–ൽ രാജ്യത്ത് നടപ്പാക്കിയ സാമ്പത്തിക പരിഷ്കാരങ്ങളാണ് ഇത്തരം നിബന്ധനകൾ നടപ്പിലാക്കുന്നതിനുള്ള സാഹചര്യം ഒരുക്കിയെടുത്തത്. 'സ്റ്റെബിലൈസേഷൻ' പരിപാടികളും, ഘടനാപരമായ പരിഷ്കാരങ്ങളും ഉൾക്കൊള്ളുന്ന '(സ്ട്രക്ചറൽ) അഡ്ജസ്റ്റ്മെന്റ് പ്രോഗ്രാമാണ്' ഇന്ത്യയിൽ നടപ്പാക്കിയതെന്നാണ് ഐ.എം.എഫ് സാമ്പത്തിക വിദഗ്ധരായ അജയ് ചോപ്രയും സംഘവും 1995–ൽ എഴുതിയ ലേഖനത്തിൽ വ്യക്തമാക്കിയത്. യഥാർത്ഥത്തിൽ ലോകബാങ്കും ഐഎംഎഫും 1980–ൽ തുർക്കിയിൽ തുടങ്ങി വെയ്ക്കുകയും പിന്നീട് ലോകമെമ്പാടും നടപ്പാക്കുകയും ചെയ്ത 'സ്റ്റെബിലൈസേഷൻ' പരിപാടികളും 'സ്ട്രക്ചറൽ അഡ്ജസ്റ്റ്മെന്റ് പ്രോഗ്രാമുമാണ്' 1991–ൽ രാജ്യത്ത് നടപ്പാക്കിയ സാമ്പത്തിക പരിഷ്കാരങ്ങളുടെ അടിസ്ഥാനമെന്ന് കാണാവുന്നതാണ്.

ലോകബാങ്കും, ഐ.എം.എഫും ലോകമെമ്പാടും നടപ്പാക്കിയ മാക്രോ ഇക്കണോമിക് പ്രോഗ്രാമിന്റെ അവിഭാജ്യ ഘടകമായ '(സ്ട്രക്ചറൽ) അഡ്ജസ്റ്റ്മെന്റ്' പരിപാടികൾ ഈ രണ്ടു സ്ഥാപനങ്ങളുടെയും പുറത്ത് അധികമാർക്കും അന്നൊന്നും അറിയാൻ കഴിഞ്ഞിരുന്നില്ല. ആ കുറവ് പരിഹരിക്കാനെന്ന് തുറന്ന് പറഞ്ഞുകൊണ്ട് പ്രശസ്ത ലോകബാങ്ക് സാമ്പത്തിക ശാസ്ത്രജ്ഞരായ മൊഹ്സിൻ ഖാനും സംഘവും 1987–ൽ എഴുതുകയും 1990–ൽ അതിപ്രശസ്തമായ 'ജേണൽ ഓഫ് ഡെവലപ്മെന്റ് ഇക്കണോമിക്സ്' പ്രസിദ്ധീകരിക്കുകയും ചെയ്ത ലേഖനത്തിൽ ഐ.എം.എഫ് മുന്നോട്ടുവെച്ച പരിഷ്ക്കാര പരിപാടികൾ വിദേശവ്യാപാര അടവ് ശിഷ്ടം പരിഹരിക്കുന്നതിനുള്ള 'മോണിറ്ററി സമീപനത്തിൽ' അധിഷ്ഠിതമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതാവട്ടെ ചിക്കാഗോ സർവകലാശാലയിലെ സാമ്പത്തിക ശാസ്ത്രജ്ഞരായ ജേക്കബ് ഫ്രെങ്കലും, ഹാരി ജി. ജോൺസണും 1976–ൽ മുന്നോട്ടുവെച്ച ചിക്കാഗോ സമീപനമെന്ന പേരിലറിയപ്പെട്ട സിദ്ധാന്തത്തിന്റെ മറ്റൊരു രൂപമായിരുന്നു.

'നിയോ ക്ലാസിക്കൽ' സാമ്പത്തികശാസ്ത്രത്തിന്റെ പുതിയ രൂപമായ 'ന്യൂ ക്ലാസിക്കൽ' മാക്രോ ഇക്കണോമിക്സിന്റെ സൈദ്ധാന്തിക അടിത്തറകളിൽ സുപ്രധാനമായ ഒന്നാണ് മേൽപ്പറത്ത 'മോണിറ്ററി സമീപനം'. അതുപ്രകാരം വിദേശ വ്യാപാരത്തിൽ ഉണ്ടാവുന്ന അടവുശിഷ്ട പ്രതിസന്ധിയുടെ പ്രധാന കാരണം ആഭ്യന്തര സമ്പദ് വ്യവസ്ഥയിൽ ഉണ്ടാകുന്ന വായ്പാ ലഭ്യതയുടെ വർധനവാണ്. വായ്പാ ലഭ്യത വർധിക്കുമ്പോൾ വസ്തുക്കളുടെ ഡിമാൻഡ് ആഭ്യന്തര സമ്പദ് വ്യവസ്ഥയിൽ ഉയരും. എന്നാൽ അതനുസരിച്ച് ഉത്പാദനം വർധിക്കാതെ വരുമ്പോൾ സ്വാഭാവികമായും ഇറക്കുമതിയെ ആശ്രയിക്കേണ്ടി വരും. ഇറക്കുമതിയെ അമിതമായി ആശ്രയിക്കുമ്പോൾ വിദേശ വ്യാപാര രംഗത്ത് കമ്മിയുണ്ടാവുകയും പ്രതിസന്ധി രൂപം കൊള്ളുകയും ചെയ്യുമെന്നാണ് മോണിറ്ററി സമീപനം വിശദീകരിക്കുന്നത്. അതിനാൽ ആഭ്യന്തര സമ്പദ് വ്യവസ്ഥയിലെ വായ്പാ ലഭ്യതയുടെ അളവ് നിയന്ത്രിക്കപ്പെടേണ്ടതുണ്ട്. എങ്കിൽ മാത്രമേ വിദേശവ്യാപാര രംഗത്തുള്ള അടവുശിഷ്ട പ്രതിസന്ധി നിയന്ത്രിച്ചു നിർത്താൻ കഴിയുകയുള്ളൂ. വായ്പാ ലഭ്യത നിയന്ത്രിക്കുന്നതിന് സർക്കാരിന്റെ വായ്പാ ലഭ്യതയിലും കടമെടുക്കുന്നതിലും നിയന്ത്രണങ്ങൾ കൊണ്ടുവരണമെന്ന്



നിഷ്കർഷിക്കുകയാണ് മോണിറ്ററി സമീപനം ചെയ്തത്. സർക്കാരുകൾ പൊതു ചെലവ് ചെയ്യൽ വർധിപ്പിക്കുന്നതിനായി വായ്പകൾ സ്വീകരിക്കുകയും കടമെടുക്കുകയും ചെയ്യുന്നത് നിയന്ത്രിക്കണമെന്ന ആശയം അങ്ങനെയാണ് സൈദ്ധാന്തികമായി മുന്നോട്ടു വയ്ക്കപ്പെട്ടത്.

അതോടൊപ്പം തന്നെ മറ്റു ചില വാദങ്ങൾ കൂടി സർക്കാരിന്റെ പൊതു ചെലവ് ചെയ്യൽ നിയന്ത്രിക്കുന്നതിനും കടമെടുപ്പ് പരിമിതപ്പെടുത്തുന്നതിനുമായി ഈ കാലയളവിൽ മുന്നോട്ട് വയ്ക്കപ്പെട്ടിട്ടുണ്ട്. സർക്കാർ കടമെടുത്തുകൊണ്ട് ചെലവ് ചെയ്യൽ വർധിപ്പിക്കുമ്പോൾ അത്രകണ്ട് സ്വകാര്യ മേഖലയുടെ വായ്പാ ലഭ്യത കുറയുമെന്നും അതിൻ ഫലമായി അത്ര കണ്ട് സ്വകാര്യ നിക്ഷേപം കുറയുന്നതിന് (ക്രൗഡിംഗ് ഔട്ട്) കാരണമാകുമെന്നും നോബൽ സമ്മാന ജേതാവും സാമ്പത്തിക ശാസ്ത്രജ്ഞനുമായ പീറ്റർ ഡയമണ്ട് 1965–ൽ എഴുതിയ ലേഖനത്തിൽ 'ഓവർ

ലാപ്പിംഗ് ജനറേഷൻസ്' മോഡലിന്റെ രീതിശാസ്ത്രം ഉപയോഗിച്ചു വിശദീകരിക്കുകയും ചെയ്തിരുന്നു.

എന്നാൽ ഈ വാദങ്ങളെല്ലാം സമ്പദ്‌വ്യവസ്ഥയിൽ 'ഫുൾ എംപ്ലോയ്മെന്റ്' നിലനിൽക്കുന്നുവെന്ന പരികല്പന യിൽ നിന്നുകൊണ്ടുള്ള വിലയിരുത്തലുകൾ മാത്രമാണ്. ഇന്ത്യയെപ്പോലുള്ള വികസ്വരരാജ്യത്ത് ഈ പരികൽപ്പന കൾക്കൊന്നും യാതൊരു അടിസ്ഥാനവുമില്ല. സർക്കാർ ചെലവ് ചെയ്യൽ വർധിപ്പിക്കുമ്പോൾ സ്വകാര്യ നിക്ഷേപ ത്തെ പുറന്തള്ളുകയല്ല മറിച്ച് ഇന്ത്യയെപോലുള്ള വികസ്വര രാജ്യങ്ങളിൽ സ്വകാര്യ നിക്ഷേപത്തെ പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ ലാഭകരമാക്കി മാറ്റുന്നതിനും അതുവഴി കൂടുതൽ സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിനുമാണ് (ക്രൗഡിംഗ് ഇൻ) കാരണമാവുകയെന്ന് പഠനങ്ങൾ തെളിയിക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ടുതന്നെ 'ന്യൂ ക്ലാസിക്കൽ മാക്രോ ഇക്കണോമിക്സ്' മുന്നോട്ടുവെക്കുന്ന ഇത്തരം വാദങ്ങൾക്കൊന്നും യാതൊരു പ്രസക്തിയുമില്ലെന്നതാണ് വസ്തുത.

## കടബാധ്യത എന്ന വാദം

സർക്കാരുകളുടെ കമ്മി വർധിക്കുന്നതും അതു നികത്താനായി കടമെടുക്കുന്നതുമെല്ലാം സമ്പദ്



വ്യവസ്ഥയ്ക്കും ഭാവി തലമുറയ്ക്കും വലിയ കടബാധ്യതയാണ് സൃഷ്ടിക്കുന്നതെന്ന വാദവും മുന്നോട്ടുവയ്ക്കപ്പെടുന്നുണ്ട്. എന്നാൽ സർക്കാരിന്റെ കടബാധ്യത സമ്പദ് വ്യവസ്ഥയിൽ യാതൊരു ബാധ്യതയും സൃഷ്ടിക്കുകയില്ലെന്നാണ് കൊളംബിയ സർവകലാശാലയിലെ പ്രൊഫസറായിരുന്ന അബ്ബാ പി. ലേർണറും പ്രശസ്ത പോളിഷ് സാമ്പത്തിക ശാസ്ത്രജ്ഞനായ മൈക്കൽ കെലെയ്ക്കിയും, പോസ്റ്റ് കെയ്നീഷ്യൻ സാമ്പത്തിക ശാസ്ത്രജ്ഞരും ആധുനിക മോണിറ്ററി സൈദ്ധാന്തികരും ഒരേ സ്വരത്തിൽ വിശദീകരിക്കുന്നത്. ലേർണറുടെ വാദങ്ങൾ മോണിറ്ററിസ്റ്റ് സമീപനത്തിന്റെ പ്രധാന വക്താക്കളിലൊരാളായ പ്രൊഫ. ഡേവിഡ് ലെയ്ഡ്ലർക്ക് തന്നെ 1985-ൽ എഴുതിയ ലേഖനത്തിൽ ഭംഗ്യന്തരേണ സമ്മതിക്കേണ്ടിവരുകയും ചെയ്തിട്ടുണ്ട്.

മാത്രമല്ല, സർക്കാർ കടമെടുക്കുമ്പോൾ ആരിൽ നിന്നാണോ കടമെടുക്കുന്നത് അയാളെ സംബന്ധിച്ച് അത് ആസ്തിയായിട്ട് മാത്രമേ പരിഗണിക്കാൻ കഴിയുകയുള്ളൂ. കടത്തിന് സർക്കാർ നൽകേണ്ടി വരുന്ന പലിശച്ചെലവ് കടം നൽകിയവരെ സംബന്ധിച്ച് വരുമാനമായാണ് മാറുന്നത്. അതായത് സർക്കാരിന്റെ കടബാദ്ധ്യത സർക്കാരിതര മേഖലയുടെ ആസ്തിയാണ്. കടത്തിനായി സർക്കാർ നൽകേണ്ടിവരുന്ന പലിശ സർക്കാരിതര മേഖലയുടെ വരുമാനവുമാണ്. ചുരുക്കിപ്പറഞ്ഞാൽ, എത്ര കടബാധ്യതയാണോ സർക്കാരിന് ഉണ്ടാകുന്നത് അതിനു തത്തുല്യമായ ആസ്തിയാണ് സർക്കാരിതര മേഖലയിൽ സൃഷ്ടിക്കപ്പെടുന്നത്. അതുകൊണ്ടുതന്നെ സമ്പദ് വ്യവസ്ഥ മൊത്തമെടുത്ത് പരിശോധിക്കുമ്പോൾ പൊതുചെലവ് ചെയ്യൽ വർധിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിക്കുന്ന കടം യാതൊരു അധിക ബാധ്യതയും സൃഷ്ടിക്കുന്നില്ലെന്ന് ലളിതമായി മനസ്സിലാക്കാവുന്നതാണ്.

## കിഫ്ബിയെന്ന 'ഗെയിം തിയററ്റിക്' ബദൽ

അനിഷേധ്യമായ ഇത്തരം സാമ്പത്തികശാസ്ത്ര വസ്തുതകളെ കണ്ടില്ലെന്നു നടിച്ചുകൊണ്ടാണ് ന്യൂ ക്ലാസിക്കൽ മാക്രോ ഇക്കണോമിക്സിന്റെ സൈദ്ധാന്തിക അടിത്തറയിൽ നിർമ്മിച്ചുറപ്പിച്ച ലോക ബാങ്ക്-ഐ.എം. എഫ് സമീപനവും എഫ്.ആർ.ബി.എം നിബന്ധനകളും രാജ്യത്ത് നടപ്പിലാക്കപ്പെട്ടത്. അതിനെ തുടർന്നാണ് എഫ്.ആർ.ബി.എം നിബന്ധനകൾ സംസ്ഥാന സർക്കാരുകളുടെ വികസന ശ്രമങ്ങൾക്കും ജനങ്ങളുടെ പുരോഗമന വാഞ്ഛയ്ക്കും കൂച്ചുവിലങ്ങിട്ടുകൊണ്ട് നടപ്പാക്കി തുടങ്ങിയത്. സ്വാഭാവികമായും പുരോഗമന ആശയങ്ങൾ നടപ്പാക്കാനായി അധികാരത്തിലേറുന്ന സർക്കാരുകൾ ഉൾക്കാഴ്ചയോടെ, ഭാവനാസമ്പന്നമായി ഇത്തരം അനാവശ്യ നിബന്ധനകളെ മറികടക്കുന്നതിനുള്ള മാർഗ്ഗങ്ങൾ അന്വേഷിക്കുമ്പോഴാണ് കിഫ്ബി എന്ന ആശയം നിയോലിബറൽ സാമ്പത്തിക നിബന്ധന കൾക്കുള്ള ഉചിതമായ ബദൽ തന്ത്രമായി ഉയർന്നുവരുന്നത്.

സമ്പദ് വ്യവസ്ഥയിലെ എല്ലാ ഇടപാടുകളും തന്ത്രപരമായ പരസ്പര വ്യവഹാരമെന്ന (സ്ട്രാറ്റജിക് ഇന്ററാക്ഷൻ) നിലയ്ക്കാണ് നടക്കുന്നതെന്നാണ് സാമ്പത്തികശാസ്ത്രത്തിലെ 'ഗെയിം തിയറി' സമീപനം സിദ്ധാന്തവത്ക്കരിക്കുന്നത്. അതുകൊണ്ടു തന്നെ സമ്പദ് വ്യവസ്ഥയിലെ ഓരോ അംഗവും നടത്തുന്ന എല്ലാ ഇടപാടുകളും തന്ത്രപരമായി പ്രതിരോധിക്കാനുള്ള ശ്രമങ്ങൾ മറ്റെല്ലാവരിൽനിന്നും എല്ലായ്പ്പോഴും ഉണ്ടാവുമെന്ന ഉൾക്കാഴ്ച നിറഞ്ഞ വിലയിരുത്തലാണ് ഗെയിം തിയറി സമീപനം മുന്നോട്ടുവയ്ക്കുന്നത്. ജനാധിപത്യസംവിധാനത്തിൽ തിരഞ്ഞെടുപ്പിലൂടെ അധികാരത്തിലേറുന്ന സർക്കാരുകളുടെ വികസനപരമായ ചെലവ് ചെയ്യലുകൾ അനാവശ്യമായി നിയന്ത്രിക്കാനുള്ള നിബന്ധനകൾ കടന്നുവരുമ്പോൾ അതിനെ പ്രതിരോധിക്കാനും എഫ്.ആർ.ബി.എം നിബന്ധനകൾ ബാധകമാകാത്ത തരത്തിൽ ബജറ്റിന് പുറത്തുനിന്ന് സ്വീകരിക്കാൻ കഴിയുന്ന കടമെടുപ്പും വികസന ആവശ്യങ്ങൾ നിറവേറ്റാനുള്ള ചെലവ് ചെയ്യലും ഒരു 'റാഷണൽ ഇക്കണോമിക് ഏജന്റ്' എന്ന നിലയിൽ സംസ്ഥാന സർക്കാർ നടത്തുമ്പോൾ അതിനെ നിഷേധിക്കാൻ സാമ്പത്തികശാസ്ത്രത്തിലെ ഒരു യുക്തിക്കും കഴിയില്ലെന്ന് മാത്രമല്ല ഗെയിം തിയറി സമീപനമനുസരിച്ച് തികച്ചും ന്യായീകരിക്കപ്പെടുന്ന മറുതന്ത്രമാണെന്ന് സമ്മതിക്കേണ്ടി വരികയും ചെയ്യുന്നുണ്ട്. ഈ പശ്ചാത്തലത്തിലാണ് സാമ്പത്തിക ശാസ്ത്രപരമായി കിഫ്ബിയുടെ പ്രാധാന്യം നിയോ ലിബറൽ നിബന്ധനകൾക്കുള്ള സൈദ്ധാന്തിക മറുപടിയെന്ന നിലയിൽ സവിശേഷശ്രദ്ധയർഹിക്കുന്നത്. ■

# പ്രതിസന്ധിയിലെ കരുതലും കരുത്തും

**സാമ്പത്തിക പ്രതിസന്ധികൾക്കും പ്രകൃതി ദുരന്തങ്ങൾക്കും നടുവിൽ തളരാതെ ജനോപകാരപ്രദമായ നടപടികളും ബുദ്ധിപൂർവമായ ധനവിനിയോഗവുമായി സർക്കാർ മുന്നോട്ടുപോവുകയാണെന്ന് സാമ്പത്തിക അവലോകനം 2021 വ്യക്തമാക്കുന്നു**



**ഡോ. രഘുനാഥൻ എം.**
അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി,
സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർപേഴ്സൺ

സംസ്ഥാന സമ്പദ്ഘടനയുടെ പോയവർഷത്തെ മൊത്തത്തിലുള്ളതും മേഖലാതലത്തിലുള്ളതുമായ പ്രകടനം വിവരിക്കുന്ന സാമ്പത്തിക അവലോകനം കോവിഡ് മഹാമാരിയും തുടർന്നുള്ള അടച്ചുപൂട്ടലുകളും 2021 ലെ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ പിന്നോട്ടുവലിച്ചു എങ്കിലും ആഘാതം കുറയ്ക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ സഹായിച്ചുവെന്ന് വ്യക്തമാക്കുന്നു.

## കോവിഡ് പാക്കേജ്

കോവിഡ് സാഹചര്യത്തിൽ സർക്കാരിന് സാധാരണഗതിയിൽ കിട്ടേണ്ട വരുമാനം കുറയുകയും അപ്രതീക്ഷിത ചെലവുകൾ ഏറ്റെടുക്കേണ്ടിയും വന്നു. സംസ്ഥാന മൊത്ത ആഭ്യന്തരോൽപാദനത്തിന്റെ വളർച്ച മുൻവർഷത്തെ അപേക്ഷിച്ച് 2020-21 ൽ കുറവാണ് രേഖപ്പെടുത്തിയിരിക്കുന്നതെങ്കിലും മഹാമാരിയുടെ ആദ്യഘട്ടത്തിലെ 20,000 കോടി രൂപയുടെ പാക്കേജും രണ്ടാം തരംഗത്തിലെ 20,000 കോടി രൂപയുടെ പാക്കേജും ചെറുകിട വ്യവസായങ്ങൾക്കായി പ്രഖ്യാപിച്ച 5650 കോടി രൂപയുടെ പാക്കേജും ആഘാതത്തിന്റെ രൂക്ഷത കുറച്ചതായി സാമ്പത്തിക അവലോകനം ചൂണ്ടിക്കാട്ടുന്നു.

കൃഷിയും അനുബന്ധമേഖലകളും പുരോഗതി കൈവരിച്ചതായും ക്ഷീരോൽപാദന രംഗം ശ്രദ്ധേയമായ പുരോഗതി നേടിയതായും കാണുന്നു. സഹകരണ മേഖല 'കോ-ഓപ്പ് മാർട്ട് വെജ് ഫ്രഷ് ഔട്ട്ലെറ്റുകളിലൂടെ പഴങ്ങളും പച്ചക്കറികളും ശേഖരിച്ച് വിതരണം ചെയ്യുക വഴി വിപണന സംവിധാനം ശക്തിപ്പെടുത്താനും വിലസ്ഥിരത ഉറപ്പാക്കാനും കർഷകർക്ക് മികച്ച വില ലഭിക്കാനും വഴിയൊരുക്കി.

സംസ്ഥാനത്തിന്റെ ഉൽപാദന മേഖലയുടെ വളർച്ചയിൽ പൊതുവിൽ ഇടിവാണ് കാണിക്കുന്നത്. 44,975 പേർക്ക് തൊഴിൽ പ്രദാനം ചെയ്തുകൊണ്ട് 11,540 പുതിയ എം എസ് എം ഇ യൂണിറ്റുകൾ ആരംഭിച്ചത് ശുഭസൂചകമാണ്. പരമ്പരാഗത മേഖലകളിൽ കൂടുതൽ നിക്ഷേപം നടത്തിയതിന്റെ ഫലമായി തൊഴിലും വരുമാനവും ഉൽപാദനവും വർധിച്ചു. ഐടി രംഗത്തെ ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നിവിടങ്ങളിൽ 5402 കോടി രൂപ നിക്ഷേപം നടത്തുകയും 1,16,917 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും 20715 കോടി രൂപയുടെ വിറ്റുവരവ് നേടുകയും ചെയ്തിട്ടുണ്ട്. കേരള സ്റ്റാർട്ടപ്പ് മിഷൻ നൂതന ആശയങ്ങൾ പരീക്ഷിക്കുന്നതിന് സഹായങ്ങൾ നൽകി വരുന്നു.

## അടിസ്ഥാനസൗകര്യ വികസനം

സേവന മേഖല നോക്കിയാൽ സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി ഹൈടെക് സ്കൂൾ, ഹൈടെക് ലാബ്, ബ്രോഡ് ബാൻഡ് കണക്റ്റിവിറ്റി എന്നിവ നല്ലൊരു ശതമാനം സ്കൂളുകളിലും സജ്ജീകരിച്ചിരിക്കുന്നു. 2016-17 മുതൽ 2021-22 വരെയുള്ള കാലയളവിൽ സർക്കാർ സ്കൂളുകളിലും എയ്ഡഡ്

**പട്ടിക 1 – ഉപഭോക്തൃ വില സൂചിക അടിസ്ഥാനപ്പെടുത്തി നാണ്യപ്പെരുപ്പ നിരക്ക്**

(2021 സെപ്റ്റംബർ)

| | ഗ്രാമം | നഗരം | മൊത്തത്തിൽ |
|---|---|---|---|
| ഇന്ത്യ | 4.13 | 4.57 | 4.35 |
| കേരളം | 2.72 | 3.45 | 2.98 |

സ്കൂളുകളിലും പുതിയതായി പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം 8.91 ലക്ഷമാണ്. മഹാമാരിയുടെ കാലത്തും ഡിജിറ്റൽ ക്ലാസുകളിലൂടെ മുൻ വർഷങ്ങളിലേതുപോലെ അധ്യയനം മുടങ്ങാതെ നടത്തി.

സംസ്ഥാനത്തെ ശിശുമരണനിരക്ക് ആറ് ആണെങ്കിൽ ദേശീയ ശരാശരി 30 ആണ്. മാതൃമരണ അനുപാതം കേരളത്തിൽ 43 മാത്രമാണ് എന്നാൽ അഖിലേന്ത്യാ അനുപാതം 113 ആണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിക്കുന്ന പരിപാടി തുടരുന്നതിനു പുറമെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് ഫാമിലി ഹെൽത്ത് സെന്ററുകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നു. 326 ആശുപത്രികളിൽ ഇ-ഹെൽത്ത് പൂർത്തിയായി, അതിൽ 71 എണ്ണം പേപ്പർ ഉപയോഗിക്കേണ്ടതില്ലാത്ത ആശുപത്രികളായി പ്രവർത്തിക്കുന്നു. 2,62,96,323 വ്യക്തികളുടെ ഡാറ്റാ ബേസ് ശേഖരിച്ച് ഇലക്ട്രോണിക് രേഖകളായി സംഭരിച്ച രാജ്യത്തെ ഏക സംസ്ഥാനമാണ് കേരളം.

**പട്ടിക 2 - റവന്യൂ, ധന കമ്മികൾ**

| | റവന്യൂ കമ്മി | | ധനകമ്മി | |
|---|---|---|---|---|
| വർഷം | തുക (കോടി രൂപയിൽ) | ജിഡിപി യുടെ ശതമാനം | തുക (കോടി രൂപയിൽ) | ജിഡിപി യുടെ ശതമാനം |
| 2016–17 | 15484.59 | 2.44 | 26448.35 | 4.17 |
| 2017–18 | 16928.21 | 2.41 | 26837.41 | 3.83 |
| 2018–19 | 17461.92 | 2.22 | 26958.30 | 3.42 |
| 2019–20 | 14495.25 | 1.76 | 23837.48 | 2.89 |
| 2020–21 | 20036.5 | 2.51 | 35203.69 | 4.40 |
| 2021–22 BE | 16910.12 | 1.93 | 30697.59 | 3.50 |

**പട്ടിക 3 - സംസ്ഥാനത്തിന്റെ വരുമാന സ്രോതസ്സുകൾ (ശതമാനത്തിൽ)**

| വർഷം | സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനം | സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനം | കേന്ദ്രത്തിൽ നിന്നുള്ള നികുതി, ഗ്രാന്റ് വിഹിതം |
|---|---|---|---|
| 2016–17 | 55.78 | 31.39 | 12.83 |
| 2017–18 | 55.96 | 30.55 | 13.49 |
| 2018–19 | 54.54 | 32.77 | 12.69 |
| 2019–20 | 55.78 | 30.63 | 13.59 |
| 2020–21 | 48.82 | 43.67 | 7.51 |
| 2021–22 BE | 54.84 | 34.21 | 10.95 |

## തൊഴിൽമേഖലയ്ക്കു കരുതൽ

എല്ലാ അതിഥിത്തൊഴിലാളികൾക്കും മറ്റൊരു സംസ്ഥാനവും നൽകാത്ത 25,000 രൂപയുടെ മെഡിക്കൽ ഇൻഷുറൻസും മരണ സഹായമായി രണ്ട് ലക്ഷം രൂപയും നൽകുന്നു. കുടിയേറ്റ തൊഴിലാളികൾക്ക് മിതമായ വാടക നിരക്കിൽ നിലവാരമുള്ളതും ശുചിത്വമുള്ളതും സുരക്ഷിതവുമായ വാസസ്ഥലങ്ങൾ നൽകുന്നതിനായി 'അപ്നാഘർ പദ്ധതി' നടപ്പിലാക്കുന്നു. കോവിഡ് കാലത്ത് എല്ലാ കാർഡുടമകൾക്കും സപ്ലൈകോ വഴി അവശ്യ സാധന കിറ്റ് സൗജന്യമായി നൽകിയിരുന്നു. അർഹരായ കുടുംബങ്ങൾക്കുള്ള സൗജന്യ റേഷൻ വിതരണത്തിന് പുറമേയാണിത്. 2021 ൽ 86.92 ലക്ഷം കുടുംബങ്ങൾക്ക് ഓണം ഭക്ഷ്യ കിറ്റുകളും 1.1 ലക്ഷം മത്സ്യത്തൊഴിലാളികൾക്ക് ഭക്ഷ്യ കിറ്റുകളും നൽകി. കേരളത്തെ പട്ടിണി വിമുക്തമാക്കുന്നതിനായി കുടുംബശ്രീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ച് ജനകീയ ഹോട്ടൽ ശൃംഖല സജ്ജമാക്കുകയുണ്ടായി.

2020–21 ൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം 10.22 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു, അതിൽ 18.3 ശതമാനം പട്ടികജാതിക്കാർക്കും 6.53 ശതമാനം പട്ടികവർഗക്കാർക്കുമാണ്. സംസ്ഥാന വിഹിതം മാത്രമുപയോഗിച്ച് ട്രൈബൽ പ്ലസ് സ്കീം വഴി പട്ടികവർഗ കുടുംബങ്ങൾക്ക് 100 ദിവസത്തെ അധിക തൊഴിൽ നൽകാൻ ലക്ഷ്യമിടുന്നു. ഇതേകാലയളവിൽ 100 ദിവസം തൊഴിൽ പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം 21726 ആയിരുന്നത് 31870 ആയി ഉയർന്നു.

പട്ടികജാതി, പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് പല തരത്തിലുള്ള വിദ്യാഭ്യാസ സഹായങ്ങളും സ്കോളർഷിപ്പുകളും പഠനമുറികളും നൽകുന്നു. പട്ടികവർഗ വിഭാഗത്തിലുൾപ്പെട്ടവർക്ക് വീടും ഭൂമിയും വിതരണം ചെയ്യുകയുണ്ടായി. സിക്കിൾസെൽ, അനീമിയ രോഗികൾക്ക് സാമ്പത്തിക സഹായം, ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും സഹായം, വിവാഹ സഹായം എന്നിവ നൽകുന്നു. 'മില്ലറ്റ് വില്ലേജ് പദ്ധതി' 1900 ഏക്കറിൽ 70 ജനവാസ കേന്ദ്രങ്ങളിലായി പുരോഗമിക്കുന്നു.

അധികാരവികേന്ദ്രീകരണത്തിന്റെ പ്രത്യേകത വിഭവങ്ങളുടെ താഴേക്കുള്ള വിതരണമാണ്. അത് 2016–17 ൽ മൊത്തം സംസ്ഥാന പദ്ധതിയുടെ 22.92 ശതമാനമായിരുന്നതെങ്കിൽ 2021–22 ആയപ്പോഴേക്കും അത് 26 ശതമാനമായി വർധിച്ചു. പതിമൂന്നാം പദ്ധതിക്കാലത്ത് (201722) പദ്ധതി ആസൂത്രണം നേരത്തേ നടത്തി സാമ്പത്തിക വർഷാരംഭം തന്നെ വികസന പ്രവർത്തനങ്ങൾ തുടങ്ങിയതോടെ ചെലവഴിക്കൽ 95 ശതമാനത്തിനു മുകളിലേക്കെത്തി. ജനപങ്കാളിത്തത്തിന്റെയും പ്രാദേശിക ജനാധിപത്യത്തിന്റെയും ശക്തമായ കേന്ദ്രങ്ങളായി പരിണമിച്ച പ്രാദേശിക ഭരണകൂടങ്ങൾ പ്രതിസന്ധികളിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു..■

# ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് യാഥാർത്ഥ്യമാവുമ്പോൾ

**ജനങ്ങൾക്ക് കൂടുതൽ കാര്യക്ഷമതയോടെയും വേഗത്തിലും അഴിമതിമുക്തമായും സേവനങ്ങൾ ഉറപ്പാക്കുന്നതാണ് തദ്ദേശസ്വയംഭരണ വകുപ്പ് ഏകോപനം**



**'നികുതിപിരിവും സമാധാന പരിപാലനവും മാത്രമല്ല, എല്ലാ വിഭാഗങ്ങളിലും പെടുന്ന ജനങ്ങളുടെ, വിശേഷിച്ചും പാവപ്പെട്ടവരുടെ ക്ഷേമം വളർത്തലും കൂടിയാണ് ഗവൺമെന്റിന്റെ ലക്ഷ്യം. രീതി ജനാധിപത്യപരമാകണം. സ്വാതന്ത്ര്യം ലഭിക്കുന്നത് വരെ ഭരണയന്ത്രത്തിന്റെ കൂറ് ആത്യന്തികമായി വിദേശ ശക്തിയോടായിരുന്നെങ്കിൽ, ഇനിയങ്ങോട്ട് അതിന്റെ ഉത്തരവാദിത്വം ജനങ്ങളോടും ജനപ്രതിനിധികളോടുമായിരിക്കും എന്നുവന്നു. ഈ മാറ്റങ്ങൾ ഭരണ സംവിധാനത്തിനും ഉദ്യോഗസ്ഥവൃന്ദത്തിനും പുതിയ കടമകളും ചുമതലകളും സൃഷ്ടിച്ചിരിക്കുന്നു. ഇത് അവരുടെ മനോഭാവത്തിലും കാഴ്ചപ്പാടിലും വൈദഗ്ധ്യത്തിലും പരിശീലനത്തിലും സമഗ്രമായ നവീകരണം ആവശ്യമാക്കി തീർക്കുന്നു.'**
**(കേരള ഭരണപരിഷ്കാരക്കമ്മിറ്റി (1958))**




**എം വി ഗോവിന്ദൻ മാസ്റ്റർ**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി


'ഉദ്യോഗസ്ഥരുടെ ഭരണത്തിൽ നിന്നും ജനങ്ങളുടെ ഭരണത്തിലേക്ക്' എന്ന ലേഖനത്തിൽ സംസ്ഥാനത്തെ ആദ്യത്തെ ഭരണപരിഷ്കാരക്കമ്മിറ്റിയുടെ അധ്യക്ഷനായ ഇ എം എസ് ഉദ്ധരിച്ച പരാമർശമാണ് മുകളിലെഴുതിയത്. ആ കമ്മിറ്റി മുമ്പാകെ എത്തിയ സാക്ഷികളുടെ 'ഭരണവ്യവസ്ഥയ്ക്ക് എന്തെങ്കിലും തകരാറുണ്ടോ?' എന്ന ചോദ്യത്തിനുള്ള ഉത്തരം തേടുമ്പോഴാണ് മുകളിൽ പറഞ്ഞ നിരീക്ഷണമുണ്ടായത്. ഭരണയന്ത്രത്തിന്റെ നവീകരണത്തിലൂടെ മാത്രമേ തങ്ങളുടെ കടമകളും ചുമതലകളും നിർവഹിക്കാൻ ഉദ്യോഗസ്ഥവൃന്ദത്തിന് സാധിക്കുകയുള്ളൂ. അപ്പോഴാണ് അത് ജനപക്ഷമായി മാറുന്നത്. ഐക്യകേരളമുണ്ടായ കാലം മുതൽ നിലവിലുള്ള ഭരണസംവിധാനത്തിൽ അന്നുവരെ ഇല്ലാതിരുന്ന നിരവധി സവിശേഷതകൾ പിന്നീട് സ്വീകരിച്ചിട്ടുണ്ട്. അവയെ ഉൾക്കൊള്ളാതെ ഭരണം മുന്നോട്ടുകൊണ്ടുപോകാനാവില്ല. അതത് കാലത്തെ പരിതസ്ഥിതിയിലെ പുതിയ ഘടകങ്ങൾ കൃത്യമായും ഏവയെന്നും അവയെ എങ്ങനെ കൈകാര്യം ചെയ്യണമെന്നും കണ്ടുപിടിച്ച് മുന്നോട്ടുപോകാനാണ് ഇ എം എസിന്റെ നേതൃത്വത്തിലുള്ള ഒന്നാം ഭരണ പരിഷ്കാര കമ്മിറ്റി നിർദേശിച്ചത്. ഇത്തരത്തിലുള്ള ചിന്തകളും ഭരണ സംവിധാനത്തെ പരിഷ്കരിക്കാനുള്ള പരിശ്രമങ്ങളും പുരോഗമന സർക്കാരുകളുടെ ഭരണകാലങ്ങളിലെല്ലാം ഉയർന്നുവന്നിട്ടുണ്ട്. രണ്ടാം പിണറായി വിജയൻ സർക്കാർ ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് യാഥാർത്ഥ്യമാക്കുന്നതും ഭരണപരിഷ്ക്കാരത്തിന്റെ ഭാഗമായാണ്. ഇതിലൂടെ ജനങ്ങൾക്ക് കൂടുതൽ കാര്യക്ഷമതയോടെയും വേഗത്തിലും അഴിമതിമുക്തമായും സേവനങ്ങൾ ലഭ്യമാക്കാനാവും.

അധികാര വികേന്ദ്രീകരണ പ്രക്രിയയെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ശക്തിപ്പെടുത്താനുതകുന്ന രീതിയിലാണ് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരിച്ചിരിക്കുന്നത്. സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, തദ്ദേശസ്വയം ഭരണ എൻജിനീയറിങ് വിഭാഗം, നഗര-ഗ്രാമാസൂത്രണം എന്നീ വകുപ്പുകളെ ഏകോപിപ്പിക്കുകയാണ്. ഏകീകൃത വകുപ്പിൽ റൂറൽ, അർബൻ, പ്ലാനിംഗ്, എൻജിനീയറിങ് എന്നീ നാലു വിഭാഗങ്ങളാണ് ഉണ്ടാവുക. റൂറൽ, അർബൻ വിഭാഗങ്ങളുടെ തലവന്മാർ ഐ എ എസ് തസ്തികയിലുള്ള ഡയറക്ടർമാരാണ്. പ്ലാനിംഗ് വിഭാഗത്തിന്റെ തലവൻ ചീഫ് ടൗൺ പ്ലാനറും എൻജിനിയറിങ് വിഭാഗത്തിന്റെ തലവൻ ചീഫ് എൻജിനീയറുമായിരിക്കും. എൻജിനീയറിങ് വിഭാഗത്തിന്റെ പേരിലും മാറ്റമുണ്ടാകും. ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ആന്റ് എൻജിനീയറിങ് എന്നാണ് ഇനി ആ വിഭാഗം അറിയപ്പെടുക. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മെച്ചപ്പെട്ട പ്രവർത്തനത്തിന് സഹായകരമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പബ്ലിക് ഹെൽത്ത് ആന്റ് എൻവയൺമെന്റ് മാനേജ്മെന്റ്, കമ്മ്യൂണിക്കേഷൻ, എംപവർമെന്റ്, ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് എന്നീ ഉപവിഭാഗങ്ങളും ഉണ്ടാവും. സംസ്ഥാന തലത്തിൽ പ്രിൻസിപ്പൽ ഡയറക്ടറേറ്റാണ് ഉണ്ടാവുക. തിരുവനന്തപുരത്തെ സ്വരാജ്ഭവൻ ഇതിനായി ഒരുങ്ങികഴിഞ്ഞു. ഏകീകൃത വകുപ്പിന്റെ മേധാവി പ്രിൻസിപ്പൽ ഡയറക്ടറായിരിക്കും.

## പ്രാദേശിക സർക്കാരുകളെ ശക്തിപ്പെടുത്തൽ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഭരണപരമായ സഹായം എത്തിച്ചുകൊടുക്കുക എന്നതാണ് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രധാന ലക്ഷ്യം. മുപ്പത്തി ഒന്നായിരത്തിലധികം സ്ഥിരം ജീവനക്കാരും ഏഴായിരത്തോളം വരുന്ന കണ്ടിജന്റ് ജീവനക്കാരും ചേരുന്ന ഒരു പൊതുസർവീസാണ് സംസ്ഥാനത്തും ജില്ലയിലും ഏകീകൃത കാര്യാലയങ്ങൾ സഹിതം നിലവിൽ വരുന്നത്. ഇവരെയെല്ലാം മേൽപ്പറഞ്ഞ ലക്ഷ്യം നേടുന്നതിനായി ജൈവികമായി ബന്ധിപ്പിക്കുകയും സാങ്കേതികസഹായത്തോടെ ഏകോപിത  പിന്തുണാസംവിധാനമായി മാറുകയും ചെയ്യും.

ഏകീകൃത തദ്ദേശസ്വയംഭരണ കേഡറിനെ കുറിച്ച് സംസ്ഥാനത്തെ ഒന്നാം ഭരണപരിഷ്കാര കമ്മീഷൻ സൂചിപ്പിച്ചിട്ടുള്ളത്, അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായുള്ള ഗുണഫലങ്ങൾ സാധാരണക്കാരായ ജനങ്ങൾക്ക് കൂടുതൽ അനുഭവവേദ്യമാക്കുവാൻ വേണ്ടിയുള്ളതാവണം എന്നാണ്. സെൻ കമ്മിറ്റിയും 2013ലെ മണിശങ്കർ അയ്യർ കമ്മീഷൻ റിപ്പോർട്ടും ഇതേക്കുറിച്ച് വ്യക്തമായി സൂചിപ്പിക്കുന്നുണ്ട്.

സംസ്ഥാനത്തിനോ ജില്ലയ്ക്കോ തദ്ദേശസ്വയംഭരണ ജീവനക്കാർക്കായുള്ള സർവീസ് ഉണ്ടാക്കാം എന്ന് കേരള പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 179(3)ലും180(4) ലും പറയുന്നു. കേന്ദ്ര പഞ്ചായത്ത് മന്ത്രാലയം കേരളമടക്കം അഞ്ചു സംസ്ഥാനങ്ങളെ താരതമ്യം ചെയ്തു നടത്തിയ പഠനത്തിൽ വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ അനുയോജ്യമായ ഒരു കേഡർ വിഭാവനം ചെയ്യുന്നുണ്ട്. അതായത്, ഇത് സംബന്ധിച്ച പഠനങ്ങളും

> **“ അധികാര വികേന്ദ്രീകരണ പ്രക്രിയയെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ശക്തിപ്പെടുത്താനുതകുന്ന രീതിയിലാണ് ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകരിച്ചിരിക്കുന്നത്**

കാഴ്ചപ്പാടുകളും നേരത്തെ തന്നെ വിവിധ തലങ്ങളിൽ ഉരുത്തിരിഞ്ഞ് വന്നിട്ടുണ്ട്. എന്നിരുന്നാലും ഇപ്പോൾ മൂർത്തമാക്കിയ സ്റ്റേറ്റ്, സബോർഡിനേറ്റ് ചട്ടങ്ങൾ രൂപപ്പെടുത്തിയത് വളരെ നീണ്ട ചർച്ചകൾക്കും ആഴത്തിലുള്ള പഠന വിശകലങ്ങൾക്കും ശേഷമാണ്. ഒരു സർക്കാരിന് ജനപക്ഷത്ത് നിൽക്കാനാവണമെങ്കിൽ തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തിയേ മതിയാവൂ. ജനങ്ങളുടെ ഏറ്റവും അടുത്തുനിൽക്കുന്ന പ്രാദേശിക സർക്കാരുകളാണ് അവ. പിണറായി വിജയൻ സർക്കാരിന്റെ പ്രഖ്യാപിത നയമാണ് ഈ ശക്തിപ്പെടുത്തൽ. ഇതിന്റെ ഭാഗമാണ് വ്യത്യസ്ത വകുപ്പുകളായി നിൽക്കുന്ന, എന്നാൽ ഒരേ സ്വഭാവമുള്ള അഞ്ചുവകുപ്പുകളെ ഏകോപിപ്പിക്കുന്ന നടപടി.

ലോക്കൽ ഗവൺമെന്റ് കമ്മീഷൻ സമർപ്പിച്ച കരട് ചട്ടങ്ങളും തുടർന്ന് നിർദ്ദേശിക്കപ്പെട്ട ഭേദഗതികളും പരിശോധിച്ച് അഞ്ച് വകുപ്പുകളും ഏകോപിപ്പിച്ച് ലോക്കൽ സെൽഫ് ഗവൺമെന്റ് വകുപ്പ് രൂപീകരിക്കാനും വകുപ്പുതലവന്റെ പേര് പ്രിൻസിപ്പൽ ഡയറക്ടർ എന്നാക്കാനും മന്ത്രിസഭ തീരുമാനിച്ചു. സ്ഥാനക്കയറ്റവും സ്ഥലംമാറ്റവുമൊക്കെ സംബന്ധിച്ച് ജീവനക്കാർക്കുള്ള എല്ലാ ആശങ്കകളും പരിഹരിച്ചാണ് സർക്കാർ മുന്നോട്ടുപോവുന്നത്. വിശേഷാൽ ചട്ടങ്ങൾ പുറത്തിറക്കുന്ന തീയതിക്ക് മുമ്പ് സർവീസിൽ പ്രവേശിച്ച ഓരോ ജീവനക്കാരനും സർവീസിൽ നിന്ന് പിരിയുന്നതുവരെ പഴയ വകുപ്പുകളിലുള്ള സീനിയോറിറ്റിയും പരിഗണനയും നിലനിർത്തും. പഴയ വകുപ്പിൽ അർഹതപ്പെട്ട എല്ലാ പ്രൊമോഷനും ലഭിക്കുകയും ചെയ്യും. ഏതെങ്കിലും തരത്തിൽ വ്യക്തിപരമായ പ്രശ്നങ്ങൾ ഉണ്ടാവുകയാണെങ്കിൽ അത് പരിഹരിക്കുന്നതിന് സമയബന്ധിതമായ ഒരു പരാതി പരിഹാര സംവിധാനവും ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അഞ്ച് വ്യത്യസ്ത വകുപ്പുകളെ ഏകീകൃതമാക്കിയപ്പോൾ വിവിധ വകുപ്പുകളിലെ ജീവനക്കാർ നിർവഹിച്ചുവന്നിരുന്ന ഉത്തരവാദിത്വങ്ങളുടെയും ചുമതലകളുടെയും സമാനത, ശമ്പള സ്കെയിലിന്റെ സമാനത എന്നീ ഘടകങ്ങൾ പൂർണമായും പരിഗണിച്ചുകൊണ്ടാണ് വിവിധ വകുപ്പുകളിലെ നിലവിലുള്ള കേഡറുകൾ ഏകീകരിച്ചത്. തദ്ദേശസ്വയംഭരണ പൊതുസർവീസിലെ വിവിധ കേഡറുകൾ സംബന്ധിച്ച് തീരുമാനമെടുത്തതും തദ്ദേശ സ്വയംഭരണ പൊതുസർവീസ് ചട്ടങ്ങൾക്ക് രൂപം നൽകിയിട്ടുള്ളതും ആ വിധത്തിൽ തന്നെയാണ്. പ്രാദേശിക സർക്കാരുകളുടെ സേവനപ്രദാന പ്രവർത്തനങ്ങൾക്കനുസൃതമായി ജീവനക്കാരെ പുനഃക്രമീകരിക്കാനും വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ ജീവനക്കാരുടെ പ്രവൃത്തിഭാരം ലഘൂകരിക്കാനും കൃത്യനിർവഹണത്തിൽ കാര്യക്ഷമത വർധിപ്പിക്കാനുമാവും. നിലവിലുള്ള ജീവനക്കാരെ കൂടുതൽ ഫലപ്രദമായി വിന്യസിപ്പിച്ച് തദ്ദേശസ്ഥാപനങ്ങളുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും കാര്യക്ഷമമായി നിർവഹിക്കുന്നതിന് ആവശ്യമായ മനുഷ്യവിഭവശേഷി തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ആഭ്യന്തരമായി കണ്ടെത്തുന്നതിന് പൊതുസർവീസിലൂടെ സാധിക്കും.

> **ഫയലുകളിൽ തീരുമാനം കൈക്കൊള്ളുന്നതിന് ഉദ്യോഗസ്ഥതലത്തിലുള്ള തട്ടുകളുടെ എണ്ണം പരമാവധി കുറച്ചിട്ടുണ്ട്. അതിനാൽ വേഗത്തിൽ തീരുമാനങ്ങളുണ്ടാവും**

## വേഗത്തിൽ തീരുമാനങ്ങൾ

ജനങ്ങളുമായി ഏറ്റവും അടുത്തുനിൽക്കുന്ന പ്രാദേശിക സർക്കാരുകൾക്ക് മുന്നിൽ സേവനങ്ങൾക്ക് വേണ്ടി സമീപിക്കുമ്പോൾ ചുവപ്പുനാടകളും ബ്യൂറോക്രാറ്റിക് തട്ടുകളും ഒരിക്കലും തടസ്സമാവരുത്. കാത്തിരിക്കാതെ പ്രശ്നങ്ങൾ പരിഹരിക്കുന്ന സംവിധാനമാണ് ആവശ്യം. ഏകീകൃത വകുപ്പിൽ ഫയലുകളിൽ തീരുമാനം കൈക്കൊള്ളുന്നതിന് ഉദ്യോഗസ്ഥതലത്തിലുള്ള തട്ടുകളുടെ എണ്ണം പരമാവധി കുറച്ചിട്ടുണ്ട്. അതിനാൽ വേഗത്തിൽ തീരുമാനങ്ങളുണ്ടാവും. സർക്കാരിന്റെ നയപരമായ തീരുമാനമോ സ്പഷ്ടീകരണമോ പ്രത്യേക സാങ്കേതികാനുമതിയോ ആവശ്യമുള്ള ഫയലുകൾ ഒഴികെ ബാക്കിയെല്ലാറ്റിലും തീരുമാനമെടുക്കുന്നതിന് മൂന്ന് തട്ടിലുള്ള ഉദ്യോഗസ്ഥ സംവിധാനം മാത്രമേ ഇനി ഉണ്ടാവുകയുള്ളൂ. ഇത് ഫയൽ തീർപ്പാക്കുന്നതിൽ വലിയ രീതിയിലുള്ള മാറ്റമുണ്ടാക്കും. ജനങ്ങളുടെ കാത്തിരിപ്പിന് വിരാമമാവും.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് ജില്ലാ-ബ്ലോക്ക്-ഗ്രാമപഞ്ചായത്തുകൾക്കിടയിലും മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും തമ്മിലും യോജിച്ചുള്ള പ്രവർത്തനം ആവശ്യമാണ്. ഏകീകൃത വകുപ്പ് നിലവിൽ വരുന്നതോടെ ഇത് നടപ്പിലാവും. വിവിധ തട്ടുകളിൽ നടക്കുന്ന പ്രാദേശിക ആസൂത്രണ പ്രവർത്തനങ്ങളുടെ ഏകോപനവും ഉണ്ടാവും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം ആസൂത്രണ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുന്നതിന് അനിവാര്യമാണ്. ഓരോ ജില്ലയുടെയും മൊത്തത്തിലുള്ള ആസൂത്രണത്തിനും ഇത് സഹായകമാവും. പ്രാദേശിക ഭരണ നിർവഹണത്തിലും വികസന ഭരണത്തിലും സർക്കാരിന്റെ പൊതുകാഴ്ചപ്പാടനുസരിച്ച് മാറ്റങ്ങളുണ്ടാക്കാൻ പൊതുസർവീസ് രൂപീകരണത്തിലൂടെ കഴിയും. അതുവഴി ആസൂത്രണ പ്രക്രിയ മാത്രമല്ല, വിവിധ സേവന പ്രദാന പ്രവർത്തനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹിക്കേണ്ട നിയമപരവും അനിവാര്യവുമായ ഉത്തരവാദിത്തങ്ങളും ഏകീകൃത സ്വഭാവത്തോടെയും

നിശ്ചിത നിലവാരം ഉറപ്പുവരുത്തിയും നടപ്പിൽവരുത്താനാവും. തദ്ദേശസ്വയംഭരണ പൊതുഭരണ സംവിധാനം ഏകോപിതമായി പ്രവർത്തിക്കുന്നതോടെ വിവിധ കേന്ദ്രാവിഷ്കൃത-സംസ്ഥാനാവിഷ്കൃത പദ്ധതികൾ ഫലപ്രദമാക്കിയും പ്രാദേശിക പദ്ധതികളുമായി സംയോജിപ്പിച്ച് സമഗ്ര വികസന പദ്ധതികളാക്കി മാറ്റിയും വികസന നേട്ടമുണ്ടാക്കാൻ വഴിയൊരുക്കും.

ഏകീകൃത വകുപ്പിന്റെ ഭാഗമായി സംസ്ഥാന തലത്തിൽ പൊതുവായ ഒരു വകുപ്പ് അധ്യക്ഷനും ജില്ലാതലത്തിൽ ഒരു മേധാവിയും നിലവിൽ വരുന്നതോടെ ജില്ലാ ആസൂത്രണ സമിതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകുമെന്നതിൽ സംശയമില്ല. ജില്ലാ പദ്ധതിയും സംസ്ഥാന പദ്ധതിയും തമ്മിലുള്ള പരസ്പര പൂരകത്വം ഉറപ്പാക്കാനുമാവും. വകുപ്പിന്റെ ഭാഗമായ സാങ്കേതിക വിഭാഗം ജീവനക്കാരായ എൻജിനിയറിങ്, നഗര-ഗ്രാമാസൂത്രണം, പൊതുജനാരോഗ്യം എന്നീ മേഖലകളിലെ ഉദ്യോഗസ്ഥരുടെ സേവനം വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ജില്ലാ ആസൂത്രണ സമിതികൾക്കും മെച്ചപ്പെട്ട നിലയിൽ ലഭ്യമാവുന്ന നിലയുമുണ്ടാവും.

> **സമഗ്രമായ വികസനക്കുതിപ്പിന് കരുത്തേകാൻ ഉതകുന്നതും ജനകീയവും സേവനപ്രദാനവുമായ സർവീസ് ഉറപ്പുവരുത്തുന്ന തുമായ ചരിത്രപരമായ കാൽവെപ്പാണ് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ രൂപീകരണം**

ഇത്തരം സാങ്കേതിക വിഭാഗം ജീവനക്കാരുടെ ജനാധിപത്യ പരമായ കടപ്പാടും ഉത്തരവാദിത്വവും തിരഞ്ഞെടുക്കപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കൗൺസിലുകൾക്ക് ഉറപ്പാക്കാനുമാവും. ഇതിന്റെയൊക്കെ ഗുണഫലം ലഭിക്കുന്നത് നാട്ടിലെ ജനങ്ങൾക്കാവുമ്പോൾ ഇടതുപക്ഷ ബദലിന്റെ പ്രസക്തി വർധിക്കുന്നു.

കേരളത്തിന്റെ സമഗ്രമായ വികസനക്കുതിപ്പിന് കരുത്തേകാൻ ഉതകുന്നതും ജനകീയവും സേവന പ്രദാനവുമായ സർവീസ് ഉറപ്പുവരുത്തുന്നതുമായ ചരിത്രപരമായ കാൽവെപ്പാണ് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ രൂപീകരണം. നവകേരളം സാധിതമാകുന്നത് ഇങ്ങനെയൊക്കെയാണ്. ■



# ചരിത്രമുദ്രകൾ പതിഞ്ഞ സുന്ദരതീരം

**ചരിത്രനഗരമായ കോഴിക്കോട്ടേക്കെത്തുന്ന ഏതൊരാളുടെയും സന്ദർശനം പൂർണമാവണമെങ്കിൽ രാജ്യത്തിന്റെ ഭൂപടം കീഴ്മേൽ മറിച്ച ഗാമയുടെ പാദം പതിഞ്ഞ കാപ്പാട് സന്ദർശിക്കണം**





**മനു റഹ്മാൻ**
മാധ്യമപ്രവർത്തകൻ

കാപ്പാടിന് ഒരുപാട് ഓർമ്മകളുണ്ട് അയവിറക്കാൻ. സാമൂതിരിയുടെ ഭരണത്തിൽ കുഞ്ഞാലിമരക്കാർമാർ കടൽ കാത്തിരുന്ന ഒരു കാലത്തിന്റെ ഒരുപാട് ഓർമ്മകൾ പങ്കുവെയ്ക്കുവാനുണ്ടാകും കാപ്പാട്ടെ തൂവപ്പാറയെന്ന കടലിലേക്കു ഇറങ്ങിനിൽക്കുന്ന പാറക്കൂട്ടത്തിനും ഇവിടുത്തെ ഓരോ തരി മണലിനും. മലബാറിലെ കടൽത്തീരങ്ങളിൽ അത്തരമൊരു കൂറ്റൻപാറ കണ്ടെത്താനാവില്ല. കോഴിക്കോട് നഗരത്തിൽനിന്നു 18 കിലോമീറ്റർ വടക്കാണ് കാപ്പാട് കടൽത്തീരം. വാസ്ഗോഡ ഗാമ 1498ൽ കപ്പലിറങ്ങിയത് ഈ തീരത്താണെന്നാണ് അനുമാനിക്കപ്പെടുന്നത്.

മൂന്നു പതിറ്റാണ്ടു മുൻപ് ദേശീയപാതയിൽ കോഴിക്കോടിനും കൊയിലാണ്ടിക്കും ഇടയിലെ തിരുവങ്ങൂരിൽ (കോഴിക്കോട്ടുനിന്നു 16 കിലോമീറ്റർ ദൂരെ) നിന്നു കാപ്പാട്ടേക്കു നീണ്ടുകിടന്നത്. ടാർചെയ്ത നേർത്ത ഒരു റോഡായിരുന്നു രണ്ടു കിലോമീറ്ററോളം റോഡ് ആദ്യം കിഴക്കു പടിഞ്ഞാറായും പിന്നീട് കടൽക്കരയിലൂടെ തെക്കുവടക്കായും നീണ്ടുപോകുന്നു. ആ റോഡ് അന്ന് കാപ്പാട് തീരത്തിന്റെ അന്നത്തെ അതിരായ തൂവപ്പാറയുടെ താഴ്ഭാഗത്ത് അവസാനിക്കുമായിരുന്നു.



## ആരേയും മോഹിപ്പിക്കുന്ന സ്വർണ മണൽ

അക്കാലത്തെ കാപ്പാട്ടേക്കു ആകർഷിച്ചത് ചുമപ്പുരാശി പടർന്ന അൽപം കട്ടികൂടിയ സ്വർണത്തരിയെന്നു അക്ഷരാർഥത്തിൽ ധരിച്ചുപോകുന്ന അവിടുത്തെ മനോഹരമായ പൂഴിയായിരുന്നു. തൂവക്കുന്നിലിരുന്ന് അങ്ങു ദൂരെ ചക്രവാളത്തിന് ചുവട്ടിൽ എവിടേയോ ഉണ്ടെന്നു കരുതുന്ന എം. മുകുന്ദന്റെ മയ്യഴിപ്പുഴയുടെ തീരങ്ങളിലെ വെള്ളിയാങ്കല്ലിനെക്കുറിച്ച് നിറം പിടിപ്പിച്ച കഥകൾ മെനഞ്ഞു മനോരാജ്യം പൂണ്ടിരിക്കുന്നതിന്റെ ഒരു സുഖം അതു അനുഭവിച്ചു തന്നെ അറിയണം.

ഇന്ന് കാപ്പാട് ആകെ മാറിയിരിക്കുന്നു. മയ്യഴിപ്പുഴയുടെ തീരത്ത് ദേശീയപാതയോടു തൊട്ടുകിടക്കുന്ന പുഴക്കരയിലെ ഉദ്യാനത്തിന്റെ മാതൃകയിലാണ് കാപ്പാട്ടും ഇന്ന് കാണുന്ന നീളമുള്ള ഉദ്യാനവും മനോഹരമായി സംവിധാനം ചെയ്തിരിക്കുന്നത്. റോഡിന് മുൻപുള്ളതിനെ അപേക്ഷിച്ച് കുറേക്കൂടി വീതി ഉണ്ടായിരിക്കുന്നു. നൂറുകണക്കിന് സന്ദർശകരാണ് ഇവിടേക്കു ദിവസവും ഒഴുകിയെത്തുന്നത്. റിസോർട്ടുകളും റെസ്റ്റോറന്റുകളും മറ്റുമായി കാപ്പാട് പുരോഗതിയുടെ പാതയിലാണ്. തൂവപ്പാറയിൽനിന്നു ഇപ്പോൾ കൊയിലാണ്ടിവരെ കടൽക്കരപറ്റി റോഡുണ്ട്. ഈ റോഡിലൂടെയുള്ള യാത്രയും ഏറെ ആനന്ദകരമാണ്.

കോഴിക്കോട് കണ്ണൂർ റൂട്ടിൽ 24 കിലോമീറ്റർ മാറിയുള്ള കൊയിലാണ്ടി റെയിൽവേ സ്റ്റേഷനാണ് ഏറ്റവും അടുത്തുള്ളത്. കാപ്പാട്ടുനിന്നു 10 കിലോമീറ്റോളമാണ് റെയിൽവേ സ്റ്റേഷനിലേക്കുള്ള ദൂരം. ദേശീയപാതയിലൂടെ സഞ്ചരിച്ച് തിരുവങ്ങൂരെത്തിയാണ് റോഡ് വഴി കാപ്പാട്ടേക്കുള്ള പാത. ദേശീയ പാതയിൽ നിന്നു അൽപം പടിഞ്ഞാറുമാറിയുള്ള റെയിൽവേ ട്രാക്കും ഗേറ്റും കടന്നുവേണം കാപ്പാട് ബീച്ചിലേക്കു ചെന്നെത്താൻ.

## ബ്ലൂ ഫ്ളാഗ് ബീച്ച്

സുരക്ഷ, ജനകീയത, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ നിരവധി കാര്യങ്ങൾ പരിശോധിച്ചാണ് ഒരു കടൽത്തീരത്തിന് രാജ്യാന്തര പ്രശസ്തമായ ബ്ലൂ ഫ്ളാഗ് സർട്ടിഫിക്കേഷൻ നൽകുന്നത്. ഇന്ത്യയിൽ 10 ബീച്ചുകൾ മാത്രമേ ഈ പദവിക്ക് അർഹത നേടിയിട്ടുള്ളൂവെന്ന് അറിയുമ്പോഴാണ് ശാന്തസുന്ദരമായ ഈ മനോഹരതീരത്തിന്റെ പ്രാധാന്യം ബോധ്യപ്പെടൂ. കേരളത്തിൽ നിന്നു കാപ്പാട് മാത്രമാണ് ഈ പട്ടികയിലുള്ളത്. തമിഴ്നാട്ടിലെ കോവാലം, ഒഡിഷയിലെ പുരിയിലുള്ള ഗോൾഡൻ ബീച്ച്, അന്തമാനിലെ രാധാ നഗർ തുടങ്ങിയവയാണ് ഈ പട്ടികയിൽ വരുന്നത്. രാജ്യാന്തര തലത്തിൽ പ്രവർത്തിക്കുന്ന ഫൗണ്ടേഷൻ ഫോർ എൻവയൺമെന്റൽ എജ്യൂക്കേഷനാണ് ബ്ലൂ ഫ്ളാഗ് സമ്മാനിക്കുന്നത്.


വാസ്കോഡ ഗാമ ഉൾപ്പെട്ട 170 അംഗ സംഘം കേരളതീരം തൊട്ടതിൽപ്പിന്നെയാണ് നമ്മുടെ ചരിത്രം മാറിമറിഞ്ഞതെന്ന് വിദേശാധിപത്യത്തിന്റെ നൂറ്റാണ്ടിലേക്കു ഇന്ത്യയെ കൊണ്ടുപോയത് ഈ കാലടിപ്പാടുകളിലൂടെയായിരുന്നുവെന്ന്, ഇവിടേക്കുള്ള യാത്രയിൽ ഏതൊരു ഇന്ത്യക്കാരനും ഓർക്കേണ്ടതാണ്. ■

# യുഗപ്രഭാവൻ തീർത്ത മഹാപ്രപഞ്ചങ്ങൾ

## സി. വി. രാമൻ പിള്ളയുടെ ചരമശതാബ്ദി വർഷമാണ് 2022



**ജേക്കബ് ഏബ്രഹാം**
കഥാകൃത്ത്, നോവലിസ്റ്റ്



പത്താം ക്ലാസിൽ പഠിക്കുമ്പോഴാണ് സി.വി.രാമൻ പിള്ള എന്ന നോവലിസ്റ്റിന്റെ പേര് പരിചയപ്പെടുന്നത്. സാധാരണ മലയാള പാഠപുസ്തകം കയ്യിൽ കിട്ടിയാൽ കഥകളും കവിതകളും വായിച്ചാസ്വദിക്കുന്ന ശീലത്തിന് കിട്ടിയ ഒരു കനത്ത പ്രഹരമായിരുന്നു ഈ പാഠപുസ്തകം. കടുകട്ടിയായ ഭാഷ, അപരിചിതമായ പ്രമേയപരിസരം, ഒപ്പം വിടർന്ന് പിരിച്ച മീശയുമായി തെല്ലൊരു ഭയം തോന്നുന്ന എഴുത്തുകാരന്റെ ചിത്രവും. ലളിതമായ കഥയല്ലിതെന്ന് മനസ്സ് പറഞ്ഞു. ക്ലാസ്സ് തുടങ്ങുന്നതിനു മുമ്പുള്ള വായന ഞാൻ നിർത്തി.  ഉപപാഠപുസ്തകം ക്ലാസ്സിൽ ഞങ്ങളെ പഠിപ്പിച്ച മലയാളം സാറും വെട്ടി വിയർത്തു.

അടിവരയിട്ട് പഠിച്ച് കാണാപ്പാഠം എഴുതി എസ്. എസ്.എൽ.സി കടന്ന് പ്രീഡിഗ്രി പ്രായമെത്തിയപ്പോഴാണ് കോളേജ് ലൈബ്രറിയിൽ നിന്നും മാർത്താണ്ഡവർമ്മയുടെ സംഗ്രഹീത പുനരാഖ്യാനം വായിക്കുന്നത്. മെല്ലെ മെല്ലെ ഒരു വലിയ ലോകം തിരുവിതാംകൂറിന്റെ മണ്ണിൽ നിന്നും പൊടിച്ചു വന്നു. മുഴങ്ങുന്ന വാക്കുകൾക്ക് ജീവൻ വെച്ചു.

പടയോട്ടങ്ങൾ, കുതിരക്കുളമ്പടികൾ , മഹാരാജാക്കന്മാർ, രാജസേവകർ, ചതിയന്മാർ, ഉപജാപകവൃന്ദങ്ങൾ, അമ്പലം, കൊട്ടാരം, കുതിരാലയങ്ങൾ,  രാജപാതകൾ, വഴിവാണിഭങ്ങൾ, ചന്തകൾ, തെരുവുകൾ, കല്ലും മുള്ളും നിറഞ്ഞ മരുപ്രദേശങ്ങൾ, എല്ലാം കൺമുന്നിൽ നിറഞ്ഞു. അപരിചിതമായ ഒരു നാടിന്റെ സ്പന്ദനങ്ങൾ നൂറ്റാണ്ടുകളുടെ ചരിത്രമോടിയ മണ്ണിൽ നിന്നും പുറത്തേക്ക് ഒഴുകി. വായനയിൽ ഇതുവരെയില്ലാത്ത

ഒരു അനുഭവം.

തിരുവനന്തപുരത്ത് പത്രപ്രവർത്തന പഠനകാലത്താണ് തലസ്ഥാന നഗരിയിലെ ഓരോ സ്ഥലങ്ങളെയും ആ മഹാനായ എഴുത്തുകാരൻ നടന്നു പോയ വഴിയായി സങ്കൽപ്പിച്ച് തുടങ്ങിയത്. കിഴക്കേകോട്ടയിലൂടെ നടക്കുമ്പോൾ ഒഴക്കരിക്ക് വക നേടിക്കൊണ്ടുവരാമെന്ന് ശപഥം ചെയ്ത് വീടുവിട്ടിറങ്ങുന്ന ബാലനായ കേശവപിള്ള ഈ വഴിയിലൂടെ നടന്നു പോയിരുന്നതായി സങ്കൽപിച്ചു. ശ്രീപത്മനാഭ ക്ഷേത്രത്തിന്റെ പരിസരങ്ങളിലൂടെ നടക്കുമ്പോൾ ഹരിപഞ്ചാനന്മാരെ ഓർത്തു.

പത്മനാഭപുരം കൊട്ടാരത്തിലേക്ക് യാത്ര ചെയ്യുമ്പോൾ വേളിമല കാണുമ്പോൾ മറവപ്പട തമ്പടിച്ചിരുന്ന ഇടമായി തോന്നി. കഴക്കൂട്ടം വഴി പോകുമ്പോൾ ചന്ത്രക്കാറനെ ഓർത്തു. വഴുതക്കാട് വഴി തിരിയവെ ഒരു നൂറ്റാണ്ട് മുമ്പ് തന്റെ ചരിത്ര കഥാപാത്രങ്ങളെ വെറും മണ്ണിൽ നിന്ന് കരുത്തുറ്റ ശില്പങ്ങളായി സി.വി പണിതീർത്ത റോസ്കോട്ട് ഭവനം കണ്ടു.

ഇങ്ങനെ ഈ നഗരത്തിന്റെ ഓരോ മുക്കിലും മൂലയിലും സാഹിത്യ പ്രേമികൾക്ക് സി.വി.യുടെ കഥാപാത്രങ്ങളിലൂടെയും നോവൽ പരിസരങ്ങളിലൂടെയും സങ്കല്പിച്ചെടുക്കാം.

## ഉൾക്കരുത്തുള്ള സ്ത്രീകഥാപാത്രങ്ങൾ

യുഗപ്രഭാവന്മാരായ പുരുഷ കഥാപാത്രങ്ങളെപ്പോലെ ഉൾക്കരുത്തിനാൽ ഒളിമിന്നുന്ന സ്ത്രീ കഥാപാത്രങ്ങളെയും സി.വി. സൃഷടിച്ചു. സ്ത്രീ മുന്നേറ്റത്തിന്റെ ചിന്ത ഒരു നൂറ്റാണ്ട് മുമ്പ് സി.വി മനസ്സിൽ കണ്ടു. ത്രിപുരസുന്ദരിക്കുഞ്ഞമ്മ ഉമ്മിണിപ്പിള്ളയോട് പറയുന്ന ഈ ധീരത നോക്കു

'ഫ്. എന്തു പറഞ്ഞു നീ? ആരെന്നു വിചാരിച്ചു പറഞ്ഞു? വാടാക്കരൾ എന്ന കുലമെന്ന് നീ കേട്ടിട്ടില്ലേ? അക്കുലം പെറ്റ മങ്കമാരോ തെണ്ടിപ്പരിഷകള് ? ഞങ്ങളെ പഠിപ്പിക്കാൻ ആശായ്മ ഉള്ളവനെ ഒന്നു കാണട്ടെ. തൊറകേറ്റും കഴുകേറ്റും കൊണ്ട് ഇക്കുലത്തിന് എന്തു കുറവന്നെടാ? മഹിമ പെറ്റ മാറാപ്പേര് കുലത്തിനും കൂട്ടത്തിനും ചേർത്തു. അല്ലാതെന്തടാ?'

എത്ര ധീരയായ കഥാപാത്രമാണിത്. മാർത്താണ്ഡവർമ്മയിലെ പ്രണയിനി പാറുക്കുട്ടിയും സുഭദ്രയും കാലത്തെ അതിശയിക്കുന്നു. രാമരാജാ ബഹദൂറിലെ മീനാക്ഷിയമ്മ, സാവിത്രി അങ്ങനെ എത്രയെത്ര കഥാപാത്രങ്ങൾ സി.വി. സൃഷ്ടിച്ചു

ചരിത്രത്തോട് അങ്ങേയറ്റം നീതി പുലർത്തിയ സി.വി. യുടെ കൃതികൾ രാഷ്ട്രീയ വായനയുടെ കണ്ണാടിയിലും മികച്ചതാണ്. നീതി, നിയമം, രാജ്യാധികാരം, പ്രജാക്ഷേമം തുടങ്ങിയ നിരവധി വിഷയങ്ങളിൽ ഈ കൃതികൾ ആഴത്തിൽ സഞ്ചരിക്കുന്നു. രാജ്യാധികാരത്തെ നിയന്ത്രിക്കുന്ന മതാധികാരത്തെക്കുറിച്ച് ഒരു നൂറ്റാണ്ട് മുമ്പ് സി.വി. എഴുതി. ബ്രിട്ടീഷ് കൊളോണിയലിസത്തെ എതിർക്കാൻ കഥാപാത്രങ്ങളെ സൃഷ്ടിച്ചു. രാജഭക്തിക്കുപരി നീതിയുടെ ദേശീയ ബോധമാണ് സി.വി സ്ഫുരിപ്പിച്ചത്.

മാർത്താണ്ഡവർമ്മയിലെ പ്രണയിനി പാറുക്കുട്ടിയും സുഭദ്രയും കാലത്തെ അതിശയിക്കുന്നു. രാമരാജാ ബഹദൂറിലെ മീനാക്ഷിയമ്മ, സാവിത്രി അങ്ങനെ എത്രയെത്ര കഥാപാത്രങ്ങൾ സി.വി. സൃഷ്ടിച്ചു. ചരിത്രത്തോട് അങ്ങേയറ്റം നീതി പുലർത്തിയ സി.വി. യുടെ കൃതികൾ രാഷ്ട്രീയ വായനയുടെ കണ്ണാടിയിലും മികച്ചതാണ്

## ദാർശനികത

അന്തർവാഹിയായ ഒരു ദാർശനികത സിവിയുടെ എല്ലാ കൃതികളിലുമുണ്ട്. മലയാള നോവൽ വായന നിലനിൽക്കുന്ന കാലത്തോളം മറക്കാൻ കഴിയാത്ത ചന്ത്രക്കാറൻ, ത്രിപുരസുന്ദരി, ഹരിപഞ്ചാനൻ , ചാന്നാൻ അങ്ങനെ തിരുവിതാംകൂറിന്റെ പശിമയുള്ള മണ്ണിൽ വടവൃക്ഷങ്ങൾ പോലെ പടർന്നു പന്തലിച്ച ഒരു നൂറ്റാണ്ടിനെ ജയിച്ചു നിൽക്കുന്ന എത്രയോ കഥാപാത്രങ്ങൾ നമ്മെ വേട്ടയാടും. സി.വി.രാമൻ പിള്ളയുടെ സാഹിത്യ സംഭാവനകൾ എത്രമാത്രം മഹത്തരമെന്ന് ഒരു നൂറ്റാണ്ട് പിന്നിട്ടാലും ഒളിമങ്ങാത്ത ആ സാഹിത്യ പ്രപഞ്ചത്തിലേക്ക് കണ്ണോടിക്കുന്ന പുതുതലമുറയ്ക്ക് പോലും വ്യക്തമാകും. ■



# മാധ്യമലോകത്തിന് ആദരം

## സ്വദേശാഭിമാനി കേസരി, സംസ്ഥാന മാധ്യമപുരസ്കാരങ്ങൾ സമർപ്പിച്ചു



കേരള സർവകലാശാല സെനറ്റ് ഹാളിൽ മാർച്ച് 17ന് നടന്ന ചടങ്ങിൽ സംസ്ഥാന സർക്കാരിന്റെ 2018ലെ സ്വദേശാഭിമാനി കേസരി പുരസ്കാരം അന്തരിച്ച കേരള കൗമുദി പത്രാധിപർ എം.എസ്. മണിക്കു വേണ്ടി അദ്ദേഹത്തിന്റെ പത്നി ഡോ. കസ്തൂരി ഭായിയും മകൻ സുകുമാരൻ മണിയും 2019ലെ പുരസ്കാരം അന്തരിച്ച കാർട്ടൂണിസ്റ്റ് യേശുദാസനുവേണ്ടി അദ്ദേഹത്തിന്റെ മകൻ സുകു ദാസും മുഖ്യമന്ത്രിയിൽ നിന്ന് ഏറ്റുവാങ്ങി.

2018, 2019 വർഷങ്ങളിലെ സംസ്ഥാന മാധ്യമ പുരസ്കാരങ്ങളും 2019ലെ സംസ്ഥാന ഫോട്ടോഗ്രഫി പുരസ്കാരങ്ങളും മുഖ്യമന്ത്രി പിണറായി വിജയൻ വിതരണം ചെയ്തു. ■





ദേശീയപാത
വികസനം
പൂർണ്ണതയിലേക്ക്
സ്ഥലം ഏറ്റെടുക്കൽ
92% പൂർത്തിയായി
| PINARAYI VIJAYAN
നഷ്ടപരിഹാരമായി സംസ്ഥാന
സർക്കാർ നൽകിയത്
5,311 കോടി രൂപ

Date of Publication: 01.03.2022
RNI No.2014/58028 Price: 12.00



# ഉറപ്പോടെ ഉണർവോടെ കേരളം 1

സംസ്ഥാന സർക്കാർ ഒന്നാം വാർഷികം

## 100 ദിന പരിപാടി

**2022 ഫെബ്രുവരി 10 മുതൽ മെയ് 20 വരെ**

- 17,183.89 കോടി രൂപ
- 1557 പദ്ധതികൾ
- 4,64,714 തൊഴിലവസരങ്ങൾ

**എന്റെ കേരളം എന്റെ അഭിമാനം**

14,000 കുടുംബങ്ങൾക്ക് കെ ഫോൺ കണക്ഷൻ | ലൈഫ് മിഷനിൽ 20,000 വീടുകൾ, മൂന്ന് ഭവന സമുച്ചയങ്ങൾ | പുനർഗേഹം വഴി 532 വീടുകൾ | കേരളമാകെ വാതിൽപ്പടി സേവനം | 15,000 പട്ടയം | എല്ലാ ജില്ലയിലും സുഭിക്ഷ ഹോട്ടൽ | 150 വിദ്യാർത്ഥികൾക്ക് നവകേരള ഫെലോഷിപ്പ് | 1500 ഗ്രാമീണ റോഡുകൾ | മാങ്കുളം ജലവൈദ്യുത പദ്ധതി | ചേർത്തല മെഗാ ഫുഡ് പാർക്ക് | 15 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, 150 വെൽനസ് സെന്ററുകൾ...

prd DGTL

Printed and Published by S.Harikishore IAS, Director, Information Public Relations Department
on behalf of Government of Kerala and Printed at St.joseph's press, Thiruvananthapuram, Kerala.
Published from Information Public Relations Department, Govt.of.Kerala, Government Secretariat, Thiruvananthapuram-695001.
Editor: S.Harikishore IAS